# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24
Anl. sub. Rs. 120

Vol. 13/ Issue 08
August 2022



GOLDEN JUBILEE YEAR
DIOCESE OF MANANTHAVADY


പരിശുദ്ധ അമ്മയുടെ
സ്വർഗ്ഗാരോപണതിരുനാളിന്റേയും
സ്വാതന്ത്ര്യദിനത്തിന്റേയും
മംഗളങ്ങൾ

# മാനന്തവാടി രൂപതാ ബുള്ളറ്റിന്‍

**"ദൈവത്തോട് ചേര്‍ന്നു നില്‍ക്കുവിന്‍;**
**അവിടുന്ന് നിങ്ങളോടും**
**ചേര്‍ന്നു നില്‍ക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop's House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph's Offset Press, Mananthavady 670645**

**വാല്യം 13** **ആഗസ്റ്റ് 2022** **ലക്കം 8**

| ഒറ്റപ്രതി 10 രൂപ | വാര്‍ഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


| | |
|---|---|
| തടവറ പ്രേഷിത ഞായർ...................................................... | 5 |
| ജസ്റ്റീസ് സൺഡേ.................................................................. | 10 |
| പൗരോഹിത്യ ആധ്യാത്മികത<br>-മിശിഹായിലുള്ള ജീവിതം................ | 16 |
| രൂപതാ കച്ചേരി വാർത്തകൾ................................................... | 23 |
| മാസധ്യാനം........................................................................ | 32 |
| മതബോധനരംഗം .................................................................. | 34 |
| ചെറുപുഷ്പ മിഷൻലീഗ്......................................................... | 36 |
| Department of Youth Ministry ......................................... | 46 |
| കെ.സി.വൈ.എം.................................................................... | 48 |
| കുടുംബപ്രേഷിതത്വം............................................................. | 58 |
| സീയോൻ വാർത്ത.................................................................. | 69 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി.................................... | 71 |
| സാമൂഹ്യ സേവനരംഗം (WSSS)........................................... | 72 |
| ബയോവിൻ അഗ്രോ റിസർച്ച്................................................ | 78 |
| റേഡിയോ മാറ്റൊലി ............................................................... | 81 |
| നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി............................... | 84 |
| Mary Matha Arts & Science College............................... | 88 |
| കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി .................................. | 90 |
| ബിഷപ്സ് പ്രോഗ്രാം .............................................................. | 98 |

Ref: 3736/K-5/KCBC/OL/DS
21.07.2022

## തടവറ പ്രേഷിത ഞായർ, ആഗസ്റ്റ് 14, 2022
## സമഗ്ര മാനുഷിക വികാസവും തടവുകാരുടെ അജപാലനവും

2021 ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിച്ച ലോക തടവറ ജനസംഖ്യ (World Prison Population List) കണക്കുപ്രകാരം ലോക മാസകലം 11.5 ദശലക്ഷം തടവുകാരാണുള്ളത്. ഭാരതത്തിൽ ത്തന്നെ നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്ക നുസരിച്ച് 1306 വ്യത്യസ്ത ജയിലുകളിലായി 4,88,511 തടവുകാ രാണുള്ളത്. ഇതിൽ 413 പേർ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരി ക്കുന്നവരാണ്. തടവുകാരിൽ 20,046 പേർ സ്ത്രീകളാണ്; 1427 കുട്ടികൾ അവരുടെ അമ്മമാരോടൊപ്പം താമസിക്കുന്നു. നമ്മുടെ പ്രിയപ്പെട്ടവർ ആരെങ്കിലും അഴിക്കുള്ളിൽ ആയിപ്പോയാൽ നമ്മൾ എന്തു ചെയ്യും? അതിന്റെ ആഘാതം നമ്മിൽ എത്രയോ വലുതായി രിക്കും. നമ്മുടെ ഭവനങ്ങളിൽ സ്വസ്ഥമായിരുന്നു പ്രാർത്ഥിക്കുക മാത്രമായിരിക്കുമോ നാം ചെയ്യുക? അവരുടെ മോചനത്തിനായി ചെയ്യാവുന്നതൊക്കെ ചെയ്യുവാൻ നമ്മൾ ശ്രമിക്കാതിരിക്കുമോ? നാം തടവറ പ്രേഷിത ഞായർ ആചരിക്കുമ്പോൾ ഈ തടവറ മക്കളെ യെല്ലാം നമുക്ക് ഓർക്കാം. അവർക്കുവേണ്ടി പ്രത്യേകം പ്രാർഥിക്കാം. അവരെ അന്വേഷിക്കാനും ശുശ്രൂഷിക്കാനും മോചിപ്പിക്കാനുമായി നമുക്കു നമ്മെത്തന്നെ സമർപ്പിക്കാം.

നമ്മുടെ ചില സഹോദരങ്ങളുടെ ഹൃദയം പ്രതികാരബുദ്ധിയും വെറുപ്പുംകൊണ്ടു നിറഞ്ഞിരിക്കുകയാണ്. അവരുടെ നിരാശാജന കമായ സാഹചര്യത്തിൽ അവരെ നയിക്കാൻ ആരെങ്കിലും ഉണ്ടാ കണം. ഇസ്രായേൽക്കാരെ നയിക്കാനും നിയന്ത്രിക്കാനും മോശ ഭരമേല്പിക്കപ്പെട്ടിരുന്നതുപോലെ ദൈവിക കരുണയുടേയും കൃപയുടെയും പാതയിൽ ഇവരെ അനുധാവനം ചെയ്യാനായി നാമും ക്ഷണിക്കപ്പെട്ടിരിക്കുന്നു.

വിശുദ്ധ കൊച്ചുത്രേസ്യാ, മൂന്നുപേരെ വധിച്ചിരുന്ന ഫ്രാൻസീനി എന്ന കൊലയാളിയെ ''എന്റെ ആദ്യ പുത്രൻ'' എന്നാണ് വിളിച്ചത്;

അഴികൾക്കു പിറകിലുള്ള തകർന്നവർ ദൈവം നമുക്കു ദാനമായി നല്കിയ ദൈവത്തിന്റെ പ്രിയ മക്കളാണ്. യേശു ഇപ്രകാരം പറഞ്ഞു: ''കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്, ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടന്ന് എന്നെ അഭിഷേചിച്ചിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു'' (ലൂക്കാ 4: 18–19). ദൈവത്തിന്റെ പ്രിയപ്പെട്ട ഏകപുത്രൻ തടവറയിലാക്കപ്പെട്ടു; അവൻ പീഡിപ്പിക്കപ്പെട്ടു; അവൻ കുരിശിൽ തറയ്ക്കപ്പെട്ടു. അവന്റെ വേദനയും തകർച്ചയും ദൈവത്തിന്റെ സ്നേഹവും കരുണയും പ്രകാശിതമാക്കുകയും നമുക്കു രക്ഷപ്രദാനം ചെയ്യുകയും ചെയ്തു. തടവറവാതിലുകളിലൂടെ നാം കുനിഞ്ഞിറങ്ങുമ്പോൾ തടവറയിലായിരിക്കുന്നവരുടെ തകർച്ചയിലേക്കും, അവരുടെ മുറിവേറ്റ ഭാവത്തിലേക്കു നമ്മൾ തുറവി ഉള്ളവരായി മാറുന്നു. അവിടെ നമ്മൾ നമ്മുടെ സജീവ ദൈവത്തെയാണ് കണ്ടുമുട്ടുന്നത്.

നഷ്ടപ്പെട്ടവരും തിരസ്കരിക്കപ്പെട്ടവരുമായവർ ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളാണ്; അവിടന്നു അവരെ തന്നോട് ചേർത്തുനിർത്തുന്നു. സമൂഹം നിരാകരിച്ച കുഷ്ഠരോഗികളും ചുങ്കക്കാരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയും തന്റെ ചാരെ കുരിശിൽ തറയ്ക്കപ്പെട്ട കള്ളനും ഇതിൽപ്പെടുന്നു. തടവറയിൽ കഴിയുന്നവരെ വിജയകരമായി സാധാരണ ജീവിതത്തിലേക്കു പുനഃപ്രവേശിപ്പിക്കാൻ അവർക്കുവേണ്ടി വ്യത്യസ്തങ്ങളായ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. സാമൂഹ്യമായ തിരസ്ക്കരണമാണ് വീണ്ടും പഴയ തെറ്റിലേക്ക് വഴുതിവീഴാൻ പലപ്പോഴും കാരണമായി ഭവിക്കുന്നത്.

**ഭാരതത്തിലെ തടവറ ശുശ്രൂഷയും, പുനരധിവാസകേന്ദ്രങ്ങളും**

അപൂർണമായ ഗതകാലചരിത്രം ഉണ്ടായിരുന്നവരെ യേശു ഒരിക്കലും നിരാകരിച്ചില്ല. തന്റെ അനന്ത കരുണ അവർക്ക് പ്രത്യാശാഭരിതമായ ഒരു ഭാവി നല്കുമെന്ന് യേശുവിന് അറിയാമായിരുന്നു. ഒരുവന് അത് കരഗതമാകുന്നത് സ്നേഹത്തിലൂടെയും അനുകമ്പയിലൂടെയും കരുണയിലൂടെയുമാണ്. അപ്രകാരം നാമും ചെയ്യണമെന്ന് അവിടന്നു നമ്മോട് ആഹ്വാനം ചെയ്യുന്നു. ഇന്ത്യയിലെ തടവറ ശുശ്രൂഷയിലെ (Prison Ministry, India-[PMI) വോളണ്ടിയർമാർ അത് നിവർത്തി

യാക്കുന്നത് തങ്ങളുടെ സമയവും ശക്തിയും ജീവിതവും കുറ്റവാളികൾ എന്നു സമൂഹം മുദ്രചാർത്തിയവർക്കു നല്ലൊരു നാളെ പ്രദാനം ചെയ്യാനായി സ്വയം സമർപ്പിച്ചുകൊണ്ടാണ്.

വിധികല്പ്പിക്കാനായി നിയമം അവരുടെ ഭൂതകാലത്തെ വിലയിരുത്തുമ്പോൾ നമ്മൾ അവരുടെ ഭാവി കാലത്തെ കരുണാപൂർവം നോക്കിക്കാണുന്നു. നിയമം വഴിതെറ്റിപ്പോയവർക്കെതിരെ വിധി പറയുമ്പോൾ നമ്മൾ, അവരെ നമ്മുടെ സ്വർഗീയ പിതാവിന്റെ സംരക്ഷണത്തിനായി സമർപ്പിക്കുന്നു. നിയമം അവരെ താഴ്ത്തി നിറുത്തുമ്പോൾ നമ്മൾ അവരുടെ മഹത്വം ഉയർത്തിപ്പിടിക്കാൻ പരിശ്രമിക്കുന്നു. ലോകം നീതിക്കായി പോരാടുമ്പോൾ നമ്മൾ പുനഃസ്ഥാപിക്കപ്പെടേണ്ട നീതിക്കായി (restorative justice) മുറവിളികൂട്ടുന്നു. ലോകം ശിക്ഷയ്ക്കായി ശബ്ദമുയർത്തുമ്പോൾ നമ്മൾ മാപ്പിനായി യാചിക്കുന്നു. നിയമം കൊല്ലാൻ ഇഷ്ടപ്പെടുമ്പോൾ നമ്മൾ രക്ഷിക്കാൻ താത്പര്യപ്പെടുന്നു. ലോകം ഒരു കുറ്റവാളിയുടെ പുസ്തകം അടക്കുമ്പോൾ നമ്മൾ, അവനും മോചിക്കപ്പെടാൻ സാധിക്കാത്തവനല്ല' എന്നു പറഞ്ഞുകൊണ്ട് പുതിയൊരു അധ്യായം ആരംഭിക്കുന്നു.

നമ്മുടെ ഈ കാലഘട്ടത്തിൽ പുനരധിവാസവും ഉദ്ഗ്രഥനവും വഴിയായി ജീസസ്സ് ഫ്രറ്റേണിറ്റിയിലെ തടവറ പ്രേഷിതർ അഴികൾക്ക് പിന്നിലുള്ളവരെ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ പുനരധിവാസ കേന്ദ്രങ്ങളിലേക്കു നയിച്ചുകൊണ്ട് ഈ തകർന്ന മനുഷ്യർക്ക് പ്രതീക്ഷയുടെ തേനും പാലും ഒഴുകുന്ന ഒരു വാഗ്ദത്തനാട് കണ്ടെത്താൻ സഹായിക്കുന്നു. അതുവഴി ഒരു നവചൈതന്യം അവരിൽ ഉണർത്താൻ നമുക്കു സാധിക്കുന്നു. ഈ പുനരധിവാസ കേന്ദ്രങ്ങളിൽ അവരുടെ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും ചിറകു മുളയ്ക്കുന്നു; തടവറ പ്രേഷിതർ അവർക്കു ക്രിസ്തുവിന്റെ സ്നേഹം പകർന്നു നല്കിക്കൊണ്ട് അവരെ സമൂഹവുമായി ഒന്നിപ്പിക്കാൻ ശ്രമിക്കുന്നു.

1991 ഒക്ടോബർ 1-ാം തീയതിയാണ് ആദ്യ പുനരധിവാസകേന്ദ്രം, ''സ്നേഹാശ്രമം'' എന്ന പേരിൽ തൃശ്ശൂർ ജില്ലയിൽ വെട്ടുകാട് എന്ന സ്ഥലത്ത് പ്രവർത്തനമാരംഭിച്ചത്. ഇന്ന് ഭാരതത്തിൽ ഇപ്രകാരമുള്ള 20 പുനരധിവാസകേന്ദ്രങ്ങളുണ്ട്. ഓരോ പുനരധിവാസ കേന്ദ്രവും അവിടെ താമസിക്കുന്ന അന്തേവാസികൾക്ക് പറുദീസാ വീണ്ടും ലഭിച്ചതുപോലെയുള്ള അനുഭവമാണ് പ്രദാനം ചെയ്യുന്നത്.

നിരാശയിലായിരുന്നവർക്ക് സ്നേഹാശ്രമം ഒരു പ്രത്യാശാ ഗോപുരവും, നിസ്സഹായർക്ക് ഒരു സഹായകേന്ദ്രവും, ജയിലിൽ വെറുക്കപ്പെട്ടവരായിരുന്നവർക്ക് ആശ്വാസത്തിന്റെ സ്നേഹതീരവും ആണ്.

**ഒരമ്മയുടെ സാക്ഷ്യം**

ഭർത്താവിൽ നിന്നുള്ള പ്രഹരത്തിൽ നിന്ന് രക്ഷപ്പെടാനായി പരിശ്രമിക്കവേ ഭർത്താവ് കൊല്ലപ്പെട്ട കേസിൽ ഒരു ഭാര്യ രണ്ടു വയസ്സുള്ള തന്റെ കുഞ്ഞിനോടൊപ്പം ബാംഗ്ലൂർ സെൻട്രൽ ജയിലിലേക്ക് അയയ്ക്കപ്പെട്ടു. ആറാമത്തെ വയസ്സിൽ ഈ കുഞ്ഞിനെ തടവുകാരുടെ മക്കൾക്കായി നടത്തപ്പെടുന്ന ബാംഗ്ലൂരിലെ കർമ്മലരാമിലെ പുനരധിവാസ കേന്ദ്രത്തിലേക്കു മാറ്റി. ഒരിക്കൽ നിറകണ്ണുകളോടെ ഈ അമ്മ ഇപ്രകാരം പറഞ്ഞു: ''ഞങ്ങളുടെകൂടെ ആയിരുന്നു ഈ കുഞ്ഞ് വളർന്നിരുന്നതെങ്കിൽ ഇപ്പോഴത്തെപ്പോലെ ചുറുചുറുക്കും ബുദ്ധിയുമുള്ള ഒരു കുട്ടിയായി അവൻ തീരുമായിരുന്നില്ല. നിങ്ങളുടെ സംരക്ഷണയിലായിരുന്നതുകൊണ്ടാണ് അവൻ ഇന്ന് ഇത്രയും മിടുക്കനായിരിക്കുന്നത്''.

**ഉപസംഹാരം**

തടവറയിലെ ഈ തകർക്കപ്പെട്ട സഹോദരങ്ങളെ പുനഃരധിവസിപ്പിക്കുന്നതിനും അവരെ സമൂഹവുമായി പുനർയോജിപ്പിക്കുന്നതിനുമായി തടവറ പ്രേഷിത പ്രവർത്തനങ്ങളിൽ ജീസസ്സ് ഫ്രറ്റേണിറ്റിയോടു ചേർന്ന് നമുക്കും പ്രവർത്തിക്കാം. ഓരോ രൂപതയിലും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ജീസസ്സ് ഫ്രറ്റേണിറ്റി യൂണിറ്റുകളിൽ നമുക്കും അംഗങ്ങളാകാം. തടവറയിലായിരിക്കുന്ന സഹോദരങ്ങളെ നമുക്ക് സ്നേഹിക്കാം; അവർക്കുവേണ്ടി പ്രാർത്ഥിക്കാം; സമഗ്രമായ അവരുടെ വികാസത്തിനുവേണ്ടി പ്രവർത്തിക്കാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. തടവറ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം അവരുടെ ഇരകളുടെ കുടുംബങ്ങൾക്കുവേണ്ടിയും പ്രത്യേകമായി നമുക്കു പ്രാർത്ഥിക്കാം.

ഈ ശുശ്രൂഷയ്ക്കായി ഉദാരമായി സംഭാവന ചെയ്യുന്ന എല്ലാ രൂപതകൾക്കും മേജർ സൂപ്പീരിയർമാർക്കും, അഭ്യുദയകാംക്ഷികൾക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയോടുചേർന്ന് ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നു. ഈ വർഷവും നിങ്ങളുടെ

ത്യാഗോജ്ജ്വലമായ സംഭാവനകൾ നൽകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

തടവുകാരുടെ പരിവർത്തനത്തിനും ഉദ്ഗ്രഥനത്തിനുമായി പ്രതിജ്ഞാബദ്ധരായിരിക്കുന്ന തടവറ പ്രേഷിതരുടെ പ്രവർത്തനങ്ങളെ ഞങ്ങൾ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ ഏറെ വെല്ലുവിളി നിറഞ്ഞ ഒരു പ്രവൃത്തിയാണല്ലോ ഇത്. തടവറയിലുള്ള നമ്മുടെ സഹോരങ്ങളുടെ സമ്പൂർണ വിമോചനത്തിനായി നാം നമ്മെത്തന്നെ പുനഃസമർപ്പിക്കുമ്പോൾ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ സംരക്ഷകനായ വിശുദ്ധ മാക്സ്മില്യൻ കോൾബെ നമ്മുടെ ശുശ്രൂഷ ഫലപ്രദമാകാൻ വേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ; നമ്മുടെ മാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ സംരക്ഷണവും നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചുവന്ന യേശുക്രിസ്തു നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് ആൽവിൻ ഡി സിൽവ**

ചെയർ പേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ

**ബിഷപ് മാർ ജോസ് പുളിക്കൽ**

(ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**

(വൈസ് ചെയർമാൻ, കെസിബിസി. ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

---

*NB:* 2022 ആഗസ്റ്റ് 14-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3735/K-5/KCBC/OL/DS
20.07.2022

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)
## 2022 ആഗസ്റ്റ് 21 ഞായർ
## കെ സി ബി സി SC/ST/BC Commission പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ മാതൃരാജ്യമായ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 75 വർഷം തികയുകയാണല്ലോ. ഇന്നും ഭാരതത്തിന്റെ മക്കൾ അസ്വാതന്ത്ര്യത്തിലും അസ്സമാധാനത്തിലും ദാരിദ്ര്യത്തിലും കഴിയുന്നത് എങ്ങും കാണുന്ന ഒരു യാഥാർത്ഥ്യമാണ്. അതിൽ ഏറ്റവും അധികം അസ്വാതന്ത്ര്യവും അനീതിയും അവഗണനയും വിവേചനവും അനുഭവിക്കുന്ന ജനവിഭാഗമാണ് ഭാരതത്തിലെ ക്രൈസ്തവ ജനസംഖ്യയിൽ ഭൂരിപക്ഷം (150 ലക്ഷം) വരുന്ന ദളിത് ക്രൈസ്തവർ. സുവിശേഷവെളിച്ചം സ്വീകരിച്ചുകൊണ്ട് പട്ടികജാതിയിൽനിന്നു ക്രിസ്തുമതവിശ്വാസം സ്വീകരിച്ച് ക്രൈസ്തവരായിത്തീർന്ന അനേക ലക്ഷം ആളുകൾ (150 ലക്ഷം) ഭാരതത്തിൽ അങ്ങോളമിങ്ങോളം നിവസിക്കുന്നുന്നെ കാര്യം ഏവർക്കും അറിവുള്ളതാണല്ലോ. അവരുടെ സാമ്പത്തികവും സാംസ്കാരികവും സാമൂഹികവുമായ ക്ലേശങ്ങളെയും വിവിധ മണ്ഡലങ്ങളിൽ അവരനുഭവിക്കുന്ന അവഗണനയേയുംപറ്റി ഭാരത കത്തോലിക്കാനേതൃത്വത്തിനു പൂർണ്ണ ബോധ്യമുണ്ട്. ഈ സാഹചര്യത്തിൽ, ഈ വിഭാഗത്തിൽപ്പെട്ട ആളുകളോടും അവരെപ്പോലെതന്നെ വിവിധ തരത്തിൽ ക്ലേശമനുഭവിക്കുന്ന മറ്റുള്ളവരോടുമുള്ള ഭാരത കത്തോലിക്കാസഭയ്ക്കുള്ള താത്പര്യവും സ്നേഹവും സഹാനുഭൂതിയും ഐക്യദാർഢ്യവും പ്രകടിപ്പിക്കുന്നതിന് ആഗസ്റ്റ് 15 നു ശേഷം വരുന്ന ഞായറാഴ്ച (Justice Sunday) ആചരിക്കാൻ 1986 ൽ ഗോവയിൽ കൂടിയ CBCI സമ്മേളനം തീരുമാനിക്കുകയുണ്ടായി. ഇപ്രകാരം ഈ ദിനം ആചരിക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം ജാതിവ്യവസ്ഥിതിയും വിവിധ ആചാരങ്ങളും നിമിത്തം സമൂഹത്തിൽ നിലവിലിരിക്കുന്ന വിവിധ പ്രശ്നങ്ങളെപ്പറ്റി നാമോരോരുത്തരും ബോധവാന്മാരാകുകയെന്നതാണ്.

അതോടൊപ്പം ക്രൈസ്തവവിശ്വാസം സ്വീകരിച്ചു എന്ന ഏക കാരണ ത്താൽ ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് അവ ഗണന അനുഭവിക്കേണ്ടിവന്നവരുടെ ഉന്നമനത്തിനുവേണ്ടി പ്രാർത്ഥി ക്കുകയും പ്രശ്ന പരിഹാരാർത്ഥം വിവിധ കർമ്മപരിപാടികൾ ആവിഷ് കരിക്കുകയും ഗവൺമെന്റ് തലത്തിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. CBCI ആഹ്വാനപ്രകാരം ഈ വർഷം ആഗസ്റ്റ് 21 Justice Sunday ആയി ഭാരതത്തിൽ ആചരിക്കുകയാണ്. നീതി ക്കുവേണ്ടി പ്രത്യേകമായി നീക്കിവെച്ചിരിക്കുന്ന ഞായറാഴ്ച രണ്ടു കാര്യങ്ങളാണ് നമ്മുടെ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചിരിക്കുന്നത്. പട്ടിക ജാതിയിൽനിന്ന് ക്രിസ്തുമതവിശ്വാസം സ്വീകരിച്ച ദളിത് ക്രൈസ്ത വരോടു സഭ എത്രമാത്രം സ്നേഹത്തോടും താത്പര്യത്തോടുംകൂടി യാണ് പെരുമാറേണ്ടത് എന്നതാണ് ആദ്യത്തെ കാര്യം. രണ്ടാമത്, ഭരണഘടനാപരമായ അവകാശങ്ങൾ ദളിത് ക്രൈസ്തവർക്കു ലഭിക്കേണ്ടതിനു സംസ്ഥാന-കേന്ദ്ര ഗവൺമെന്റ് തലങ്ങളിൽ സഭ സമ്മർദ്ദം ചെലുത്തുക എന്നുള്ളതാണ്.

സമൂഹത്തിലെ താഴ്ന്ന ജാതിയിൽനിന്ന് ക്രിസ്തീയവിശ്വാസം സ്വീകരിച്ച് സഭയിലേക്കു വന്നവരാണെങ്കിലും സാമൂഹിക സാംസ്കാ രിക സാമ്പത്തിക വിദ്യഭ്യാസ രംഗങ്ങളിലെല്ലാം ദളിത് ക്രൈസ്തവർ പിന്നിലാണ്. ഇവരും നമ്മുടെ സഹോദരങ്ങളാണെന്നു പരിഗണിച്ച് മുൻവിധികളില്ലാതെ സഭാംഗങ്ങളായ ദളിത് ക്രൈസ്തവരുടെ സമഗ്ര മായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കാൻ നമുക്കേവർക്കും കടമ യുണ്ട്. നമ്മുടെ കർത്താവ് അരുൾചെയ്തു: ‘‘നിങ്ങളെല്ലാവരും സഹോ ദരന്മാരാണ്’’ (മത്തായി 23/8) ‘‘നിങ്ങൾക്കൊരു പിതാവേയുള്ളൂ സ്വർഗ്ഗസ്ഥനായ പിതാവ്’’ (മത്തായി 23/9), ‘‘എന്റെ ഏറ്റവും ചെറിയ സഹോദരരിൽ ഒരാൾക്കു നിങ്ങൾ ചെയ്തിട്ടുള്ളതെല്ലാം എനിക്കുത ന്നെയാണ് ചെയ്തത്’’ (മത്തായി 25/40). സഭയ്ക്കുള്ളിൽ താത്ത്വി കമായി ജാതിതിരിവും വിവേചനവും ഇല്ലായെങ്കിലും സഭാസമൂഹ ത്തിൽ ഇപ്പോഴും പ്രായോഗികജീവിതത്തിൽ വിവേചനാപരമായ നിലപാടുകൾ വച്ചുപുലർത്തുന്നതായിക്കാണുന്നു. നമ്മുടെ മനോ ഭാവങ്ങളിൽ മാറ്റങ്ങളുണ്ടാവണം. സത്യവും നീതിയും സാഹോദ ര്യവും സ്വാതന്ത്ര്യവും നമ്മുടെ അനുദിനജീവിതത്തിലും പ്രവർത്തനങ്ങളിലും പാലിക്കണം. സഭയ്ക്കുള്ളിൽ ജാതി -വർണ്ണ വ്യത്യാസങ്ങൾ ഒന്നുമില്ല. അതേസമയം പരമ്പരാഗ

തമായി ചിലയിടങ്ങളിൽ ജാതിയുടെ പേരിൽ ചില ചേരിതിരിവുകൾ നിലനിൽക്കുന്നുണ്ട്. അവയെല്ലാം മാറ്റി ഈ സാധുജന വിഭാഗത്തെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാനുള്ള ശ്രമത്തിലാണ് നാമിപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ പുരോഗതി പ്രാപിച്ചാൽ മാത്രമേ ഇതു സാധ്യമാകൂ എന്നത് തർക്കമറ്റ സംഗതിയാണ്.

സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം അത്യുന്നതി നേടിയിട്ടുള്ള എല്ലാ ക്രൈസ്തവരും തങ്ങളുടെ ഇടയിലുള്ള ഈ എളിയ സഹോദരങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

സഭയുടെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും അവരെ ഉൾപ്പെടുത്താൻ ശ്രമിക്കണം. തങ്ങൾ അവഗണിക്കപ്പെടുന്നു എന്ന ചിന്താഗതി അവർക്കുണ്ടാകാൻ ഇട നൽകരുത്. പുരോഗതിയിലേക്കുള്ള അവരുടെ പ്രയാണത്തിൽ എല്ലാ വിധത്തിലും അവരെ സഹായിക്കാൻ സഭാംഗങ്ങൾ തയ്യാറാകണം. അവരുടെ ഇടയിൽനിന്ന് വൈദിക - സന്ന്യാസാന്തസ്സുകളിലേക്കു ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതോടൊപ്പം അല്മായ പ്രേക്ഷിതത്വത്തിനുള്ള താത്പര്യം വളർത്തുകയും വേണം.

വിവിധ രംഗങ്ങളിൽ പിന്നാക്കം നിൽക്കുന്ന നമ്മുടെ ഈ സഹോദരങ്ങൾ മറ്റുള്ളവരോടുചേർന്ന്, ഒന്നിച്ചു സഹകരിച്ചു നീങ്ങിക്കൊണ്ട് സ്വന്തം ഉയർച്ചയ്ക്കുവേണ്ടി പരിശ്രമിക്കേണ്ടത് ആവശ്യമാണ്.

ഐക്യദാർഢ്യദിനത്തിൽ പൊതുയോഗങ്ങൾ, ചർച്ചാക്ലാസുകൾ തുടങ്ങിയവ വഴി ഈ പ്രശ്നം എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ 72 വർഷങ്ങളായി ദളിത് ക്രൈസ്തവരോടുള്ള ഈ അവഗണയുടെ കാര്യം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളെ ബോധ്യപ്പെടുത്തുവാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരുന്നുവെങ്കിലും സഭാനേതൃത്വവും അല്മായ നേതൃത്വവും ഒത്തൊരുമിച്ചു നടത്തിയ പരിശ്രമങ്ങൾ ഭാഗികമായേ വിജയിച്ചുള്ളൂ. പട്ടികജാതിയിൽനിന്നു ക്രിസ്തുമത വിശ്വാസം സ്വീകരിച്ച ദളിത് ക്രൈസ്തവർക്ക് ഭരണഘടനാപരമായ അവകാശങ്ങൾ ലഭിക്കുന്നതിന് 2004 ൽ സുപ്രീം കോടതിയിൽ കേസ് കൊടുത്തുവെങ്കിലും 18 വർഷമായി കേന്ദ്ര-സംസ്ഥാന

സർക്കാരുകളുടെ നിസ്സഹകരണംമൂലം ഒരു തീരുമാനം ഉണ്ടായിട്ടില്ല. നീതിക്കുവേണ്ടിയുള്ള ധർമസമരം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ജാതി-വർഗ-വർണ വ്യത്യാസം കൂടാതെ എല്ലാ പൗരന്മാർക്കും നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവ ഭരണഘടന ഉറപ്പു നൽകിയിരുന്നു. എങ്കിലും 72 വർഷമായിട്ടും പട്ടികജാതിയിൽനിന്നു ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്ത ദളിത് ക്രൈസ്തവരോടു നീതി പാലിക്കുവാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് ഇതുവരെയും തയ്യാറായിട്ടില്ല. കടുത്ത വിവേചനത്തിന്റെ നയമാണ് ഗവൺമെന്റ് അവരോടു സ്വീകരിച്ചു വന്നിട്ടുള്ളത്. ഇന്ത്യൻ പ്രസിഡന്റ് 1950 ൽ പ്രസിദ്ധപ്പെടുത്തിയ കോൺസ്റ്റിറ്റ്യൂഷൻ ഓർഡറാണ് ഈ വിവേചനത്തിനെല്ലാം അടിസ്ഥാനം. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ മുമ്പിൽ ഇക്കാര്യം സംബന്ധിച്ച് ഒട്ടേറെ നിവേദനങ്ങൾ സമർപ്പിക്കുകയും സമരങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇവയെല്ലാം കേവലം വനരോദനമായിത്തീരുകയാണ് ചെയ്തിട്ടുള്ളത്. സംസ്ഥാന നിയമസഭകളിലേക്കും കേന്ദ്ര-പാർലമെന്റുകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകളിൽ പട്ടികജാതിക്കാർക്ക് പ്രത്യേക പ്രാധാന്യം നൽകണമെന്നത് മാത്രമാണ് പ്രസ്തുത ഓർഡർകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് തദവസരത്തിൽ ഗവൺമെന്റ് വ്യക്തമായിരുന്നുവെങ്കിലും പിന്നീട് ആ വിധത്തിൽ പ്രവർത്തിക്കുവാൻ കൂട്ടാക്കിയില്ല.

ക്രിസ്തുവിന്റെ മൗതികശരീരമായ സഭയിലെ അംഗങ്ങൾ എല്ലാവരും ഒരേ പിതാവിന്റെ മക്കളാണ്. സഭാസമൂഹത്തിലെ വ്യത്യാസങ്ങളും ഉച്ചനീചത്വങ്ങളും അവഗണനയും വിവേചനവും മാറ്റിയെടുക്കുവാൻ നാമൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പരിശുദ്ധ പിതാവിന്റെ ആഹ്വാനപ്രകാരം സിനഡാത്മക സഭ രൂപീകരിക്കുന്നതിനുവേണ്ടി സഭാനവീകരണവർഷമായി 2022 കേരളസഭ ആചരിക്കുകയാണല്ലോ. ക്രിസ്തുവിന്റെ സുവിശേഷം സ്വീകരിച്ചവരാണ് നാമേവരും. ഒരേ മാമ്മോദീസായും ഒരേ വിശ്വാസവും സ്വീകരിച്ച നാം ആദിമ ക്രൈസ്തവസമൂഹത്തേപ്പോലെ സ്നേഹത്തിലും കൂട്ടായ്മയിലുമാണ് വിശ്വാസജീവിതം പ്രാവർത്തികമാക്കുന്നത്. ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അവയവങ്ങളായ നാം ഒരേ മനസ്സോടും ഒരേ ഹൃദയത്തോടും ഒരേ ആത്മാവോടും കൂടെ പങ്കുവയ്ക്കുന്ന ജീവിതം വിശ്വാസം നമ്മിൽനിന്ന് ആവശ്യപ്പെടുന്നു.

അങ്ങനെ വിശ്വാസജീവിതത്തിൽ വളർന്ന് ആദിമക്രൈസ്തവസമൂഹത്തെപ്പോലെ ക്രിസ്തു നാഥനു സാക്ഷ്യം വഹിക്കുന്ന ക്രൈസ്തവ സമൂഹമായി നമ്മൾ രൂപാന്തരപ്പെടണം. ഇത്തരത്തിൽ നീതിക്കു വേണ്ടി ദളിത് ക്രൈസ്തവർ നടത്തുന്ന എല്ലാ ധർമ്മസമരങ്ങളിലും പങ്കുചേരുകയെന്നത് ഓരോ ക്രൈസ്തവന്റെയും കടമയാണ്. ഇവരുടെ ക്ഷേമത്തിനായി വിവിധ തലങ്ങളിലായി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കണമെന്നും ദളിത് ക്രൈസ്തവസഹോദരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കഴിവതും സാമ്പത്തികസഹായവും സംരക്ഷണവും നൽകി വേദനിക്കുന്ന ഈ സഹോദരങ്ങളെ സഹായിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ദളിത് ക്രൈസ്തവസഹോദരങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങൾ സ്വീകരിച്ച ക്രിസ്തീയവിശ്വാസത്തിൽ അടിയുറച്ചു നില്ക്കുവാനും ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളോടും ഒന്നുചേർന്ന് ആദ്ധ്യാത്മികമായും ഭൗതികമായും വളരാനും സ്വയം അഭിവൃദ്ധിപ്പെടാനും പരിശ്രമിക്കേണ്ടതാണ്.

ഗവൺമെന്റിന്റെ ദളിത് ക്രൈസ്തവരോടുള്ള അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ദളിത് ക്രൈസ്തവസഭാസമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്വത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരിക്കുവാൻ ആഗസ്റ്റ് 10 വഞ്ചനാദിനമായും 'ആഗസ്റ്റ് 21 ജസ്റ്റീസ് സൺഡേ' (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി നമുക്കാശിക്കാം.

കേരള കത്തോലിക്കാസഭയുടെ ദളിത് ശാക്തീകരണപ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദളിത് കത്തോലിക്കാ മഹാജന സഭ വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായസഹകരണങ്ങൾ ആവശ്യമാണ്. കഴിഞ്ഞ അധ്യയനവർഷം (2021-2022) എസ്.എസ്.എൽ.സി., (80%), പ്ലസ്ടു (70%), ഡിഗ്രി/ പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്തവിജയം കൈവരിച്ചവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതാണ്. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ദളിത് കത്തോലിക്കാ കുട്ടി

കൾക്കുവേണ്ടിയുള്ള ടാലന്റ് & സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP), കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം, (സിംഫണി ആർട്സ്) എസ്. എസ്. എൽ. സി., പ്ലസ്ടു, ഡിഗ്രി ക്ലാസ് കഴിഞ്ഞവർക്കുള്ള പി. എസ്. സി. കോച്ചിംഗ്, എസ്.എസ്.എൽ.സി കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിങ് ക്ലാസുകൾ എന്നിവ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. ദളിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് നടത്താറുള്ള സംഭാവന ഇടവകകളിൽനിന്നും ശേഖരിച്ച് രൂപതാകേന്ദ്രങ്ങൾവഴി കെ.സി.ബി.സി, എസ്.സി./എസ്.റ്റി/ബി.സി കമ്മീഷൻ പേർക്ക് അയച്ചുതരേണ്ടതാണ്. ജസ്റ്റിസ് സൺഡേ ദിനത്തിൽ ഇടവക തലത്തിൽ വിവിധ സംഘടനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാ ക്ലാസുകളും സമ്മേളനവും നടത്തി ജസ്റ്റിസ് സൺഡേ ആചരണം അർഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം

ബിഷപ് മാർ ജേക്കബ് മുരിക്കൻ

ചെയർമാൻ KCBC/SC/ST/BC കമ്മീഷൻ

ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ

വൈസ് ചെയർമാൻ KCBC/SC/ST/BCകമ്മീഷൻ

ബിഷപ് യൂഹാനോൽ മാർ തിയഡോഷ്യസ്

വൈസ് ചെയർമാൻ KCBC/SC/ST/BCകമ്മീഷൻ

---

**NB:** 2022 ആഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# *മിശിഹായിലുള്ള ജീവിതം*

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

***(തിരുവചനഭാഗം: റോമാ 6,1-23)***

ക്രിസ്തീയജീവിതം മിശിഹായോടൊത്തുമരിച്ച് അവനോടൊത്ത് ഉത്ഥാനം ചെയ്ത ജീവിതമാണെന്നു പൗലോസ്ശ്ലീഹാ സമർത്ഥിക്കുന്ന വചനഭാഗമാണ്, റോമാക്കാർക്ക് എഴുതിയ ലേഖനത്തിലെ ആറാം അദ്ധ്യായം. ഈ വചനഭാഗം താഴെകാണും വിധം വിഭജിക്കാം.

1. ഈശോയുടെ മരണോത്ഥാനങ്ങളോട് ഐക്യപ്പെട്ട ജീവിതം (6,1-5)
2. ദൈവത്തിനുവേണ്ടി ജീവിക്കുന്ന ജീവിതം (6,6-14)
3. അനുസരണത്തിന്റെ അടിമകളാവുക(6,15-18)
4. പാപവും മരണവും (6,19-21)
5. വിശുദ്ധിയും ജീവനും (6,21-23)

മാമ്മോദീസാനുഭവത്തെപ്പറ്റി പറയുന്ന ഈ ലേഖനഭാഗം അജപാലകർക്ക് നല്കുന്ന സന്ദേശങ്ങൾ ധ്യാനവിഷയമാക്കാം.

**1. ഈശോയുടെ മരണോത്ഥാനങ്ങളോട് ഐക്യപ്പെട്ട ജീവിതം**

''അങ്ങനെ, അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ മാമ്മോദീസായാൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. മിശിഹാ മരിച്ചതിനുശേഷം പിതാവിന്റെ മഹത്ത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്'' (6,4).

മാമ്മോദീസായാണ് ക്രൈസ്തവ ജീവിതത്തിന് തുടക്കംകുറിക്കുന്നത്. മാമ്മോദീസായുടെ ലക്ഷ്യം ഈശോമിശിഹായോടുള്ള ഐക്യപ്പെടലാണ്. ഈ ഐക്യപ്പെടൽ അവിടുത്തെ മരണത്തിലും ഉത്ഥാനത്തിലുമുള്ള ഒരു ഐക്യപ്പെടൽകൂടി ആണ്. ആദിമ ക്രൈസ്തവർ കുളത്തിലോ പുഴയിലോ മുങ്ങിനിവർന്നാണ് മാമ്മോദീസാ സ്വീകരിച്ചിരുന്നത്. ഇത് ഒരു പുനർജനനത്തിന്റെ പ്രതീകമായിരുന്നു. പാപങ്ങൾ കഴുകിക്കളയുന്ന ഈ ക്ഷാളനം വിശുദ്ധീകരണവും നീതീകരണവും നൽകുകകൂടി ചെയ്യുന്നു (1 കൊറി 6,11). കർത്താവായ

ഈശോ മിശിഹായിൽ പരിശുദ്ധാത്മാവുവഴിയാണ് ഇക്കാര്യങ്ങൾ സംഭവിക്കുന്നത്. മിശിഹാ സംഭവത്തിലുള്ള സമ്പൂർണ്ണമായ ഭാഗഭാഗിത്വമാണ് മാമ്മോദീസായിൽ സാക്ഷാത്കരിക്കപ്പെടുക. അതിനാൽ മാമ്മോദീസാ സ്വീകരിച്ചവർ മിശിഹായുടെ മരണം, സംസ്കാരം, പുനരുത്ഥാനം എന്നിവയിൽ പങ്കാളികളാകുന്നു (1 കൊറി 15,3-5).

ദൈവകൃപയാണ് പാപിയുടെ രക്ഷയ്ക്ക് ആധാരം എന്നുള്ള പൗലോസ്ശ്ലീഹായുടെ നിലപാടിനെ കുറ്റപ്പെടുത്തുന്ന വിമർശകർ, എത്രവേണമെങ്കിലും പാപം ചെയ്യാം, ദൈവം രക്ഷിച്ചുകൊള്ളും എന്നു പരിഹസിക്കുന്നതാണ് ഇവിടെ സൂചിപ്പിക്കുന്നത്. കൃപ ധാരാളമായി ലഭിക്കാൻവേണ്ടി പാപത്തിൽ തുടരുന്നത് അഭികാമ്യമാണെന്ന് അദ്ദേഹം പഠിപ്പിക്കുന്നുവെന്നു അവർ ആരോപിക്കുന്നു. അത് ഒരിക്കലും അംഗീകരിക്കാനാവില്ലെന്നാണ് പൗലോസിനു പറയാനുള്ളത്. പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരാണു നമ്മൾ. അതുകൊണ്ട് ഇനിയും പാപത്തിൽ കഴിയുക അചിന്ത്യമാണ്. കാരണം നാമെല്ലാവരും മാമ്മോദീസാ സ്വീകരിച്ചവരാണ്. മാമ്മോദീസാ സ്വീകരിച്ചവരെല്ലാം വിശുദ്ധിയിൽ ജീവിക്കാൻ വിളിക്കപ്പെട്ടവരാണ്. ഉത്ഥിതനായ ഈശോ ജീവിക്കുന്ന അരൂപിയാണ്. അരൂപി വിശുദ്ധിയുടെ അരൂപിയാണ്. മാമ്മോദീസായിലൂടെ ഉത്ഥിതനായ ഈശോയോട് ഐക്യപ്പെട്ടവരെന്ന നിലയിൽ വിശുദ്ധിയിലേക്കുള്ള ഈ വിളി എല്ലാ ക്രൈസ്തവരുടേതുമാണ്. ഈ ഒരു ബോധവത്ക്കരണമാണ് അജപാലകർ തങ്ങളുടെ വിശ്വാസികൾക്ക് നൽകേണ്ടത്.

**2. ദൈവത്തിനുവേണ്ടി ജീവിക്കുന്ന ജീവിതം**

''മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്ത മിശിഹാ ഇനി ഒരിക്കലും മരിക്കുകയില്ലെന്നു നമുക്കറിയാം. മരണത്തിന് ഇനി അവന്റെമേൽ അധികാരമില്ല. അവൻ മരിച്ചു; പാപത്തെ സംബന്ധിച്ചിടത്തോളം എന്നേക്കുമായി അവൻ മരിച്ചു. അവൻ ജീവിക്കുന്നു; ദൈവത്തിനുവേണ്ടി അവൻ ജീവിക്കുന്നു. അതുപോലെ, നിങ്ങളും പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരാണെന്നും ഈശോ മിശിഹായിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരാണെന്നും അറിഞ്ഞുകൊള്ളുവിൻ'' (6,9-11).

ക്രൈസ്തവർ ക്രൂശിക്കപ്പെട്ടവരാണ്. ശരീരത്തെ നശിപ്പിക്കാനാണത്. ശരീരം പാപപൂർണ്ണമാണല്ലോ. നശിപ്പിക്കപ്പെട്ടതുകൊണ്ട്

ഇനി ശരീരം പാപത്തിന് അടിമപ്പെടുകയില്ല. അതുകൊണ്ട് പാപകരമായ ജീവിതശൈലിയുടെ അവസാനമാണ് മാമ്മോദീസാ. ജീവിതത്തിൽ ഭാവാത്മകമായ പരിവർത്തനം വരുത്താൻ മാമ്മോദീസായ്ക്കു കഴിയും (6,6). മാമ്മോദീസാ സ്വീകരിക്കുമ്പോൾ ഒരു വ്യക്തി പാപബദ്ധമായ തന്റെ ശരീരത്തെ മിശിഹായോടൊപ്പം ക്രൂശിക്കുകയാണു ചെയ്യുന്നത്. അങ്ങനെ ഒരു മരണം അവൻ ഈ ലോകജീവിതത്തിൽ അനുഭവിക്കുന്നു. അങ്ങനെ മരിച്ചവൻ പാപത്തിൽനിന്നു മോചിതനായിരിക്കുന്നു. മിശിഹായുടെ പാപമോചകമായ മരണത്തിൽ പങ്കുചേരുന്നതുകൊണ്ട് -അഥവാ മിശിഹായോടൊപ്പം മരിക്കുന്നതുകൊണ്ട്- അവിടുത്തെ മരണത്തിന്റെ ഫലം അവനും അനുഭവവേദ്യമാകുന്നു. ഈശോയുടെ മരണം നമ്മെ പാപത്തിൽനിന്നു രക്ഷിക്കുന്നു: ഒപ്പം പാപത്തോടുള്ള ആസക്തിയിൽനിന്നും രക്ഷ നേടുവാനുള്ള ശക്തിയും ലഭിക്കുന്നു.

ഈശോ മരിച്ച്, ദൈവത്തിനുവേണ്ടി ജീവിക്കുന്നതുപോലെ, പാപത്തിനു മരിച്ച് ഈശോമിശിഹായിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവനാണെന്ന് ഓരോ ക്രൈസ്തവനും അറിയണം. അവർ പുതിയ സൃഷ്ടികളാണ് (2 കൊറി 5,17). മാമ്മോദീസാ സ്വീകരിച്ചവരാണെങ്കിലും അവർ ഇനിയും ഈ ലോകത്തിന്റെ പാപകരമായ പ്രലോഭനങ്ങൾക്കു വഴിപ്പെട്ടേക്കാം. പാപവും പ്രലോഭനവും ആസക്തിയും മരണവും യാഥാർത്ഥ്യങ്ങൾ തന്നെയാണ്. അവയോടുള്ള പോരാട്ടം ക്രൈസ്തവർ തുടരണം. ദൈവവിരുദ്ധ ശക്തികളോടും മരണത്തോടും മിശിഹാ സന്ധിയില്ലാസമരത്തിലാണല്ലോ (1 കൊറി 15,25-26). ദൈവത്തോടുള്ള സമ്പൂർണ്ണമായ അനുസരണമാണ് ക്രൈസ്തവനെ നയിക്കേണ്ടത്. അങ്ങനെ അവൻ മിശിഹായെ അനുകരിക്കുന്നവനാകുന്നു. പാപത്തിന്റെ മേധാവിത്വത്തെ വെല്ലുവിളിക്കാൻ പ്രാപ്തനാകുന്നു. മാമ്മോദീസായുടെ രക്ഷാകരഫലം നിത്യജീവനും പ്രത്യാശയുമാണ്. അത് സ്വന്തമാക്കുവാൻ ക്രൈസ്തവനു സാധിക്കണം. മാമ്മോദീസായിലൂടെ ലഭിച്ച പരിശുദ്ധാരൂപിയുടെ കൃപാവരത്താൽ ശക്തിപ്രാപിച്ച് അപ്രകാരം ജീവിക്കുവാൻ ക്രൈസ്തവനു കഴിയും. പുരോഹിതശുശ്രൂഷകളുടെയെല്ലാം ലക്ഷ്യം ഇതുതന്നെയാണ്.

### 3. അനുസരണത്തിന്റെ അടിമകളാവുക

''അതുകൊണ്ടെന്ത്? നാം നിയമത്തിനു കീഴ്പ്പെട്ടവരല്ല, കൃപയ്ക്കു കീഴ്പ്പെട്ടവരാണ് എന്നതുകൊണ്ട് നമുക്കു പാപം ചെയ്യാമോ? ഒരിക്കലും പാടില്ല. നിങ്ങൾ അനുസരണമുള്ള ദാസരെപ്പോലെ നിങ്ങളെത്തന്നെ ആർക്കെങ്കിലും സമർപ്പിക്കുമ്പോൾ, നിങ്ങൾ അവന്റെ അടിമകളാണെന്ന് അറിയുന്നില്ലേ? ഒന്നുകിൽ, മരണത്തിലേക്കു നയിക്കുന്ന പാപത്തിന്റെ അടിമകൾ; അല്ലെങ്കിൽ, നീതിയിലേക്കു നയിക്കുന്ന അനുസരണത്തിന്റെ അടിമകൾ'' (6,15-16).

കൃപയുടെ അധികാരത്തിൻകീഴിൽ ജീവിക്കുന്ന ക്രൈസ്തവർ എന്തുകൊണ്ട് പാപം ചെയ്തുകൂടാ എന്നും എങ്ങനെ അവർ വിശുദ്ധീകരണത്തിന് അർഹരായിത്തീരണമെന്നും ശ്ലീഹാ വിശദമാക്കുകയാണ്. വിമർശകരുടെ അഭിപ്രായത്തിൽ പൗലോസ്ശ്ലീഹാ പറയുന്നത് പാപം ചെയ്യാം, കാരണം നാം ഇപ്പോൾ നില്ക്കുന്നത് നിയമത്തിനുകീഴിലല്ല, കൃപയുടെ കീഴിലാണ് എന്നാണല്ലോ. ഇത് ഒരിക്കലും ശരിയല്ലെന്ന് അദ്ദേഹം ഖണ്ഡിതമായി പ്രസ്താവിക്കുന്നു. ഒരിക്കലും പാപം ചെയ്യാൻ പാടില്ല. ഇക്കാര്യം വ്യക്തമാക്കാൻ അടിമ വ്യവസ്ഥിതികൊണ്ട് ഉദാഹരിക്കുന്നു. ഉടമസ്ഥനോടുള്ള സമ്പൂർണ്ണ വിധേയത്വവും അനുസരണവുമാണ് അടിമയുടെ മുഖമുദ്ര. അതുപോലെതന്നെ ക്രൈസ്തവനും പെരുമാറണം. മാമ്മോദീസാ സ്വീകരിച്ച ക്രൈസ്തവന് വിശ്വാസത്തിന്റെ അനുസരണം മാത്രമേ സാധ്യമായിട്ടുള്ളൂ. ഈ അനുസരണംവഴി ക്രൈസ്തവൻ ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുചേരുകയും പരിശുദ്ധമായ ജീവിതം നയിക്കുകയും ചെയ്യുന്നു.

പൗലോസിന്റെ അനുവാചകരായ റോമൻ ക്രൈസ്തവർ ഒരിക്കൽ പാപത്തിന്റെ അടിമകളായിരുന്നു. എന്നാൽ ഇപ്പോളവർ പാപത്തിൽനിന്നു മോചിതരായി വിശുദ്ധിയുടെ അടിമകളായി മാറിയിട്ടുള്ളവരാണ്. മാമ്മോദീസായിലാണ് അവർ ഈ പുതിയ ജീവിതത്തിലേക്കു കടന്നുവന്നത്. വിശുദ്ധിയുടെ അടിമകളും ദൈവത്തെ അനുസരിക്കുന്നവരുമായി മാറിയ റോമൻ വിശ്വാസികൾക്കുവേണ്ടി പൗലോസ്ശ്ലീഹാ ദൈവത്തിനു നന്ദിപറയുകയാണ്. പാപം ചെയ്യാനുള്ള സ്വാതന്ത്ര്യമല്ല. ദൈവത്തെ അനുസരിക്കുന്നതിനുള്ള ആത്മീയ സാധനയാണ് ഇനി റോമായിലെ ക്രൈസ്തവരുടെ മുഖ

മുദ്ര. ഇതുതന്നെയാണ് എല്ലാ ക്രൈസ്തവരുടെയും മുഖമുദ്രയായി ത്തീരേണ്ടത്. പാപത്തിൽനിന്നും നമ്മെ മോചിപ്പിച്ച ദൈവത്തിന്റെ മുമ്പിൽ നിരന്തരം വ്യാപരിക്കുകയും വിശുദ്ധിയിൽ പടിപടിയായി നാം വളരുകയും ചെയ്യണം. ക്രൈസ്തവരുടെ വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ച് അജപാലകർ അജഗണങ്ങളെ നിരന്തരമായി അനു സ്മരിപ്പിക്കണം.

**4. പാപവും മരണവും**

''നിങ്ങളുടെ പരിമിതി നിമിത്തം ഞാൻ മാനുഷികരീതിയിൽ സംസാരിക്കുകയാണ്. ഒരിക്കൽ നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അശുദ്ധിക്കും അനീതിക്കും അടിമകളായി സമർപ്പിച്ചതുപോലെ, ഇപ്പോൾ അവയെ വിശുദ്ധീകരണത്തിനുവേണ്ടി നീതിക്ക് അടിമ കളായി സമർപ്പിക്കുവിൻ. നിങ്ങൾ പാപത്തിന് അടിമകളായിരുന്ന പ്പോൾ നീതിയുടെ നിയന്ത്രണത്തിലല്ലായിരുന്നു'' (6,19-20).

മാമ്മോദീസായുടെ പശ്ചാത്തലത്തിലുള്ള ഒരുപദേശമായി ട്ടാണ് പൗലോസ്ശ്ലീഹാ ഈ വാക്യങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നത്. ഒരിക്കൽ, അതായത് മാമ്മോദീസായിലൂടെ വിശ്വാസം സ്വീകരിക്കു ന്നതിനുമുൻപ്, റോമായിലെ ക്രൈസ്തവർ പാപം ചെയ്യുന്നവരാ യിരുന്നു. എന്നാൽ ഇപ്പോൾ അവർ വിശുദ്ധിയുടെ അടിമകളായി മാറേണ്ടവരാണ്. കാരണം മിശിഹായുടെ പാപമോചകമായ മരണോ ത്ഥാനത്തിൽ വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ട് അവർ പുതിയൊരു ജീവിതാവസ്ഥയിലേയ്ക്കു പ്രവേശിച്ചിരിക്കുകയാണ്. ''മാനുഷിക രീതിയിലാണു സംസാരിക്കുന്നത്'' എന്നു സൂചിപ്പിച്ചുകൊണ്ട് തന്റെ അനുവാചകരെ പ്രകോപിപ്പിക്കാതിരിക്കാൻ അദ്ദേഹം ശ്രദ്ധിക്കുന്നുണ്ട്. പാപം ഒരു യാഥാർത്ഥ്യമായിരുന്ന അവരുടെ മുൻകാലജീവിതമാണ് അദ്ദേഹം ആദ്യം സൂചിപ്പിക്കുന്നത്. അവരെ കുറ്റപ്പെടുത്തുകയല്ല പൗലോസിന്റെ ലക്ഷ്യം. ഒരിക്കൽ അശു ദ്ധിയും അനീതിയും അവരുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. അതു വാസ്തവത്തിൽ ജീവനില്ലാത്ത, മരണത്തിനു തുല്യമായ ഒരു അവസ്ഥാവിശേഷമായിരുന്നു.

ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നതിനു മുമ്പുള്ള അവസ്ഥ അശുദ്ധവും നിയമരഹിതവുമായിരുന്നു. വിജാതീയലോകം, അന്നത്തെ റോമിന്റെ പശ്ചാത്തലത്തിൽ മരണസംസ്കാരം നിലനി

ന്നിരുന്ന ഒരു ലോകമായിരുന്നു. മനുഷ്യന്റെ മൃഗീയവാസനകളാണ് അവനെ സ്വാധീനിച്ചുകൊണ്ടിരുന്നത്. ആദ്യം തെറ്റുചെയ്യുമ്പോൾ അല്പമൊക്കെ 'മനഃസാക്ഷിക്കടി' ഉണ്ടാകുമെങ്കിലും, സാവകാശം അതു കുറഞ്ഞുവരികയും അവസാനം അനിയന്ത്രിതമായവിധം ആ തെറ്റ് അവനെ അടിമപ്പെടുത്തുകയും ചെയ്യും. അപ്രകാരം മനുഷ്യോചിതമല്ലാത്ത തെറ്റുകളിൽ മുഴുകിജീവിച്ചിരുന്ന മനുഷ്യ സമൂഹമായിരുന്നു വിജാതീയസമൂഹം. എന്നാൽ അവിടേയ്ക്ക് ക്രിസ്തീയവിശ്വാസം കടന്നുവന്നപ്പോൾ വിപ്ലവകരമായ മാറ്റമാണ് റോമൻ ക്രൈസ്തവരുടെയിടയിൽ സംഭവിച്ചത്. അവർ മാമ്മോദീ സായിലൂടെ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, വെറും മാനുഷികപ്രവണതകളെ അതിജീവിച്ച് മിശിഹായിലുള്ള വിശ്വാ സത്തിന്റെ വെളിച്ചത്തിൽ ജീവിക്കുവാൻ പ്രാപ്തരായി. വെറും സ്വാഭാവികപ്രവണതകൾക്കനുസൃതം ജീവിക്കാതെ മിശിഹായി ലുള്ള വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കുവാൻ അജപാലകർ ജനങ്ങൾക്ക് മുന്നറിയിപ്പു നൽകിക്കൊണ്ടിരിക്കണം.

**5. വിശുദ്ധിയും ജീവനും**

''എന്നാൽ, ഇപ്പോൾ നിങ്ങൾ പാപത്തിൽനിന്നു മോചിതരായി ദൈവത്തിന് അടിമകളായിരിക്കുകയാൽ നിങ്ങൾക്കു ലഭിക്കുന്നതു വിശുദ്ധീകരണവും അതിന്റെ അവസാനം നിത്യജീവനുമാണ്. പാപ ത്തിന്റെ വേതനം മരണമാണ്. ദൈവത്തിന്റെ ദാനമാകട്ടെ, നമ്മുടെ കർത്താവായ ഈശോമിശിഹാവഴിയുള്ള നിത്യജീവനും'' (6,22-23)

മാനസാന്തരാനുഭവത്തിലൂടെ ക്രിസ്തീയ വിശ്വാസികളായി ത്തീരുന്നവർ പാപത്തിന്റെ അടിമഹത്വത്തിൽനിന്നും വിടുതൽനേടി ദൈവത്തിന്റെ അടിമകളായിത്തീരുന്നു. ദൈവഹിതമാണ് അവരുടെ ജീവിതത്തിന് മാനദണ്ഡം. അവർ ദൈവപ്രമാണങ്ങൾ അനുസരി ക്കുന്നവരും സഭയുടെ കല്പനകൾ പാലിക്കുന്നവരുമാണ്. അപ്രകാര മുള്ള ജീവിതം നയിക്കുവാൻ അവരെ ശക്തിപ്പെടുത്തുന്നത് ദൈവ ത്തിന്റെ കൃപയാണ്. പാപകരമായ പ്രവണതകൾ ഉണ്ടെങ്കിലും അവയെ ചെറുത്തുനില്ക്കുവാനും ദൈവികരായി ജീവിക്കുവാനും അവരെ സഹായിക്കുന്നത് ദൈവത്തിന്റെ, മിശിഹായുടെ, അരൂപി യാണ്. സഭയുടെ പരിശുദ്ധ കുർബാനയിലൂടെയും കൂദാശകളിലൂ ടെയും സ്വീകരിക്കുന്ന പരിശുദ്ധാരൂപിയാൽ നയിക്കപ്പെട്ട്, ദൈവ

ഹിതപ്രകാരം ജീവിക്കുവാൻ നിരന്തരമായ ജാഗ്രതയും പരിശ്രമവും ആവശ്യമാണ്.

തന്റെ വാദഗതികൾ സമാപിപ്പിച്ചുകൊണ്ട് പൗലോസ് പറയുന്നു, പാപത്തിന്റെ വേതനം മരണമാണ് എന്ന്. വിധി ദിവസത്തിലെ നിത്യ ശിക്ഷയാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. എന്നാൽ തന്നിൽ വിശ്വസിക്കുന്നവർക്കുള്ള ദൈവദാനമാകട്ടെ നിത്യജീവനും. നമ്മുടെ കർത്താവായ ഈശോമിശിഹായാണ് ഈ നിത്യജീവന്റെ മദ്ധ്യസ്ഥൻ. പാപികൾക്കുവേണ്ടി മരണം ഏറ്റുവാങ്ങിയ അവിടുന്നു കർത്താവായി ജീവിക്കുന്നവനാണല്ലോ. വിശ്വാസികൾക്ക് ഉത്ഥിതനായ മിശിഹായുടെ സാന്നിദ്ധ്യം വിശ്വാസത്തിലൂടെ അഭിഗമ്യവുമാണ് (ഗലാ 2,20). ദൈവകൃപ ലഭിക്കും എന്നതിന്റെ പേരിൽ പാപം ചെയ്യുന്നതിനുള്ള അനുമതിയല്ല, പൗലോസ്ശ്ലീഹാ പ്രസംഗിക്കുന്നത്. ആ ധാരണതിരുത്തിക്കൊണ്ട്, വിശുദ്ധീകരണം ലക്ഷ്യംവച്ചുള്ള ധാർമ്മികജീവിതം നയിക്കാൻ വിശ്വാസികൾക്ക് ബാധ്യതയുണ്ടെന്ന് ഓർമ്മിപ്പിക്കുകയാണ്. ഈ ബാധ്യതയെപ്പറ്റി അജപാലകരും വിശ്വാസികളെ കൂടെക്കൂടെ ഓർമ്മിപ്പിക്കുന്നത് നല്ലതാണ്.

**ജീവിതസൂചിക**

1. ക്രൈസ്തവരുടെ വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ച് അജഗണങ്ങളെ ഞാൻ ബോധവൽക്കരിക്കുന്നുണ്ടോ?

2. പാപമാർഗ്ഗത്തിൽനിന്നകന്ന് വിശുദ്ധിയുടെ മാർഗത്തിലൂടെ ചരിക്കുവാൻ വിശ്വാസികളെ ശക്തിപ്പെടുത്തുന്ന അരൂപിയെ നല്കുന്ന ശുശ്രൂഷയായി എന്റെ പുരോഹിതശുശ്രൂഷ ഞാൻ നിർവ്വഹിക്കുന്നുണ്ടോ?

3. ദൈവത്തെ അനുസരിക്കുന്ന ഒരു ജീവിതത്തിലൂടെ വിശുദ്ധി കൈവരിക്കാൻ ഞാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നുണ്ടോ?

4. മാനുഷികപ്രവണതകളെ മറികടന്ന് വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കുവാൻ ഞാൻ ജനങ്ങളെ ഉൽബോധിപ്പിക്കുന്നുണ്ടോ?

5. വിശുദ്ധീകരണം ലക്ഷ്യം വച്ചുകൊണ്ട് ധാർമ്മികജീവിതം നയിക്കുവാൻ ജനങ്ങളെ ഞാൻ എങ്ങനെ പരിശീലിപ്പിക്കുന്നു?

# രൂപതാകച്ചേരി വാർത്തകൾ

kvt\lkvacW

ബഹു. മാത്യു കാട്ടറത്ത് അച്ചന്റെ ഒന്നാം ചരമവാർഷികം ആഗസ്ററ് 9-ാം തിയതിയും, ബഹു. കുര്യൻ പുതനപ്ര അച്ചന്റെ ചരമവാർഷികം ആഗസ്റ്റ് 17 നും, ബഹു സെബാസ്റ്റ്യൻ പാലക്കീൽ അച്ചന്റെയും, ബഹു. ജോസഫ് മഴുവഞ്ചേരി അച്ചന്റെയും ചരമവാർഷികം സെപ്റ്റംബർ 2 നുമാണ്. ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**വൈദിക സമിതി (Presbyteral Council)**

പുതിയതായി രൂപീകരിച്ച വൈദിക സമിതി (Presbyteral Council) യുടെ പ്രഥമയോഗം 2022 ആഗസ്ററ് 10 ബുധനാഴ്ച രാവിലെ 10.30 നു മാനന്തവാടി ബിഷപ്സ് ഹൗസ്സിൽ ചേരുന്നതാണ്. അംഗങ്ങൾക്കു ക്ഷണക്കത്തുകൾ അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ കിട്ടിയില്ലെങ്കിൽ ഇതൊരറിയിപ്പായി സ്വീകരിച്ച് യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ജൂബിലി വാർത്തകൾ**

**അഖണ്ഡ ജപമാല ( ആഗസ്റ്റ് മാസം)**

ആഗസ്റ്റ് 1 മുതൽ 9 വരെ തരിയോട് ഫൊറോനയിലും ആഗസ്റ്റ് 10 -25 വരെ കൽപ്പറ്റ ഫൊറോനയിലും ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 7 വരെ നടവയൽ ഫൊറോനയിലും അഖണ്ഡ ജപമാല നടക്കുന്നു.

**അഖണ്ഡ ആരാധന**

ജൂലൈ മാസത്തിൽ FCC സന്യാസ സമൂഹങ്ങളിൽ അഖണ്ഡ ആരാധന നടത്തി. ആഗസ്റ്റ് മാസത്തിൽ SABS സന്യാസ സമൂഹങ്ങളാണ് ആരാധനയ്ക്ക് നേതൃത്വം കൊടുക്കുന്നത്.

**അനുദിന വചന വിചിന്തനം**

സുവർണ്ണ ജൂബിലിയോടനുബന്ധിച്ച്, ആത്മീയ വിഭാഗത്തിന്റെ (Spiritual Department) നേതൃത്വത്തിൽ കഴിവതും കുടുംബ പ്രാർത്ഥ

നയുടെ ഭാഗമായി കേൾക്കാൻ തക്കവിധം ജൂലൈ 3 മുതൽ ജൂബിലി വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന, അനുദിന സുവിശേഷ വിചിന്തന പരമ്പര ആരംഭിച്ചിരിക്കുന്നു. കുടുംബപ്രാർത്ഥനയിൽ അതാതു ദിവസത്തെ സുവിശേഷഭാഗം വായിക്കുന്നു, തുടർന്ന് വീഡിയോ സന്ദേശം കേൾക്കുന്നു. ഓരോ ദിവസത്തെയും സുവിശേഷചിന്ത, മീഡിയ കമ്മീഷൻ അച്ചന്മാർക്ക് മുൻകൂട്ടി അയച്ചുതരുന്നതാണ്. ഈ വിവരം പള്ളിയിൽ അറിയിക്കുകയും ചെയ്യുമല്ലോ.

**ജൂബിലി ഭവനങ്ങൾ**

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് രൂപതാ തലത്തിൽ ഇതുവരെ 52 ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയായി. 22 കുടുംബങ്ങൾക്ക് കല്ലോടിയിൽ 10 സെന്റ് സ്ഥലം വീതം ആധാരം ചെയ്ത് നൽകുകയും ചെയ്തു. ഇത് കൂടാതെ പല ഇടവകകളും സമർപ്പിത സമൂഹങ്ങളും സ്പോൺസർ ചെയ്ത് ഭവനങ്ങൾ നിർമിച്ചുനൽകിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**സുവർണ്ണ ജൂബിലി - ആഗസ്റ്റ് മാസത്തിലെ വിവിധ മത്സരങ്ങൾ**

**1. വിയാനി ഡേ - വികാരി ഡേ**

ഇടവകയുടെ ആരംഭം മുതൽ ഇന്നുവരെ സേവനം ചെയ്ത എല്ലാ വൈദികരേയും സ്മരിച്ചു കൊണ്ടും ആദരിച്ചുകൊണ്ടും വീഡിയോ ഇടവകാ തലത്തിൽ തയ്യാറാക്കുക, ആശംസാ ഗാനം, ആശംസാ വചസുകൾ എന്നിവ ഉപയോഗിക്കാം.

**നിബന്ധനകൾ**

a. സമയം 5 മിനിട്ടിൽ കവിയരുത്

b. അവസാന തിയ്യതി ആഗസ്റ്റ് 04

**2. ബാഡ്മിന്റൻ ടൂർണ്ണമെന്റ്**

വിയാനി ദിനത്തോടനുബന്ധിച്ച് മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന വൈദികർക്കായുള്ള ബാഡ്മിന്റൺ ടൂർണ്ണമെന്റ് ആഗസ്റ്റ് 08 ന് മേരിമാതാ കോളേജ് മാനന്തവാടിയിൽ വച്ച് നടത്തപ്പെടുന്നു.

**3. ഷോർട്ട് ഫിലിം മത്സരം**

ക്രിസ്തീയ മൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു ഷോർട്ട് ടെലിഫിലിം നിർമ്മിക്കുക.

നിബന്ധനകൾ

a. 10 മിനിറ്റിൽ കവിയരുത്
b. പ്രായപരിധിയില്ല
c. ഒരിടവകയിൽ ഒരു വീഡിയോ മാത്രം
d. വികാരിയച്ചന്റെ സാക്ഷ്യപത്രം
e. അവസാന തീയതി ഒക്ടോബർ 31

മത്സരങ്ങളിൽ പങ്കെടുക്കുന്നവർ താഴെ പറയുന്ന നമ്പറിൽ ബന്ധപ്പെടുക: ഫാ. മനോജ് അമ്പലത്തിങ്കൽ - 7019627421, ബിനീഷ് തുമ്പിയാംകുഴി - 9847042191, ഡെറിൻ കൊട്ടാരത്തിൽ - 7902357366

**ബഫർസോൺ പ്രതിഷേധറാലിയും പൊതുസമ്മേളനവും**

ബഫർസോൺ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് വിവിധ ആശങ്കകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ബഹുജന പ്രതിഷേധറാലിയും പൊതുസമ്മേളനവും സംഘടിപ്പിച്ചു. ജൂൺ 28 ചൊവ്വാഴ്ച മാനന്തവാടി ടൗണിൽ നടന്ന പ്രതിഷേധറാലിയിൽ ആയിരങ്ങൾ അണിനിരന്നു. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. കുടിയേറ്റ ജനതയുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന ബഫർസോൺ നടപടിക്കെതിരെ രൂപതയുടെ വിവിധ മേഖലകളായ ബത്തേരിയിലും പുൽപ്പള്ളിയിലും, കല്പ്പറ്റയിലും, തരിയോടും, മലപ്പുറത്തും പ്രതിഷേധക്കടൽ തീർത്തു. വിവിധ മേഖലകളിൽ പ്രതിഷേധറാലികൾ സംഘടിപ്പിച്ച എല്ലാ ഫൊറോന വികാരിയച്ചന്മാരെയും, കോർഡിനേറ്റേഴ്സിനെയും, വൈദികരെയും, സമർപ്പിതരെയും, വിവിധ തലങ്ങളിൽ പ്രതിഷേധ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിന് നേതൃത്വം നല്കിയ മാനന്തവാടി KCYM സംഘടനയേയും, AKCC രൂപതാസമിതിയേയും, വിവിധ നേതാക്കളെയും എല്ലാവിധത്തിലും സഹകരിച്ച ദൈവജനം മുഴുവനേയും പൊതുസമൂഹത്തേയും നന്ദിയോടെ ഓർക്കുന്നു.

**ബഹു. വൈദികരുടെ വാർഷിക ധ്യാനം**

നേരത്തെ അറിയിച്ചിരുന്നതുപോലെ ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ 11-ാംതിയതി ഞായറാഴ്ച വൈകുന്നേരം മുതൽ 16-ാം തീയതി വെള്ളിയാഴ്ചവരെയും,

സെപ്റ്റംബർ 18-ാം തീയതി ഞായറാഴ്ച മുതൽ23-ാം തിയതി വെള്ളിയാഴ്ച വരെയുമായിരിക്കും. ആദ്യ ബാച്ചിന്റെ ധ്യാനം നയിക്കുന്നത് അദിലാബാദ് രൂപതാ മെത്രാൻ അഭിവന്ദ്യ ആന്റണി പ്രിൻസ് പാണേങ്ങാടൻ പിതാവും രണ്ടാമത്തെ ബാച്ചിന്റെ ധ്യാനം നയിക്കുന്നത് ധ്യാനഗുരുവും കപ്പൂച്ചിൻ സഭാംഗവുമായ ബഹു. ജോൺസ് പുൽപ്പറമ്പിൽ OFM Cap. അച്ചനുമാണ്. മറ്റു ചില കാര്യങ്ങൾ കൂടി ഓർമ്മിപ്പിക്കട്ടെ:

1. ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കുക. ഇതുവഴി ജനങ്ങൾക്ക് വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരുടെ ആവശ്യങ്ങൾ ക്രമീകരിക്കാനും സാധിക്കും.

2. ഒന്നാം ദിവസം വൈകിട്ട് 7.15 ന് നടക്കുന്ന ജപമാലപ്രാർത്ഥന, റംശാനമസ്കാരം എന്നിവയോടെയാണ് ധ്യാനം ആരംഭിക്കുന്നത്. അവസാനിക്കുന്നത് അവസാന ദിവസം ഉച്ചഭക്ഷണത്തോടെയാണ്

3. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് ബുക്ക് കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ 2021 സെപ്റ്റംബർ മുതൽ 2022 ഓഗസ്റ്റ് 31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തു മുഖേനയോ, ഫോൺ വഴിയോ സെപ്റ്റംബർ അവസാനത്തോടെയെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്.

4. PPF ന്റെ വരിസംഖ്യ ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.

5. വളരെ ഗൗരവതരമായ കാരണങ്ങളാൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ ഡിസംബർ 31നു മുമ്പായി എവിടെയെങ്കിലും ധ്യാനത്തിൽ സംബന്ധിച്ച് വിവരം അറിയിക്കുകയും കുർബാന കണക്കു പുസ്തകം ബഹുമാനപ്പെട്ട ജനറാളച്ചന്റെ പക്കൽ പരിശോധനയ്ക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്.

# ANNUAL RETREAT FOR PRIESTS

**I^st BATCH - 2022 SEPTEMBER 11 SUNDAY TO 16 FRIDAY**

| SN Rev. Frs. Housename & Name | SN Rev. Frs. Housename & Name |
|---|---|
| 1 Aikkarathazhath Joseph | 30 Kavumkal Joseph |
| 2 Alumkal Joseph | 31 Kizhakkanputhupally John |
| 3 Ambalathinkal Sebastian | 32 Kocharackal Jose |
| 4 Chackalackal Joseph | 33 Kochuparackal Kurian |
| 5 Chakkiath Xavier | 34 Kollamkunnel Varghes |
| 6 Chakkittakudiyil James | 35 Kollarthottam Mathew |
| 7 Chelackapallil Thomas | 36 Korattiparambil Vincent |
| 8 Chembakkara James | 37 Kottaram Jose |
| 9 Chettaniyil Thomas | 38 Kudakkachira Joseph |
| 10 Chirackathottathil Augustine | 39 Kulirany Jose |
| 11 Chittoor Joseph | 40 Kunnath Johny |
| 12 Chozhenparambil John | 41 Kunnath Joseph |
| 13 Edachilath Joseph | 42 Kuttimakkal James |
| 14 Edayakondattu Paul | 43 Madapallikunnel Antony |
| 15 Elamkunnapuzha Joseph | 44 Madapallikunnel Mathew |
| 16 Elemkunnel Sebastian | 45 Maplassery Babu |
| 17 Kachirayil Thomas | 46 Madathil Abraham |
| 18 Kakkattikalayil Sebastian | 47 Mampallil Anto |
| 19 Kalappurackal Mathew | 48 Manakkunnel Thomas |
| 20 Kalapurayil Jose | 49 Mankottil James |
| 21 Kaliyaniyil Kuriakose | 50 Mannoor Thomas |
| 22 Kalliyatt Devasia | 51 Mavara Stanislaus |
| 23 Kallupura Johny | 52 Mecheril Joseph |
| 24 Kappiarumalayil John | 53 Moloparambil Jose |
| 25 Karamayil Issac | 54 Moolayil Thomas |
| 26 Karippukattil Francis | 55 Moonnanal Justin |
| 27 Kassamkuttiyil Sebastian | 56 Moothedath Thomas |
| 28 Karukapally Joseph | 57 Mulakodiyankal Sebastian |
| 29 Kattamkottil Joseph | 58 Mulakodiyankal Varghese |

| | |
|---|---|
| 59 Mundolickal Paul | 83 Pudussery Martin |
| 60 Munjanattu Mathew | 84 Pulikkunnel Devasia |
| 61 Muthirakalayil Joseph | 85 Pullamkunel Joy |
| 62 Myladoor George | 86 Pulpayil Joseph |
| 63 Nanthikatt Joseph | 87 Punnakkapadavil Sebastian |
| 64 Nechikatt Joseph | 88 Puthenparambil James |
| 65 Nedumkallel Joseph | 89 Puthenpurayil Joseph |
| 66 Nilackappillil Augustine | 90 Puthenpurayil Manuel |
| 67 Olickal Thomas | 91 Puthukulathil John |
| 68 Ottaplackal Thomas | 92 Thanniyil Augustine |
| 69 Padinjarayil George | 93 Thayil Jose |
| 70 Painunkal Kuriakose | 94 Thekkanady Jose |
| 71 Pakkanikuzhy Sebastian | 95 Thekkilakattil Jose |
| 72 Palakkattu Antony | 96 Thenpally Nishwin |
| 73 Palathadathil George | 97 Therakam Thomas Joseph |
| 74 Parambil Kuriakose | 98 Thevarkunnel Don Bosco |
| 75 Parunthanolil Thomas | 99 Thondiparambil Peter |
| 76 Paruvummel Joseph | 100 Thuruthel Kuriakose |
| 77 Peechattu Joseph | 101 Uppuveettil John |
| 78 Perumattikunnel John | 102 Vadayaparambil Jose |
| 79 Perumattikunnel Mathew | 103 Vathelil Abraham |
| 80 Plassanal Thomas | 104 Vazhachalil Thomas |
| 81 Ponparackal John | 105 Vazhakatt Joseph |
| 82 Poothakkuzhy Jacob | 106 Vazhappilly Paul |

**II^nd BATCH - 2022 SEPTEMBER 18 SUNDAY TO 23 FRIDAY**

| SN. Rev. Frs. Housename & Name | SN. Rev. Frs. Housename & Name |
|---|---|
| 1 Alackathadathil James | 6 Chakkittukudiyil Jose |
| 2 Alukka Geroge | 7 Chavaranal Thomas |
| 3 Ambalathara Francis | 8 Chempalayil Augustine |
| 4 Arumayil George | 9 Chettiyassery Joseph |
| 5 Athickal Mathew | 10 Chirayilparambil Thomas |

| | |
|---|---|
| 11 Chittarackal Varghese | 43 Kuzhikandathil Joseph |
| 12 Choorapuzhayil John | 44 Madathil Sebastian |
| 13 Edakkudy Mathew | 45 Malayil Mathew |
| 14 Elavanappara Sebastian | 46 Mampallil George |
| 15 Elavunkal Johny | 47 Meppurath Chacko |
| 16 Elayidathu Mani | 48 Moothedath Mathew |
| 17 Iykkarakanayil Thomas | 49 Mukkattukavunkal Thomas |
| 18 Kakkonal Manoj | 50 Mulavelikunnel Jacob |
| 19 Kalambukattu Joseph | 51 Mundackamattam Jose |
| 20 Kalappurackal Abraham | 52 Muthukathaniyil Varghese |
| 21 Kalapurayil Vincent | 53 Muthukattil Shantidas |
| 22 Kanippallil Varghese | 54 Nakkuzhikkattil Mathew |
| 23 Kappiarumalayil Jose | 55 Nellickal Abraham |
| 24 Karuthedath Mathew | 56 Nellikunel Francis |
| 25 Kassamkuttiyil Sebastian | 57 Oravaranthara Vincent |
| 26 Kattamkottil Thomas | 58 Ousepparampil Joseph |
| 27 Kattath Thomas | 59 Padinjarayil Mathew |
| 28 Kavalakkadan Varghese | 60 Painumkal George |
| 29 Keezheth Sebastian | 61 Palakatt Augustine |
| 30 Kizhakkanputhupally Varghese | 62 Palath Joseph |
| 31 Kizhakkumpuram George | 63 Pallichankudiyil Mathai |
| 32 Kochuparackal Mathew | 64 Parackal Varghese |
| 33 Koipuram Sebastian | 65 Parayil Sebastian (Sebi) |
| 34 Koottala Paul | 66 Periappuram Mathew |
| 35 Korandiyarkunnel Paul | 67 Pezhakkattil Francis |
| 36 Kottackal Stephen | 68 Pinakkatt Joseph |
| 37 Kottayil Joseph | 69 Poikayil Joseph |
| 38 Kulathinal James | 70 Ponthottiyil Thomas |
| 39 Kumbalakkuzhy Mathew | 71 Poovathinkal Peter |
| 40 Kunnath Kuriakose | 72 Pulinthanam Jose |
| 41 Kunnathett James | 73 Punakkatt Chandy |
| 42 Kuthukallunkal Francis | 74 Punchayil Lucka |

| | |
|---|---|
| 75 Puthen Sebastian | 87 Unnippally Sebastian |
| 76 Puthenpurackal Mathew | 88 Urumbil Joseph |
| 77 Puthukattil Mathew | 89 Vadakkel Emmanuel |
| 78 Puthukulangara Thomas | 90 Vadakkemulanjanal Michael |
| 79 Thattuparambil Varghese | 91 Vadassery Thomas |
| 80 Thamarasseril Vincent | 92 Vadayaparambil Sony |
| 81 Thekkepera Mathew | 93 Valakodiyil Dominic |
| 82 Thekkethil Abraham | 94 Valayathil Joseph |
| 83 Therakam George | 95 Valloppilly Joseph |
| 84 Thondiparambil Sebastian | 96 Vattukunnel Issac |
| 85 Thuruthel Thomas | 97 Vazhakkala Chackochan |
| 86 Thykunnumpuram Thomas | |

Please note that the names of the religious fathers are not given in the list, since a very few are participating in the retreat organized by the diocese. Hence, those who wish to attend the retreat, please contact Rev. Fr. Jojo Kudakkachira the Director of Pastoral Centre. His Mobile No. 8589826522

**New Mobile Number:**

Fr. Alex Kalappura: +15413169523

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

Prot. No. 26396/2022 27th June 2022

# NOTICE

It is hereby made known to all concerned that, with effect from 27th June 2022, Rev. Fr Sebastian Keezheth, a member of the eparchial clergy of Mananthavady, has been sent on administrative leave, as a disciplinary measure, having been found guilty as per the Code of Canons of the Oriental Churches (CCEO) canons 382; 1414#1-2; 1416; 1417; 1418#2. While on administrative leave, he is prohibited from exercising any of the priestly ministries in public, without express written permission of the eparchial authorities.

Chancellor

**മണിമൂളി ഫൊറോന**

മണിമൂളി ഫൊറോനയിലെ ജൂലൈ മാസത്തിലെ മാസധ്യാനം പാലേമാട് സെന്റ് തോമസ് ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. ഇടവക വികാരി ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ എലവനപ്പാറയച്ചൻ ഏവരേയും ധ്യാനത്തിലേക്ക് സ്വാഗതം ചെയ്തു. വിൻസെൻഷ്യൻ സഭാംഗമായ കുര്യാക്കോസ് പുന്നോലിൽ അച്ചൻ ധ്യാന ചിന്തകൾ പങ്കുവയ്ക്കുകയും അനുതാപശുശ്രൂഷ നടത്തുകയും ചെയ്തു. തുടർന്ന് ഫൊറോന വികാരി പെരിയ ബഹു. തോമസ് മണക്കുന്നേൽ അച്ചന്റെ അധ്യക്ഷതയിൽ ഫൊറോനയിലെ അച്ചന്മാരുടെ യോഗം ചേർന്നു. ജൂലൈ 25 ന് നാമഹേതുക തിരുന്നാൾ ആഘോഷിക്കുന്ന ജെയിംസ് ചെമ്പക്കരയച്ചന് ആശംസകൾ നേർന്നു. സംഘടനാ ഡയറക്ടർമാർ വിവിധ സംഘടനകൾ നടത്താനിരിക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിച്ചു. സഭാപ്രബോധനങ്ങൾ നമ്മുടെ സാമൂഹിക പശ്ചാത്തലത്തിൽ കാലിക പ്രാധാന്യത്തോടെ കുട്ടികൾക്ക് പകർന്ന് നൽകുന്നതിനായി മതാധ്യാപകരെ ഒരുക്കുക എന്ന ലക്ഷ്യത്തോടെ മണിമൂളി ഫൊറോനയിലെ എല്ലാ മതാധ്യാപകർക്കും വേണ്ടി ജൂലൈ 31 ഞായറാഴ്ച ഒരു ഏകദിന സെമിനാർ നടത്താൻ തീരുമാനിച്ചു. രൂപതാ ജൂബിലിയോടനുബന്ധിച്ച് മക്കൾ കൂടുതലുള്ളത് അനുഗ്രഹവും അഭിമാനവും സന്തോഷവും കുടുംബത്തിന്റെ കെട്ടുറപ്പുമാണെന്നുള്ള സന്ദേശം പ്രചരിപ്പിക്കാൻ നിലമ്പൂർ-മണിമൂളി ഫൊറോനകളിൽ നാലും അതിൽകൂടുതലും കുട്ടികളുള്ളവരുടെ ഒരു കുടുംബസംഗമം ജീവസമൃദ്ധി 2K22 എന്ന പേരിൽ ജൂലൈ 17 ഞായറാഴ്ച വൈകുന്നേരം 3 മണിമുതൽ 7 മണിവരെ തലഞ്ഞി സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് നടത്താൻ തീരുമാനിച്ചു. ജൂബിലി വർഷാഘോഷങ്ങളുടെ ഭാഗമായി സംഘടനകൾ ശക്തിപ്പെടുത്തണമെന്ന നിർദേശം പരിഗണിച്ച് ഫൊറോനയിലെ എ. കെ. സി. സി. യുടെ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട ജിമ്മി ഓലിക്കൽ അച്ചന്റെ നേതൃത്വ

ത്തിൽ ഊർജ്ജസ്വലമാക്കാൻ തീരുമാനിച്ചു. ബഹുമാനപ്പെട്ട ഡൊമിനിക് വളകൊടിയിൽ അച്ചൻ ഏവർക്കും നന്ദി അറിയിച്ചു. മാസധ്യാനം മനോഹരമായി ക്രമീകരിച്ച പാലേമാട് ഇടവക വികാരി സെബാസ്റ്റ്യൻ എലവനപ്പാറ അച്ചനും, സിസ്റ്റേഴ്സിനും, കൈക്കാരന്മാർക്കും ഇടവക ജനത്തിനും പ്രത്യേകം നന്ദി.

**ഫാ. ആൽബിൻ വളയത്തിൽ**
സെക്രട്ടറി

**മാനന്തവാടി ഫൊറോന**

ജൂലൈ മാസത്തിലെ മാനന്തവാടി ഫൊറോനയിലെ മാസ ധ്യാനം പുതിയിടം പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ബഹു. വികാരി ഫാ. ബാബു പൂച്ചാലിൽ സ്വാഗതം പറഞ്ഞു. ബഹു. ഫാ. സജി വെള്ളാരംകാലായിൽ MF ധ്യാനചിന്ത പങ്കുവച്ചത്. തുടർന്ന് ദിവ്യ കാരുണ്യആരാധനയും കുമ്പസാരവും നടത്തപ്പെട്ടു. ധ്യാനത്തിനു ശേഷം നടന്ന യോഗത്തിൽ ബഹു. ഫാ. സണ്ണി മഠത്തിൽ അധ്യ ക്ഷത വഹിച്ചു. കഴിഞ്ഞ ഞായറാഴ്ച നടന്ന ഫൊറോന കൗൺ സിലിന്റെ റിപ്പോർട്ട് ഫാ. റോബിൻസ് കുമ്പളക്കുഴി അവതരി പ്പിച്ചു. ഈ മാസം നാമഹേതുക തിരുനാളും, ജന്മദിനവും ആഘോഷിക്കുന്ന ബഹു. വൈദികരെ ആദരിച്ചു. സ്ഥലം മാറി പോകുന്ന ബഹു. ഫാ. ജോഫ്രി നാക്കുഴിക്കാട്ടിൽ MI യ്ക്ക് യാത്ര യയപ്പു നൽകി. ഫൊറോന കൂട്ടായ്മയിലേക്ക് പുതുതായി കടന്നുവന്ന ഫാ. ജിതിൻ പീച്ചാട്ടിനെ സ്വാഗതം ചെയ്തു. തുടർന്ന് വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള ചർച്ചനടന്നു. ബഹു. ഫാ. പോൾ മുണ്ടോളിക്കൽ, ഫാ. പോൾ കൂട്ടാലയിൽ എന്നി വരുടെ പിതാക്കന്മാരുടെ നിര്യാണത്തിലുള്ള അനുശോചനം അറിയിച്ച് അവർക്കായി പ്രാർത്ഥിച്ചു.

**ഫാ. റോബിൻസ് കുമ്പളക്കുഴി**
സെക്രട്ടറി

# മതബോധനരംഗം

**പ്രിയപ്പെട്ടവരേ,**

എല്ലാ ഇടവകകളിലും വിശ്വാസ പരിശീലന ക്ലാസ്സുകൾ നന്നായി ആരംഭിച്ചു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്.

'വിശ്വാസത്തിന്റെയും കത്തോലിക്കാ പ്രബോധനത്തിന്റെയും സത്യസന്ധവും ക്രമീകൃതവുമായ സന്ദേശം നവോന്മേഷത്തോടെ നൽകുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തുവാൻ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് കഴിയും' എന്ന് കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. സഭയുടെ ഈ വർഷത്തെ വിശ്വാസപരിശീലനം എന്ന ശ്രേഷ്ഠമായ പ്രവർത്തനങ്ങൾക്ക് ദൈവാനുഗ്രഹം നേരുന്നു.

**ടീം മീറ്റിംഗ്**

ജൂലൈ 3 ന് ടീം മീറ്റിംഗ് കൂടി. രൂപതാ ജൂബിലി വർഷം പ്രമാണിച്ച് വേദപാഠ പുസ്തകങ്ങളും മറ്റ് പ്രസക്തമായ വിഷയങ്ങളും ഉൾപ്പെടുത്തി അധ്യാപകർക്ക് ഇടവക, ഫൊറോനാ, രൂപതാതലങ്ങളിൽ ക്വിസും, ഉപന്യാസ മത്സരവും നടത്തുവാൻ തീരുമാനിച്ചു. രൂപത അദ്ധ്യാപക സംഗമത്തേക്കുറിച്ച് ആലോചിച്ചു. തോമസ് നാമധാരിയായ ഡയറക്ടറച്ചനും, ശ്രീ. തോമസ് മുണ്ടക്കതടത്തിൽ സാറിനും ആശംസകളർപ്പിച്ചു.

**ക്ലാസ് ട്രെയിനിങ്ങ്**

09.07.2022 ശനിയാഴ്ച ചുങ്കക്കുന്നിൽവച്ച് നടന്ന അധ്യാപകർക്കുള്ള ട്രെയിനിംങ്ങിൽ 52 പേർ പങ്കെടുത്തു. ഫാ. ബെന്നി മുതിരക്കാലായിൽ, ശ്രീ. ബെന്നി വട്ടക്കാമുളയിൽ, ശ്രീ. ജോൺസൺ വടക്കേക്കര, സി. ജോസി ടോം FCC, സി. അനിത CMC എന്നിവർ നേതൃത്വം നൽകി. എല്ലാ സൗകര്യങ്ങളും ക്രമപ്പെടുത്തിയ ഫൊറോനാ വികാരി ബഹു. ജോയി തുരുത്തേൽ അച്ചനും, കൊച്ചച്ചൻ ബഹു. റിജോസ് അരുമായിൽ അച്ചനും ഫൊറോനാ ഡയറക്ടർ ബഹു. ബെന്നി മുതിരക്കാലായിലച്ചന്റെ നേതൃത്വത്തിലുള്ള ടീമംഗങ്ങൾക്കും, പങ്കെടുത്തവർക്കും ഒത്തിരി നന്ദി.

16.07.2022 ശനിയാഴ്ച ദ്വാരക വി. അൽഫോൻസാ പള്ളിയിൽ വച്ച് രാവിലെ 9.45 ന് ക്ലാസും തുടർന്ന് 11 മണി മുതൽ 3.30 വരെ ക്ലാസ് ട്രെയിനിങ്ങും നടന്നു. 183 അധ്യാപകർ പങ്കെടുത്തു. ഡയറക്ടർ ഫാ. തോമസ് കച്ചിറയിൽ ക്ലാസ് നയിച്ചു. ടീമംഗങ്ങളായ ശ്രീ. ബെന്നി വട്ടക്കാമുളയിൽ, ശ്രീ. ബേബി ചക്കാലക്കൽ, ശ്രീ. ജോണി അമ്പാട്ട്, ശ്രീ ഔസപ്പ് ഇണ്ടിക്കുഴ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ശ്രീ. ജോൺസൺ വടക്കേക്കര, ശ്രീ. ഷാജു മംഗലത്ത്, ശ്രീ. അലക്സ് കുഴിക്കത്തിൽ, സി. ജോസി ടോം FCC, സി. ലിനറ്റ് MSMI, സി. ഷീജ SKD, സി. ആൻസി CMC, സി. ബെറ്റി SH എന്നിവർ നേതൃത്വം നൽകി. സൗകര്യങ്ങൾ ചെയ്തു തന്ന ദ്വാരക പള്ളി വികാരി ഫാ. വർഗ്ഗീസ് മുളകൊടിയാങ്കലിനും, ദ്വാരക യു. പി സ്കൂൾ അധികൃതർക്കും, സഹകരിച്ച എല്ലാവർക്കും നന്ദി.

**ക്ലാസ്സ് പരീക്ഷ**

ഓഗസ്റ്റ് 28 ഞായറാഴ്ചയാണ് ക്ലാസ്സ് പരീക്ഷ നടത്തേണ്ട ദിവസം. നിർബന്ധമായും ഇടവകയിൽ ക്ലാസ്സ് പരീക്ഷ നടത്തുകയും, അതിന്റെ മാർക്ക് രേഖപ്പെടുത്തുകയും വേണം.

## DCT ക്ലാസ്സ് (Diploma in Catechism for Teachers)

HDC കോഴ്സ് ഇനി മുതൽ DCT എന്ന പേരിലായിരിക്കും അറിയപെടുക. രണ്ടു വർഷത്തോളമായി മുടങ്ങികിടക്കുന്ന (2019, 2020 batch) DCT ക്ലാസുകൾ പുനരാരംഭിക്കുകയാണ്. ഓഗസ്റ്റ് 13 ശനിയാഴ്ച DCT രണ്ടാം വർഷക്കാർക്കുള്ള (2019 batch) കോൺടാക്ട് ക്ലാസ്സ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതായിരിക്കും. വിശദവിവരങ്ങൾ അവരവരുടെ വാട്സാപ്പ് ഗ്രൂപ്പുകളിൽ അറിയിക്കുന്നതാണ്.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ കുഞ്ഞു മിഷണറിമാരെ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച അതേ വർഷം (1947) തന്നെയാണ് CML സ്ഥാപിതമായത്. അതിനാൽ, ഈ വർഷം നമ്മൾ സ്വാതന്ത്ര്യത്തിന്റെയും CML-ന്റെയും പ്ലാറ്റിനം ജൂബിലി ഒന്നിച്ചു ആഘോഷിക്കുന്നു. ഇന്ത്യയിലെ ഒരു നല്ല പൗരൻ എന്ന നിലയിലും യേശുവിന്റെ ഒരു യഥാർത്ഥ ശിഷ്യനെന്ന നിലയിലും നമ്മുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും ആഴത്തിൽ വിശകലനം ചെയ്യാനുള്ള ഒരു നല്ല അവസരമാണിത്.

ഒരു നല്ല ക്രിസ്തു ശിഷ്യന് ഒരു നല്ല പൗരനായിരിക്കുവാൻ ഒരുബുദ്ധിമുട്ടുമില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു നല്ല ക്രിസ്തു ശിഷ്യൻ ഏറ്റവും നല്ല ഒരു പൗരൻ തന്നെയാണ്. എന്നിരുന്നാലും ഒരു നല്ല പൗരനാകാനുള്ള 4 പ്രധാന കാര്യങ്ങൾ ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.

**1. ദേശസ്നേഹമുള്ളവരായിരിക്കുക:** ഒരു നല്ല പൗരനാകാൻ നിങ്ങളുടെ മനസ്സിൽ ആഴത്തിലുള്ള ദേശസ്നേഹം ഉണ്ടായിരിക്കണം. നിങ്ങൾ സ്വാതന്ത്ര്യ സമര സേനാനികളെ ബഹുമാനിക്കുകയും ഇന്ത്യൻ സൈനികരെ വിലമതിക്കുകയും വേണം. ഇത് സ്വാഭാവികമായും നമ്മുടെ സാമൂഹിക സാമ്പത്തിക നയങ്ങളെ മാനിക്കാൻ നിങ്ങളെ തയ്യാറാക്കും, അത് നമ്മുടെ രാജ്യത്തിന്റെ ക്ഷേമത്തിന് കാരണമാകും.

**2. നിയമം അനുസരിക്കുക:** എല്ലാ രാജ്യങ്ങൾക്കും അതിന്റേതായ രേഖാമൂലമുള്ള നിയമങ്ങളും നിയന്ത്രണങ്ങളും ഉണ്ട്. ഇന്ത്യയിലെ ഒരു നല്ല പൗരനാകുന്നത് എങ്ങനെയെന്ന് നിങ്ങൾ ചിന്തിക്കുന്നുങ്കിൽ, നിയമങ്ങൾ പാലിക്കേണ്ടത് പ്രധാനമാണ്. നിയമം നാം ഭയപ്പെടേണ്ട ഒന്നല്ല; അത് നമ്മുടെ സ്വന്തം ക്ഷേമത്തിനായി അനുസരിക്കേണ്ട ഒന്നാണ്.

**3. നല്ല പ്രവൃത്തികൾ ചെയ്യുക:** ഇന്ത്യയിലെ ഒരു നല്ല പൗരനാകാൻ, നിങ്ങൾ മറ്റുള്ളവരോട് മോശമായി ഒന്നും ചെയ്യാതിരുന്നാൽ മാത്രം പോരാ. മറ്റുള്ളവർക്ക് ഉപകാരപ്രദമായ സൽകർമ്മങ്ങൾ ചെയ്യേണ്ടതും അത്യാവശ്യമാണ്. പ്രായമായവർക്കായി നിങ്ങ

ളുടെ ഇരിപ്പിടം വിട്ടുകൊടുക്കുന്നത് പോലെയുള്ള ചെറിയ കാര്യമാണിത്.

**4. വ്യത്യാസത്തെ ബഹുമാനിക്കുക:** ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത്, ജീവിതത്തിന്റെ എല്ലാ മേഖലകളിലും വൈവിധ്യം കാണപ്പെടുന്നു. രാജ്യത്തുടനീളം വിവിധ ഭാഷകളും മതങ്ങളും ആചാരങ്ങളും ഉത്സവങ്ങളുമുണ്ട്. ഇന്ത്യയിലെ ഒരു നല്ല പൗരനാകുന്നത് എങ്ങനെയെന്ന് നിങ്ങൾ ആശ്ചര്യപ്പെടുന്നുവെങ്കിൽ, നിങ്ങൾക്കുള്ള ഏറ്റവും നല്ല ഉപദേശം ആളുകളുടെ വ്യത്യാസങ്ങളെ മാനിക്കുക എന്നതാണ്.

മഹാകവിയും നോബൽ സമ്മാന ജേതാവുമായ രവീന്ദ്രനാഥ ടാഗോറിന്റെ വാക്കുകളിൽ പ്രാർത്ഥിക്കുന്നു: മനസ്സ് ഭയമില്ലാതെ തലയുയർത്തി നിൽക്കുന്നിടത്ത്, അറിവ് സൗജന്യമായിടത്ത്, ഇടുങ്ങിയ ഗാർഹിക മതിലുകളാൽ ലോകം ശിഥിലമായിട്ടില്ലാത്തിടത്ത്, സത്യത്തിന്റെ ആഴത്തിൽ നിന്ന് വാക്കുകൾ പുറപ്പെടുന്നിടത്ത്, അശ്രാന്ത പരിശ്രമം പൂർണതയിലേക്ക് കൈകൾ നീട്ടുന്നിടത്ത്, യുക്തിയുടെ വ്യക്തമായ പ്രവാഹം വഴിതെറ്റാത്തിടത്ത്, മനസ്സിനെ നീ മുന്നോട്ട് നയിക്കുന്നിടത്ത്, എപ്പോഴും വിശാലമാകുന്ന ചിന്തയിലേക്കും പ്രവർത്തനത്തിലേക്കും സ്വാതന്ത്ര്യത്തിന്റെ ആ സ്വർഗത്തിലേക്ക്, എന്റെ പിതാവേ, എന്റെ രാജ്യം ഉണരട്ടെ. നിങ്ങൾക്കെല്ലാവർക്കും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗരോപണ തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം

**ഫാ. മനോജ് അമ്പലത്തിങ്കൽ**

## Heavenly Stars

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ജൂബിലി വർഷത്തോടനുബന്ധിച്ച് രൂപതയിൽ സേവനം ചെയ്ത് ദൈവസന്നിധിയിൽ വിലയം പ്രാപിച്ച ബഹു. വൈദികരുടെ ചരമവാർഷിക ദിനത്തിൽ അവരെ പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കുന്നതിനും രൂപതയ്ക്കും വിശ്വാസി സമൂഹത്തിനും ഇവർ നല്കിയ സംഭാവനകളെ കുറിച്ചുള്ള വീഡിയോ പ്രോഗ്രാം മിഷനറിമാരിൽ എത്തിക്കുന്നതുമായ പ്രോഗ്രാമാണ് Heavenly Stars.

**ദുക്റാന തിരുനാൾ ആഘോഷിച്ചു**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെയും, ചെറുകാട്ടൂർ ശാഖയുടെയും സംയുക്താഭിമുഖ്യത്തിൽ ചെറുകാട്ടൂർ

ശാഖയിൽ വച്ച് മാർ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷിക ആഘോഷം രൂപതാ ഡയറക്ടർ ഫാ. മനോജ് അമ്പലത്തിങ്കൽ ഉദ്ഘാടനം ചെയ്തു. ശാഖാ ഡയറക്ടർ ഫാ. ജോസ് കൊച്ചറയ്ക്കൽ മുഖ്യ പ്രഭാഷണം നടത്തി. യോഗത്തിൽ ശാഖാ പ്രസിഡന്റ് ജോർജ്ജ് തെക്കെതൊട്ടിയിൽ അധ്യക്ഷത വഹിച്ചു. ഫാ. സെബി പാറയിൽ, ബ്രദർ അഗസ്റ്റിൻ, രൂപതാ സെക്രട്ടറി തങ്കച്ചൻ മാപ്പിളക്കുന്നേൽ, മലബാർ റീജിയണൽ ഓർഗ്ഗനൈസർ രഞ്ജിത്ത് മുതുപ്ലാക്കൽ, രൂപതാ ഓർഗ്ഗനൈസർ ടോണി ചെമ്പോട്ടിക്കൽ, സി.റോസ്മിത എം.എസ്.ജെ. എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

**ആദരാഞ്ജലികൾ**

ബത്തേരി മേഖല മുൻ പ്രസിഡന്റ് അനീഷ് മടലാങ്ങലിന്റെ പിതാവിന്റെ നിര്യാണത്തിലും, രൂപതാ ഓഫീസ് സെക്രട്ടറി സി. സിനി സി.എം.സിയുടെ വല്യമ്മച്ചിയുടെ നിര്യാണത്തിലും രൂപതാ ഭാരവാഹികൾ ഭവനങ്ങൾ സന്ദർശിച്ച് അനുശോചനം അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**ഫീസ്റ്റ് – പിറന്നാൾ ആശംസകൾ**

കഴിഞ്ഞമാസം ഫീസ്റ്റ്, ജന്മദിനം എന്നിവ ആഘോഷിച്ചവർക്ക് രൂപതാ സമിതി ആശംസകൾ അറിയിച്ചു.

**അനുദിന വിശുദ്ധർ**

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് രൂപതയിലെ എല്ലാ ശാഖകളും അനുദിന വിശുദ്ധരെകുറിച്ചുള്ള വീഡിയോ തയ്യാറാക്കി അവതരിപ്പിക്കുന്നു. ഇതിലൂടെ മിഷനറിമാരിൽ ദൈവഭക്തിയ്ക്കും, ആത്മീ ഉണർവിനും കാരണമാകുന്നു.

**തിരുഹൃദയ വണക്കമാസം**

ജൂൺ 1 മുതൽ 30 വരെ തിരുഹൃദയ സുകൃതജപം വീഡിയോ, പോസ്റ്റർ രൂപത്തിൽ മിഷനറിമാരിൽ എത്തിച്ചു. ഇതിലൂടെ തിരുഹൃദയ ഭക്തി പ്രചരിപ്പിക്കാൻ സാധിച്ചു.

**ശാഖാ വാർത്തകൾ**

**കൊട്ടിയൂർ ശാഖ**

ബഫർസോൺ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൊട്ടിയൂർ ചെറുപുഷ്പ മിഷൻലീഗ് സംഘടന പ്രതിഷേധ റാലി സംഘടിപ്പിച്ചു. വിഷയത്തിന്റെ ഗൗരവം ഉൾക്കൊള്ളിച്ച് ഇടവക വികാരി റവ. ഫാ. ബെന്നി മുതിരക്കാലായിൽ സന്ദേശം നൽകി.

പ്രവർത്തനവർഷ ഉദ്ഘാടനവും, സുവർണ്ണ ജൂബിലി ഭവന നിർമ്മാണ ഫണ്ട് ശേഖരണത്തിന്റെ ഉദ്ഘാടനവും സെന്റ് തോമസ് ദിനാചരണത്തിൽ നടത്തി. പ്ലസ് ടു, എസ്. എസ്. എൽ. സി ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ അനുമോദിച്ചു.

**ചുണ്ടക്കര ശാഖ**

ജൂൺ മാസത്തെ ആദ്യത്തെ ഞായറാഴ്ച തന്നെ ചുണ്ടക്കര ചെറുപുഷ്പ മിഷൻ ലീഗ് 2022 – 2023 വർഷത്തെ പ്രവർത്തന വർഷ ഉദ്ഘാടനം ബഹുമാനപ്പെട്ട വികാരി ഫാ. ജോയി പുല്ലൻക്കുന്നേൽ അച്ചനും ഫാ.സാൽവിൻ SJ യുടെനേതൃത്വത്തിലും നടത്തി.തുടർന്ന് പരിസ്ഥിതി ദിനാചരണത്തോട് അനുബന്ധിച്ച്CML കുട്ടികൾ വൃക്ഷതൈകൾ നടുകയും ചെയ്തു. ഇടവകയിലെ പാവപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. Fathers' Day യോട് അനുബന്ധിച്ച് കുട്ടികൾ പിതാക്കൻമാരെ ആദരിക്കുകയും വീഡിയോ ഗ്രൂപ്പുകളിൽ ഇടുകയും ചെയ്തു. വായനാ ദിനത്തോട് അനുബന്ധിച്ച് CML അംഗങ്ങൾ സുവിശേഷപാരായണം നടത്തുകയും Status വീഡിയോ തയ്യാറാക്കുകയും ചെയ്തു.

തിരുഹൃദയ തിരുനാളിൽ അംഗങ്ങൾ വി. കുർബാനയിൽ പങ്കെടുക്കുകയും എല്ലാ ഭവനങ്ങളിലും തിരുഹൃദയ പ്രതിഷ്ഠ നടത്തുകയും ചെയ്തു.

**പുതിയിടംകുന്ന് ശാഖ**

പുതിയ അധ്യയനവർഷത്തോട് അനുബന്ധിച്ച് ബഹുമാനപ്പെട്ട വികാരിയച്ചൻ ഫാ. ജെയിംസ് ചക്കിട്ടകുടിയിൽ വിദ്യാർഥികൾക്കായിപ്രത്യേക പ്രാർത്ഥനാ ശുശ്രൂഷനടത്തി.പെന്തക്കുസ്താ തിരുനാളിനോട് അനുബന്ധിച്ച് CML ഭാരവാഹികളുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധന നടത്തി. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പള്ളിമുറ്റത്ത് ഫലവൃക്ഷത്തൈ നടുകയും, എല്ലാ വാർഡുകളിലേക്കും ബഹുമാനപ്പെട്ട ശാഖാ ഡയറക്ടർ അച്ചൻ തൈകൾ വിതരണം ചെയ്യുകയും ചെയ്തു. പരിസ്ഥിതി വാരാചരണം നടത്തുകയും ശാഖ ഡിജിറ്റൽ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ഷാദിൻ സാർ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ക്ലാസെടുത്തു.

**ചാരിറ്റി ശാഖ**

തിരുഹൃദയ ജപമാല ചൊല്ലിയും പ്രാർത്ഥിച്ച് ഒരുങ്ങിയും എല്ലാ ഭവനങ്ങളും ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിച്ചു. ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ച് തിരുഹൃദയഭക്തി പ്രചരിപ്പിച്ചു.

പഠനോപകരണങ്ങൾ ശേഖരിച്ച് അർഹരായവർക്ക് വിതരണം ചെയ്തു. വി. തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിനത്തിൽ, ഒലിവുമല സെന്റ്.തോമസ് പള്ളിയിലേക്ക് തീർഥാടാനം ചെയ്തു.

**കേളകം ശാഖ**

ചെറുപുഷ്പ മിഷൻ ലീഗ് 2022-23 വർഷത്തിൽ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കുന്നത്ത്, ജോ. ഡയറക്ടർ ആൻലിറ്റ് SKD, പ്രസിഡന്റ് ആശിഷ് തുമ്പാനത്ത് മറ്റു തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ എന്നിവർ നയിക്കും. ഭാരവാഹികളെ ചെമ്മഞ്ഞ ഷോൾ അണിയിച്ചും ദീപം തെളിയിച്ചും പ്രവർത്തന വർഷത്തിന് ശാഖയിൽ തുടക്കമായി. പരിസ്ഥിതി ദിനത്തിന്റെ സന്ദേശം അറിയിച്ച് അംഗങ്ങളുടെ ഭവനങ്ങളിൽ വൃക്ഷത്തൈ നടീൽ, അംഗങ്ങളുടെ പിതാക്കന്മാർക്ക് ആദരവ് നൽകി പിതൃ ദിനം, 'ജൂബിലിനിറവ്-22'മാർഗ്ഗരേഖ പ്രകാശനം, ബൈബിൾ പാരായണം, പന്തക്കുസ്താ തിരുനാൾ, പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ, പരിശുദ്ധ മാതാവിന്റെവിമല ഹൃദയത്തിന്റെ തിരുനാൾ, പരിശുദ്ധ കുർബാനയുടെ തിരുനാൾ, തിരുഹൃദയ വണക്കമാസം എന്നിവയുടെ സമയ ബന്ധിമായ ആചരണത്തിലൂടെ അംഗങ്ങൾക്ക് പ്രേക്ഷിതചൈതന്യത്തിൽ മുന്നേറാൻ മികവുറ്റ അവസരമൊരുക്കി.

**മരക്കടവ് ശാഖ**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 'Only One Earth'എന്ന പേരിൽ വീഡിയോ മേക്കിങ്ങ് മത്സരം നടത്തി. പന്തക്കുസ്ത തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും ഉപയോഗിച്ചുകൊണ്ട് നിർമ്മിക്കുന്ന പ്ലോട്ട് നിർമ്മാണം നടത്തി. കോൺവെന്റിന്റെ കൃഷിയിടത്തിൽ വന്യമൃഗശല്യത്തിനെതിരെ പ്രതിഷേധിച്ചു. ബഫർ സോണിനെതിരെ ഞാനും പ്രതിഷേധിക്കുന്നു എന്ന പേരിൽ സിഎംഎൽ സ്റ്റാറ്റസ് മാർച്ച് നടത്തി.

**തൃശ്ശിലേരി ശാഖ**

പന്തക്കുസ്താ തിരുനാളിനോടനുബന്ധിച്ച് ആരാധന നടത്തി. പ്രവേശനോത്സവം നടത്തി. അതിനോടനുബന്ധിച്ച് കുട്ടികളുടെ കലാപരിപാടികൾ നടത്തി പരിസ്ഥിതി ദിന സന്ദേശം നൽകി. പരി. ത്രിത്വത്തിന്റെ തിരുനാൾ, തിരുഹൃദയ തിരുനാൾ വിമല ഹൃദയ തിരുനാൾ എന്നിവ ആഘോഷിച്ചു. കുട്ടികളെ നാല് ഗ്രൂപ്പുകളായി തിരിച്ച് അധ്യാപകർക്ക് ഉത്തരവാദിത്വം നൽകി ബഫർ സോൺ പ്രഖ്യാപനത്തിനെതിരെ പ്രതിഷേധ റാലി നടത്തി. ഇടവകയിൽ നട

ത്തിയ വനിതാ വികസന ശില്പശാല സെമിനാറിൽ മിഷൻ ലീഗ് അംഗങ്ങൾ പങ്കെടുത്തു. ഇടവകയിൽ കമ്മ്യൂണിറ്റി സർവീസ് സെന്റർ ഉദ്ഘാടനം ചെയ്തു.

**കയ്യുന്നി ശാഖ**

ആറാം ക്ലാസ്സ് മുതലുള്ള കുട്ടികൾക്ക് ഐക്കൺ ക്യാമ്പ് മൂന്ന് ദിവസങ്ങളിലായി നടത്തി. പഠനോപകരണങ്ങൾ ശേഖരിക്കുകയും പാവപ്പെട്ട കുട്ടികൾക്ക് വിതരണം ചെയ്യുകയും ചെയ്തു ഭവന നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു കുടുംബത്തിന് സാമ്പത്തിക സഹായം നൽകി. ബഫർ സോണിനെതിരെയുള്ള പ്രതിഷേധത്തിൽ മിഷൻ ലീഗ് അംഗങ്ങൾ പങ്കെടുത്തു.

**ദ്വാരക ശാഖ**

1. ദ്വാരക മിഷൻലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ ദ്വാരക ടൗണിലെ ബസ്റ്റാൻഡ് ജൂൺ പത്തൊമ്പതാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് വൃത്തിയാക്കി. ബഹുമാനപ്പെട്ട അസിസ്റ്റന്റ് വികാരി പ്രിൻസ് തെക്കേതിൽ അച്ചൻ നേതൃത്വം നൽകി. മാനന്തവാടി സമരറ്റിൻ ഭവനിൽ വിറക് അടുക്കാൻ മിഷൻലീഗ് അംഗങ്ങൾ സഹായിച്ചു. 15 ഓളം അംഗങ്ങൾ അതിൽ പങ്കെടുക്കുകയും ബഹുമാനപ്പെട്ട പ്രിൻസ് അച്ചൻ നേതൃത്വം നൽകുകയും ചെയ്തു. ജൂലൈ മൂന്നാം തീയതി ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് മിഷൻ ലീഗ് പ്രവർത്തന വർഷം ബഹുമാനപ്പെട്ട ടോമി ബ്രദർ ഉദ്ഘാടനം ചെയ്യുകയും മാർഗ്ഗരേഖ ബഹുമാനപ്പെട്ട വികാരി ഫാ. ഷാജി മുളകുടിയാങ്കൽ പ്രകാശനം നടത്തുകയും ചെയ്തു. അതോടൊപ്പം വിവിധ ഗ്രൂപ്പുകളുടെ കലാപരിപാടികൾ നടത്തുകയും ചെയ്തു.

**ചിത്രഗിരി ശാഖ**

**1. ഒരുമ**

**ആക്രി ചലഞ്ച്**

ശാഖയിലെ മിഷൻ ലീഗ് അംഗങ്ങൾ ഭവന സന്ദർശനം 'ഒരുമ' നടത്തി, ഭവന നിർമാണത്തിനായി വീടുകളിലെ പാഴ്‌വസ്തുക്കൾ ശേഖരിച്ച് ഫണ്ട് സ്വരൂപിച്ചു.

**2. ബിരിയാണി ചലഞ്ച്**

രൂപതയുടെ 50-ാം വാർഷികത്തോട് അനുബന്ധിച്ചു ശാഖയിൽ ഭവനനിർമാണത്തിനായി മിഷൻ ലീഗും കെ. സി. വൈ. എം സംയുക്തമായി ബിരിയാണി ചലഞ്ച് നടത്തി ഫണ്ട് ശേഖരിച്ചു.

**മൂലങ്കാവ് ശാഖ**

ചെറുപുഷ്പമിഷൻലീഗ് മൂലങ്കാവ് ശാഖാ പ്രവർത്തന വർഷം ശാഖാ ഡയറക്ടർ ബഹു. ഫാ. അനീഷ് കാട്ടാംകോട്ടിൽ ഉദ്ഘാടനം ചെയ്തു. വിശ്വാസ പരിശീലനരംഗത്ത് 25 വർഷം പൂർത്തിയാക്കിയ സൺഡെസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോബി കുഴികത്തിലിനെ മെമന്റോ നൽകി ആദരിച്ചു. X, XII ക്ലാസുകളിൽ വിജയിച്ച മുഴുവൻ വിദ്യാർത്ഥികളെയും ആദരിക്കുകയും സമ്മാനം നൽകുകയും ചെയ്തു. അംഗങ്ങൾ മഴക്കാലത്തിനു മുൻപേ ഭവനപരിസരം വൃത്തിയാക്കുകയും വീഡിയോ 'മഴ വരും മുൻപേ' എന്ന പേരിൽ ശാഖയുടെ യൂടൂബ് ചാനലിൽ അപ്ലോഡ് ചെയ്യുകയും ചെയ്തു. മിഷൻലീഗിന്റെയും സൺഡെ സ്കൂളിന്റെയും സംയുക്ത ദുക്റാന തിരുനാൾ ആഘോഷം നടത്തി. തോമാശ്ലീഹായുടെ ജീവചരിത്രത്തെ ആസ്പദമാക്കി ലൈവ് ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു.

**മഞ്ഞൂറ ശാഖ**

പ്രവർത്തന വർഷ ഉൽഘാടനവും മാർഗ്ഗരേഖ പ്രകാശനവും നടത്തി. ശനിയാഴ്ച്ചകളിൽ അൾത്താര സംഘം കുട്ടികൾക്ക് പ്രാർത്ഥന, പരിശീലനം  നൽകി. ശാഖാ ഭാരവാഹികൾ രൂപതാ കൗൺസിലിൽ പങ്കെടുത്തു. പരിശുദ്ധ ത്രിത്വത്തിന്റെതിരുനാൾ ദിനത്തിൽ കുട്ടികൾക്ക് പ്രാർത്ഥന നടത്തി. പരിശുദ്ധ കുർബായുടെ തിരുനാളിനോടനുബന്ധിച്ച് കുട്ടികൾക്ക് ദിവ്യ കാര്യണ്യ ആരാധന നടത്തി. പിതാക്കൻമാർക്കുവേണ്ടി പ്രാർത്ഥിച്ചു. ഞായറാഴ്ച കുർബാനക്കുശേഷം ആ ആഴ്ച്ചയിൽ ജന്മദിനം ആഘോഷിക്കുന്ന കുട്ടികൾക്ക് ജപമാല നൽകി. SSLC, +2, A+ വിജയികളെ അനുമോദിച്ചു. എക്സിക്യൂട്ടീവ്, മാനേജിംഗ് കമ്മറ്റി കൂടി.

**നരിവാലമുണ്ട ശാഖ**

**പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു**

മേഖല തെരഞ്ഞെടുപ്പിലും തുടർന്നുള്ള സെമിനാറിലും പങ്കെടുത്തു. പിതൃദിനത്തോടനുബന്ധിച്ച് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ഇടവകയിലെ കുട്ടിയുടെ പിതാവിനെ ആദരിക്കുകയും ഉപഹാരം നൽകുകയും ചെയ്തു. വായനാദിനത്തിൽ വായിക്കാനായി കുട്ടികൾക്ക് പുസ്തകം വിതരണം ചെയ്തു . SSLC,Plus Two വിജയികളെ അനുമോദിച്ചു സമ്മാനം നൽകി. ലഹരി വിരുദ്ധ ദിനത്തിൽ CML അംഗങ്ങൾ പ്ലക്കാർഡുകൾ പിടിച്ച് സെന്റ് ജോസഫ് കുരിശടിയിലേക്ക് ലഹരിവിരുദ്ധ റാലി നടത്തുകയും, സ്കൂൾ

ലീഡർ ആൽബിൻ നമ്പടാംകുന്നേൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും CML അംഗങ്ങൾ ഏറ്റു ചൊല്ലുകയും ചെയ്തു. ലഹരി വിരുദ്ധ ദിനത്തിന്റെ പ്രസക്തിയെക്കുറിച്ച് ഡാൽഫി വടക്കേക്കുന്നേൽ പ്രസംഗിച്ചു.

**പ്രശാന്തഗിരി ശാഖ**

ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് പ്രശാന്തിഗിരി ശാഖയിലെ കുഞ്ഞു മിഷനറിമാർ വിവിധങ്ങളായ കലാപരിപാടികൾ സംഘടിപ്പിച്ചു, വേദപാഠ അധ്യാപിക ലീന ടീച്ചറിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി സെന്റ് തോമസിനെ കുറിച്ചുള്ള ക്ലാസ് സംഘടിപ്പിച്ചു, എസ്. എസ്. എൽ. സി. പ്ലസ് ടു വിഭാഗങ്ങളിൽ ഫുൾ എ പ്ലസ് നേടിയവരെയും വിജയികളായവരെയും ക്യാഷ് അവാർഡ് നൽകി ആദരിച്ചു. പൊതുസമ്മേളനത്തിന് ശേഷം മധുര പലഹാരം വിതരണം ചെയ്തു.

**കളത്തുവയൽ**

പന്തക്കുസ്താ തിരുനാൾ ദിനത്തിൽ പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും വചനവും എഴുതി കുട്ടികൾക്കു കൊടുത്തു. കുഞ്ഞുങ്ങളെ എഴുത്തിനിരുത്തി. പ്രവേശനോത്സവം നടത്തി. ബസ്റ്റാന്റ് വൃത്തിയാക്കി. പഠനോപകരണ ശേഖരണം നടത്തി. SSLC, +2 വിജയികളെ ആദരിച്ചു. ലഹരി വിരുദ്ധ സെമിനാർ നടത്തി.

**മേഖല വാർത്തകൾ**

**ബത്തേരി മേഖല**

**മണ്ണിലിറങ്ങാം പച്ചവിരിക്കാം**

ജൂൺ 5 ഞായറാഴ്ച പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ശാഖകളുടെ നേതൃത്വത്തിൽ ദേവാലയ പരിസരത്ത് ജൂബിലി വൃക്ഷത്തൈ നടുകയും പരിസ്ഥിതി സംരക്ഷണ മുദ്രാവാക്യങ്ങൾ, പ്ലകാർഡുകളും പോസ്റ്ററുകളും ചിത്രങ്ങളും തയ്യാറാക്കി പ്രദർശിപ്പിക്കുകയും ചെയ്തു. പരിസ്ഥിതി ദിന സന്ദേശങ്ങൾ ഉൾകൊള്ളിച്ചുകൊണ്ടുള്ള ശാഖാ അംഗങ്ങളുടെ വീഡിയോ പ്രെസന്റേഷൻ സമൂഹമാധ്യമങ്ങളിൽ പങ്കുവച്ചു.

വചനകാന്തി 2022: പ്രതിദിനം നമുക്കോരോ വചനം ഹൃദ്യസ്ഥമാക്കാം. വചനകാന്തി ഉള്ളിൽ നിറയട്ടെ. ജീവിത്തിലൂടെ ലോകം മുഴുവൻ പ്രസരിക്കട്ടെ എന്ന ലക്ഷ്യത്തോടുകൂടെ ദിവസവും ഓരോ വചനം പോസ്റ്ററുകളിലാക്കി സോഷ്യൽ മീഡിയയിൽ ഷെയർ ചെയുന്നു. വായനാ വാരാചരണത്തോടനുബന്ധിച്ച് ദീപിക ദിനപത്രത്തെ അടിസ്ഥാനമാക്കി ഗൂഗിൾ ഫോമിലൂടെ പ്രശ്നോ

ത്തരി മത്സരം സംഘടിപ്പിച്ചു. പന്തക്കുസ്ത തിരുന്നാളിനോടനുബന്ധിച്ച് 5 മുതൽ 12 ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്കായി സഹായകനായ പരിശുദ്ധാത്മാവ് എന്ന വിഷയത്തിൽ ചിത്രരചനാ മത്സരം നടത്തി. പ്രവർത്തവർഷ ഉദ്ഘാടനത്തോടനുബന്ധിച്ച് ജൂബിലിനിറവിൽ എന്റെ മിഷൻലീഗ് എന്ന വിഷയത്തിൽ രൂപതാ സെക്രട്ടറി തങ്കച്ചൻ മാപ്പിളക്കുന്നേൽ സെമിനാർ നയിച്ചു. പരിശുദ്ധ കുർബാനയുടെ തിരുന്നാളിനോടനുബന്ധിച്ച് ഓരോ വിശുദ്ധരും പരി. കുർബാനയെ പറ്റി പറഞ്ഞ മഹത് വാചകങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പോസ്റ്ററുകൾ 1 ആഴ്ച ഷെയർ ചെയ്തു.

ഓരോ വിശുദ്ധരുടെ തിരുനാളുകളിലും അവരുടെ സമർപ്പിത സന്യസ്ഥസഭകളെ പോസ്റ്റർ മുഖേന പരിചയപ്പെടുത്തുന്നു

ഓരോ ദിവസവും ഓരോ ലഹരി പദാർത്ഥങ്ങളെ കുറിച്ചും അവയുടെ പാർശ്വഫലങ്ങളും അറിയിച്ചു കൊണ്ട് ദിവസവും പോസ്റ്ററുകൾ ഷെയർ ചെയ്തു. പുതിയ അദ്ധ്യായന വർഷത്തോടനുബന്ധിച്ച് പ്രവർത്തന വർഷ ഉദ്ഘാടനത്തിന് തോമാട്ടുചാൽ കരണി എന്നീ രണ്ട് ശാഖകളിലെ അർഹതപ്പെട്ട രണ്ട് കുട്ടികൾക്ക് നൽകുവാൻ ബാഗ്, ബുക്ക്, തുടങ്ങിയവ അടങ്ങുന്ന പഠന കിറ്റ് ഭാരവാഹികളെ ഏൽപ്പിച്ചു. ലഹരിവിരുദ്ധ വാരാചരണത്തോടനുബന്ധിച്ച് ലഹരി വിരുദ്ധ പ്രതിജ്ഞ ലഹരിക്കടിമപ്പെട്ടവർക്ക് വേണ്ടി പ്രാർത്ഥന എന്നിവയുള്ള പോസ്റ്റർ ഷെയർ ചെയ്തു.

**തരിയോട് മേഖല**

പുതുശ്ശേരിക്കടവ് ശാഖയിൽ വെച്ച് മേഖലാ ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയും മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്തു. കാവുംമന്ദം പള്ളിയിൽ വെച്ച് പ്രവർത്തനവർഷ ഉൽഘാടനവും മാർഗ്ഗരേഖാ പ്രകാശനവും നടത്തി. പുതിയ ഡയറക്ടർ ഫാ. പോൾ ഇടയകൊണ്ടാട്ട് അച്ചന് സ്വാഗതവും Feast ന്റെ മംഗളങ്ങളും നേർന്നു.

July 3-ാം തിയതി തോമസ് നാമധാരികളായ മേഖലയിലെ എല്ലാവർക്കും ആശംസകൾ നേർന്നു. ഉച്ച കഴിഞ്ഞ് മേഖല ഭാരവാഹികളും മേഖലയിലെ ശാഖാ ഭാരാവാഹികളും ജോ. ഡയറക്ടർ സിസ്റ്റേഴ്സും ചേർന്ന് സെന്റ് തോമസ് പള്ളിയായ അരിഞ്ചേർമല പള്ളിയിലേയ്ക്ക് തീർത്ഥാടനം നടത്തുകയും നോവേന ചൊല്ലുകയും ചെയ്തു.

**ചുങ്കക്കുന്ന് മേഖല**

പ്രവർത്തന വർഷ ഉദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും നടത്തി. ചുങ്കക്കുന്ന് ഫൊറോന വികാരി റവ. ഫാ. ജോയി തുരുത്തേൽ പ്രവർത്തന വർഷ ഉദ്ഘാടവും, രൂപതാ പ്രസിഡന്റ് ശ്രീ. ബിനീഷ് തുമ്പിയാംകുഴി മാർഗ്ഗരേഖ പ്രകാശവും നിർവഹിച്ചു. ബഫർസോൺ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിഷേധ റാലി സംഘടിപ്പിച്ചു. ലഹരി വിരുദ്ധ ദിനത്തിൽ ലഹരിക്കെതിരെ അണിചേർന്ന് പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു.

ജൂബിലി നിറവിൽ പ്രേഷിതാവേശത്തോടെ ചെമ്മഞ്ഞ കൊടിക്കീഴിൽ അണിനിരക്കാം. നമ്മുക്ക് മുന്നേ വഴിതെളിച്ച പ്രേഷിതവര്യന്മാരൂടെ പാദകൾ പിൻതുടരാം. പരി. അമ്മയുടെ സ്വർഗാരോപണ തിരുനാളിന്റെയും ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ ഏവർക്കും നേരുന്നു.

സ്നേഹപൂർവ്വം,
**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി.എം.എൽ രൂപതാ സെക്രട്ടറി

# Department of Youth Ministry

**അഭിനന്ദനങ്ങൾ**

2021-2022 വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷയിൽ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ ഉന്നത വിജയം കരസ്ഥമാക്കി. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ എയ്ഞ്ചലീനാ ബിജു നടവയൽ, സെറിൻ ആൻ രാജേഷ് ചുങ്കക്കുന്ന്, എമിൽ ഷാജു കൽപ്പറ്റ, തോമസ് അലക്സ് തലഞ്ഞി, ലിയ ഷിജു അരിഞ്ചേർമല, ദിയ അന്ന ജോസഫ് പനമരം, ആഗ്ന അഗസ്റ്റിൻ കൽപ്പറ്റ, ഇമ്മാനുവേൽ കെ ജോർജ് പയ്യമ്പിള്ളി, അതുല്യ സെബാസ്റ്റ്യൻ മഞ്ഞൂറ എന്നിവർക്ക് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ അഭിനന്ദനങ്ങൾ.

പ്ലസ് ടു പരീക്ഷയിൽ മികച്ച വിജയം നേടിയ ലൈഫ് ട്രെയിനിങ് 2016 ബാച്ചുകാരായ ഐറിൻ മേരി സജി നടവയൽ, അബിറ്റ ജോസ് മരകാവ്, ആൻ മരിയ റോസ് തോമസ് മണിമൂളി, അപർണ എബി മരക്കടവ്, ആൽഫ്രഡ് ജോൺസൺ പൂളപ്പാടം, അനോവ ജേക്കബ് കേണിച്ചിറ, ആഷ്‌ലിൻ എലിസബത്ത് പൂക്കോട്ടുംപാടം, മേധാ തെരേസ മണിമൂളി, എമിൽ മരിയ പൂളപ്പാടം, എന്നിവർക്ക് അനുമോദനങ്ങൾ.

**തിരുനിണം**

തിരുരക്തത്തിന് പ്രതിഷ്ഠിതമായ ജൂലൈ മാസം മുഴുവനും സോഫിയ സ്റ്റാറ്റസ് വീഡിയോസ് 'തിരുനിണം' എന്ന പേരിൽ പ്രസിദ്ധീകരിച്ചു തുടങ്ങി. തിരുരക്തത്തോടുള്ള ആദരവും ഭക്തിയും വളർത്തുവാൻ ഇത് ഏറെ സഹായകരമാകുന്നു. ലൈഫ് ട്രെയിനിങ് വിദ്യാർത്ഥിനി ആൻ മരിയ അജിൻ നിലമ്പൂർ ആണ് ഇതിന് നേതൃത്വം നൽകിയത്.

**ഭാരത അപ്പസ്തോലനോടൊപ്പം**

മാർത്തോമ്മാ ശ്ലീഹാ ഭാരതത്തിലെത്തിയതിന്റെ 1950-ാം വർഷങ്ങൾ പിന്നിടുന്ന ഈ വർഷം ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ സമുചിതമായി ആഘോഷിച്ചു. വിശുദ്ധ തോമ്മാശ്ലീഹായെക്കുറിച്ചുള്ള പഠനങ്ങൾ ഉൾക്കൊള്ളുന്ന വീഡിയോകൾ ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥിനി എയ്ഞ്ചലീന ബിജുവിന്റെ നേതൃത്വത്തിൽ ക്രമീക

രിച്ച് എല്ലാവർക്കും പങ്കുവച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ജൂലൈ മാസം നാലാം തീയതി തിങ്കളാഴ്ച വൈകുന്നേരം ഏഴര മണിക്ക് ദുക്റാന ക്വിസ് മത്സരം സംഘടിപ്പിച്ചു. 50 വിദ്യാർത്ഥികൾ പങ്കെടുത്ത ക്വിസ് മത്സരത്തിൽ സാൻജോ മാത്യു കുഞ്ഞോം, ജോസ്ന പി ജോസഫ് മൊതക്കര എന്നിവർ ഒന്നാം സ്ഥാനവും അലൻ ജോസഫ് ജോയ് ചുങ്കക്കുന്ന് രണ്ടാം സ്ഥാനവും, മരിയ റോസിലിൻ വടക്കനാട് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**ലൈഫ് ട്രെയിനിങ്ങ് ഓൺലൈൻ പരിശീലനം**

കനത്ത മഴയെത്തുടർന്ന് താമസിച്ചുള്ള ലൈഫ് ട്രെയിനിങ് പരിശീലനം ബുദ്ധിമുട്ടായതിനാൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചു. ജൂലൈ മാസം എട്ടാം തീയതി വൈകുന്നേരം ആറുമണി മുതൽ ജൂലൈ 9 ശനിയാഴ്ച നാലുമണിവരെയാണ് ഓൺലൈൻ പരിശീലനം നടന്നത്. 2019, 2020, 2021 ബാച്ചുകൾക്ക് വേണ്ടി സംഘടിപ്പിച്ച ഈ പരിശീലനത്തിൽ 60 വിദ്യാർഥികൾ പങ്കെടുത്തു. കെമിസ്ട്രി വിഷയത്തിൽ സി. അനിത ജോസ് സി. എം. സി ക്ലാസുകൾ നയിച്ചു. ക്വിസ് മത്സരങ്ങൾ, വചന പഠനം, ബൈബിൾ പാരായണം, എന്നിവയ്ക്ക് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കലും യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളും നേതൃത്വം നൽകി.

**മൗണ്ട് കാർമൽ**

2022 ജൂലൈ പതിനാറാം തീയതി കർമ്മലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ 9 ദിവസം 'മൗണ്ട് കാർമൽ' സ്റ്റാറ്റസ് വീഡിയോസ് നിർമ്മിച്ച് സോഷ്യൽ മീഡിയ വഴി പ്രസിദ്ധപ്പെടുത്തി. 2020 ബാച്ചുകാർ ഇതിന് നേതൃത്വം വഹിച്ചു.

**ലൈഫ് പരിശീലനം**

2022 ജൂലൈ 19-20 തീയതികളിലായി ലൈഫ് 2018 ബാച്ചുകാരുടെ സംഗമം നടത്തി. 12 വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. കുമ്പസാരം, വിശുദ്ധ കുർബാന, ക്ലാസുകൾ, പങ്കുവെയ്ക്കലുകൾ എന്നിവയിലൂടെ കൂടുതൽ ഉണർവ് ലഭിക്കുന്ന വിധമായിരുന്നു സംഗമം. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി. ആൻസി തോമസ് സി.എം. സി, സി. ഡെൽഫി മരിയ സി. എം. സി എന്നിവരുടെ നേതൃത്വത്തിലായിരുന്നു പ്രസ്തുത സംഗമം.

**സി. ആൻസി തോമസ് സി. എം. സി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**മലബാർ യൂത്ത് കോൺക്ലേവ്**

മലയോര കുടിയേറ്റ കർഷകരെ ബാധിക്കുന്ന ബഫർസോൺ പ്രഖ്യാപനത്തിനെതിരെ കെ.സി.വൈ.എം സംസ്ഥാന സമിതി യുടെ നേതൃത്വത്തിൽ മാനന്തവാടി രൂപതയുടെ ആതിഥേയത്വ ത്തിൽ മലബാർ യൂത്ത് കോൺക്ലേവ് നടത്തപ്പെട്ടു. കെ.സി.വൈ.എം മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ സജിൻ ചാലിൽ മോഡറേറ്റ റായി, കെ.സി.വൈ.എം സംസ്ഥാന പ്രസിഡണ്ട് ശ്രീ. ഷിജോ ഇടയാടിൽ, കൽപ്പറ്റ എംഎൽഎ അഡ്വക്കേറ്റ് ടി സിദ്ദിഖ്, കിഫാ സംസ്ഥാന ചെയർമാൻ അഡ്വക്കേറ്റ് അലക്സ് ഒഴുകയിൽ, ഹൈക്കോടതി അഭിഭാഷകൻ അലക്സ് എം സ്കറിയ, മാനന്ത വാടി കർഷകൻ ശ്രീ ബേബി കൈനികുടി എന്നിവർ ആശയങ്ങൾ പങ്കുവച്ചു. കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറി ശ്രീ ഷിജോ നിലക്കപ്പിള്ളി സംസ്ഥാനപ്രമേയം അവതരിപ്പിച്ചു.

**രോഷാഗ്നി പന്തം കൊളുത്തി പ്രകടനം**

മലയോര കുടിയേറ്റ കർഷകരെ ബാധിക്കുന്ന ബഫർ സോൺ പ്രഖ്യാപനത്തിനെതിരെ കെ.സി.വൈ.എം സംസ്ഥാന സമിതി മാനന്തവാടി രൂപതയുടെ ആതിഥേയത്വത്തിൽ മാനന്തവാടി ടൗണിൽ പന്തം കൊളുത്തി പ്രകടനം നടത്തി. മാനന്തവാടി ലിറ്റിൽ ഫ്ളവർ സ്കൂൾ ഗ്രൗണ്ടിൽ നിന്ന് ആരംഭിച്ച് ഗാന്ധി പാർക്കിലേക്ക് നടത്തിയ പ്രകടനത്തിൽ ഇരുന്നൂറോളം യുവജനങ്ങൾ പങ്കു ചേർന്നു. ബഫർ സോൺ പിൻവലിക്കുക, മലയോര ജനതയുടെ ആശങ്കകൾ പരിഹരിക്കുക, എന്ന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിയ പ്രകടനത്തിൽ ബത്തേരി, താമരശ്ശേരി, മാനന്തവാടി, തല ശ്ശേരി, കോഴിക്കോട്, കണ്ണൂർ എന്നീ രൂപതകളിൽ നിന്ന് യുവജന പ്രതി നിധികൾ പങ്കെടുത്തു. രൂപതാ സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ, മാനന്തവാടി, പയ്യമ്പള്ളി, ദ്വാരക, കല്ലോടി മേഖല സമിതികൾ നേതൃത്വം നൽകി.

**അഗ്നിപഥ് ഹെല്പ് ഡെസ്ക്**

യുവജനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ ആർമി, നേവി, എയർ ഫോഴ്സ് മേഖലകളിൽ ജോലി സാധ്യതകൾ ഏറെ നൽകുന്ന

അഗ്നിപഥ് സൈനിക റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട അവബോധം സൃഷ്ടിക്കാനും, രജിസ്റ്റർ ചെയ്യുവാനും സഹായിക്കാനുമായി ഹെല്പ് ഡസ്ക് രൂപീകരിച്ചു.

**ബഹുജനപ്രക്ഷോഭ മാർച്ചും പൊതുസമ്മേളനവും**

കേരളത്തിലെ മലയോര കർഷകരുടെ ആശങ്കകൾ വലിയ തോതിൽ വർദ്ധിപ്പിക്കുന്ന ബഫർ സോൺ വിജ്ഞാപനത്തിനെതിരെ സേവ് വയനാട് ഫോറത്തിന്റെ നേതൃത്വത്തിൽ ബഹുജനപ്രക്ഷോഭ മാർച്ചും പൊതുസമ്മേളനവും നടത്തപ്പെട്ടു. 2022 ജൂലൈ 4ന് കൽപ്പറ്റ പുതിയ ബസ് സ്റ്റാൻഡിൽ നിന്നും കലക്ടറേറ്റിലേക്കുള്ള റാലിക്ക് കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. റ്റിബിൻ വർഗീസ് പാറക്കൽ ഐക്യദാർഢ്യം പ്രഖ്യാപിച്ച് സംസാരിച്ചു. മേഖലകളിൽ നിന്നുള്ള യുവജനങ്ങൾ പങ്കെടുത്തു.

**നിവേദനം നൽകി**

2022 അധ്യയന വർഷം ആരംഭിച്ചു കഴിഞ്ഞ സാഹചര്യത്തിൽ കുട്ടികളുടെയും യാത്രക്കാരുടെയും സുരക്ഷിതത്വം ഉറപ്പുവരുത്താനായി സ്കൂളുകളോട് ചേർന്നുള്ളതും ടൗണുകളിലെയും സീബ്രാ ലൈനുകളും ട്രാഫിക് ബോർഡുകളും വ്യക്തമാക്കാനും കൊണ്ടുവരുവാനും ഉതകുന്ന ക്രമീകരണങ്ങൾ നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് രൂപതാ സമിതി കൽപ്പറ്റ നിയോജകമണ്ഡലം എം. എൽ. എ അഡ്വക്കേറ്റ് ടി. സിദ്ദിഖിന് നിവേദനം സമർപ്പിച്ചു.

**പ്രതിഷേധാർഹം**

'ദേവസഹായം പിള്ളയും വിശുദ്ധ പാപങ്ങളും' എന്ന തലക്കെട്ടോടെ മുരളി പാറപ്പുറം, ആർ.എസ്.എസ് ന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ കേസരിയിൽ എഴുതിയ ലേഖനം പ്രതിഷേധാർഹം. വിശുദ്ധനായ ദേവസഹായത്തെയും കത്തോലിക്കാ സഭയെയും വിശുദ്ധപദവി പ്രഖ്യാപനത്തെയും അവഹേളിക്കുന്ന ഇത്തരത്തിലുള്ള ലേഖനങ്ങൾ ക്രൈസ്തവരെ തരംതാഴ്ത്തി കെട്ടുക എന്ന ലക്ഷ്യത്തോടെ പ്രചരിപ്പിക്കുന്നതാണ്. വസ്തുതകളെ കാറ്റിൽ പറത്തി ക്രൈസ്തവസമൂഹത്തെ മാഫിയയ്ക്ക് സമാനമായി അവതരിപ്പിക്കുന്ന ഇത്തരത്തിലുള്ള അവഹേളനപരമായ പരാമർശങ്ങൾ അടങ്ങിയ ലേഖനങ്ങൾക്ക് എതിരെ ശക്തമായ പ്രതിഷേധം പ്രകടിപ്പിച്ചു.

**കേരളക്കരയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കമിട്ട നവോത്ഥാനനായകൻ - ചാവറയച്ചൻ**

സവർണ്ണനും അവർണ്ണനും ഒരു ബെഞ്ചിലിരുന്ന് തുല്യമായ

വിദ്യാഭ്യാസം ലഭിക്കണം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിയ ധീര പുരുഷനും സാമൂഹ്യ തിന്മകൾക്കും ഉച്ചനീചത്വങ്ങൾക്കുമെതിരെ ശക്തമായ സ്വരവും ചരിത്രപുരുഷനുമായ വി. ചാവറ കുര്യാക്കോസ് അച്ചനെ ഏഴാം ക്ലാസിലെ സാമൂഹ്യ ശാസ്ത്ര പാഠപുസ്തകത്തിലെ ചരിത്രത്തിൽ നിന്ന് പുറത്താക്കിയതിനെതിരെ ശക്തമായ പ്രതി ഷേധം രേഖപ്പെടുത്തി.

**യുവജന ദിനാഘോഷം REJOICE 2022**

'ക്രിസ്തു സാക്ഷ്യം ഉജ്ജ്വലിത യുവത്വത്തിന്റെ അടയാളം' എന്ന പ്രവർത്തന മുദ്രാവാക്യവുമായി മുന്നേറുന്ന കെ.സി.വൈ. എം മാനന്തവാടി രൂപത, കൽപ്പറ്റ മേഖലയുടെ ആതിഥേയത്വത്തിൽ സെന്റ്. വിൻസെന്റ് ഡീ പോൾ ഓഡിറ്റോറിയത്തിൽ വെച്ച് വി. പൗലോസ് ശ്ലീഹാ അനുസ്മരണവും കെ.സി.ബി.സി യുവജന ദിനമായ ജൂലൈ 10ന് യുവജനദിനാഘോഷം REJOICE 2022 സംഘടിപ്പിച്ചു. സമഗ്രവ്യക്തിത്വ വികസനത്തെ മുൻനിർത്തി കൊണ്ട് സാമൂഹികതിന്മകളിൽ നിന്ന് വ്യതിചലിച്ച് യുവജനങ്ങൾ കരുത്താർജ്ജിക്കണം എന്ന് ആഹ്വാനം ചെയ്തുകൊണ്ട് ഇന്റലി ജൻസ് എസ് പി ശ്രീ. പ്രിൻസ് അബ്രാഹം ഉദ്ഘാടനം ചെയ്ത യോഗത്തിന് കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. റ്റിബിൻ പാറക്കൽ അധ്യക്ഷത വഹിച്ചു. കൽപ്പറ്റ ഫൊറോന വികാരി ഫാ. മാത്യു പെരിയപ്പുറം അനുഗ്രഹപ്രഭാഷണം നടത്തി സംസാരിച്ചു. സമൂഹത്തിൽ യുവജനങ്ങളുടെ പ്രാധാന്യത്തെക്കു റിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും വ്യക്തമായ ദിശാബോധം നൽകി ചെറുപുഷ്പമിഷൻലീഗിന്റെ സംസ്ഥാന ഓർഗനൈസർ ശ്രീ. അരുൺ പുത്തൻപുരക്കൽ സെഷനുകൾ നയിച്ചു. മേഖല പ്രസിഡന്റ് ശ്രീ ജിക്സൺ വടുകൂട്ട്, സിന്ഡിക്കേറ്റ് അംഗങ്ങളായ റവ ഫാ. റെജി മുതുകത്താനി, ജോസലിൻ കദളിമറ്റം, ആനിമേറ്റർ സി. അർപ്പിത അയാംകുടിയിൽ SABS, അമിത് മാത്യു എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു.

**ടാസ്ക് ഫോഴ്സ്**

മഴക്കെടുതി മൂലം ദുരിതമനുഭവിക്കുന്നവർക്ക് കരുതലിന്റെ കരങ്ങളായി, ആവശ്യഘട്ടങ്ങളിൽ ബന്ധപ്പെടാനായി ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. രൂപതയുടെ 13 മേഖലകളിൽ നിന്നായി 13 പ്രാദേശിക കോർഡിനേറ്റർമാരും രൂപതലത്തിൽ 2 കോഡിനേറ്റർ മാരുമാണ് നേതൃത്വം നൽകുന്നത്.

**പത്ര പ്രസ്താവന**

**കൈത്താങ്ങ് ആവണം കൈവിടാൻ ആവരുത്: കെ.സി.വൈ.എം മാനന്തവാടി രൂപതാ**

അഗതികൾക്കുള്ള പെൻഷനും റേഷനും നിർത്തലാക്കിയ സർക്കാർ നടപടി പ്രതിഷേധാർഹമെന്ന് കെ.സി.വൈ.എം മാനന്തവാടി രൂപത. കേന്ദ്രവിഹിതം ലഭിക്കില്ലെന്ന കാരണത്താൽ നിർത്തലാക്കുന്ന ഈ പദ്ധതിയുടെ പരിണിതഫലമായി ആരും തുണയില്ലാത്ത ഒരു വിഭാഗം ജനങ്ങളാണ് ദുരിതത്തിലാകുന്നത്. അഗതികൾക്കുള്ള റേഷനും ക്ഷേമപെൻഷനും ഉടൻ തന്നെ പുനരാരംഭിക്കണമെന്നും ഇല്ലാത്തപക്ഷം ശക്തമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകുമെന്നും കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ ടിബിൻ പാറക്കൽ പറഞ്ഞു. അനാഥമന്ദിരങ്ങളിലും, അഭയഭവനുകളിലും വസിക്കുന്നവർക്ക് ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കാൻ സർക്കാർ ഇടപെടൽ അടിയന്തരമായി ഉണ്ടാകണമെന്ന് രൂപത സമിതി അറിയിച്ചു.

**നന്ദിയോടെ**

മാതൃവാത്സല്യം നൽകി കൂടെയായിരുന്ന്, സ്തുത്യർഹമായ സേവനത്തിനുശേഷം പുതിയ കർമപഥത്തിലേക്ക് പ്രവേശിക്കുന്ന കല്ലോടി മേഖല ആനിമേറ്റർ സി. ജിനി FCC, കൽപ്പറ്റ മേഖല ആനിമേറ്റർ സി. അനിലിറ്റ് SH, ദ്വാരക മേഖല ആനിമേറ്റർ സി. ആൻ തെരേസ് SH, മുള്ളൻകൊല്ലി ആനിമേറ്റർ സി. അഞ്ജലി SKD, തരിയോട് മേഖല ആനിമേറ്റർ സി. ജീന SH, ചുങ്കക്കുന്ന് മേഖല ആനിമേറ്റർ സി. മേഴ്സിൻ SH, നീലഗിരി മേഖല ആനിമേറ്റർ സി. റോസ്ന SH എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദിയും പുതിയ പ്രവർത്തന മേഖലകളിലേക്ക് എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

**ആദരാഞ്ജലികൾ**

മാനന്തവാടി രൂപതാ വികാരി ജനറാളും കെ.സി.വൈ.എം സഹരക്ഷധികാരിയുമായ മോൺ. പോൾ മുണ്ടോളിക്കൽ അച്ചന്റെ പിതാവ് ജോസഫ് പൈലി മുണ്ടോളിക്കലിന് ആദരാഞ്ജലികൾ അറിയിച്ചു.

**മേഖലാ വാർത്തകൾ**

**കല്ലോടി മേഖല**

കെ.സി.വൈ.എം മനന്തവാടി രൂപതയുടെ നേതൃത്വത്തിൽ പന്തക്കുസ്താ തിരുനാളിനു ഒരുക്കമായുള്ള ആത്മജ്വാല നടത്ത

പ്പെട്ടു. കല്ലോടി മേഖല,കല്ലോടി യൂണിറ്റിൽ ആതിഥേയത്വം വഹിച്ചു. കല്ലോടി മേഖല കല്ലോടി യൂണിറ്റിൽ കാർലോസ് കാരവന് വേദിയൊരുങ്ങി. കല്ലോടി മേഖല ഡയറക്ടർ റവ. ഫാ ആന്റോ ചിറയിൽപറമ്പിലിന് ജന്മദിനാശംസകൾ നേർന്നു. ജൂലൈ 3 വി. തോമാശ്ലീഹായുടെ തിരുന്നാൾ ദിനം പ്രവർത്തിദിനമാക്കി മാറ്റിയ പൊതുമരാമത്ത് വകുപ്പിന്റെ പ്രകോപനപരമായ നിലപാടിന് എതിരെ സമിതി പ്രതിഷേധമറിയിച്ചു. കല്ലോടി മേഖലയുടെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം മക്കിയാട് യൂണിറ്റിന്റെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു. കല്ലോടി മേഖലയുടെ ആനിമേറ്റർ സിസ്റ്റർ നിർമ്മല ജോർജ് എസ്. എച്ചിന് സ്വാഗതമാശംസിച്ചു. അഗതികൾക്കുള്ള പെൻഷനും റേഷനും നിർത്തലാക്കിയ സർക്കാർ നടപടി പ്രതിഷേധാർഹമെന്നും, കേരള പാഠാവലി ഏഴാം ക്ലാസിലെ നവോത്ഥാന ചരിത്രത്തിൽ നായകനിരയിൽ നിന്ന് നവോത്ഥാനത്തിന്റെ രാജശില്പിയായ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ ബോധപൂർവ്വം തമസ്കരിച്ചതിൽ പ്രതിഷേധിക്കുകയും ശക്തമായി അപലപിക്കുകയും ചെയ്തു. അഗതികൾക്കുള്ള റേഷൻ പുനർസ്ഥാപിച്ച സംസ്ഥാന ഭക്ഷ്യ വകുപ്പ് മന്ത്രിക്ക് അഭിനന്ദനങ്ങൾ അറിയിച്ചു.

**മുള്ളൻകൊല്ലി മേഖല**

La Vigilia പന്തക്കുസ്ത ദിന ജാഗരണ പ്രാർത്ഥന മുള്ളൻകൊല്ലി മേഖലയുടെ നേതൃത്വത്തിൽ പന്തക്കുസ്താദിനത്തിന് ഒരുക്കമായി മരക്കടവ് യൂണിറ്റിൽ വെച്ച് നടത്തി. യൂണിറ്റുകളിൽ നിന്ന് യുവജനങ്ങൾ പങ്കെടുത്തു. പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി വിവിധയൂണിറ്റുകളിൽ മുൻ വർഷങ്ങളിൽ നട്ട ചെടികൾ സംരക്ഷിക്കുന്നതിനുള്ള പരിപാടികൾ നടത്തുകയും പുതിയ വൃക്ഷങ്ങൾ നടുകയും ചെയ്തു. വിശുദ്ധരുടെ തിരുനാൾ ആചരിച്ചു. ഫൊറോനാ വികാരി റവ. ജോസ് തേക്കനാടിയച്ചന് ജന്മദിനാശംസകൾ നല്കി. ബഫർ സോൺ വിജ്ഞപനത്തിനെതിരെ കെ. സി. വൈ. എം മാനന്തവാടി രൂപതാ നയിച്ച സ്റ്റാറ്റസ് മാർച്ചിൽ മേഖല ഭാരവാഹികളും, യൂണിറ്റ് ഭാരവാഹികളും സജീവ പങ്കാളിത്തം വഹിച്ചു പ്രതിക്ഷേധത്തിൽ അണിചേർന്നു. ബഫർ സോൺ പ്രഖ്യാപനത്തിതെിരെ പ്രക്ഷോഭ റാലിയിലും, പൊതുസമ്മേളനത്തിലും മേഖലയുടെ സജീവപങ്കാളിത്തം നല്കി. ബഫർ സോൺ വിജ്ഞാപനത്തിനെതിരെ മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത് നടത്തിയ ഗ്രാമസഭയിൽ മേഖല പ്രതിനിധികൾ പങ്കെടുക്കുകയും അഭിപ്രായം രേഖപ്പെ

ടുത്തുകയും ചെയ്തു. മുള്ളൻകൊല്ലി മേഖലയിലെ മേഖല അർദ്ധ വാർഷിക സെനറ്റ് അമരക്കുനി യൂണിറ്റിൽ വെച്ച് നടത്തി. ലോക ലഹരി വിരുദ്ധദിന ക്ലാസ് ലോകലഹരി വിരുദ്ധദിനത്തിൽ മുക്തി കോ - ഓഡിനേറ്റർ ശ്രീ വർഗീസ് സാർ  അംഗങ്ങൾക്ക് ക്ലാസ്സ് എടുത്തു. ബഫർ സോൺ പ്രഖ്യാപനത്തിനെതിരെ കെ. സി. വൈ. എം മുള്ളൻകൊല്ലി മേഖലയുടെ നേതൃത്വത്തിൽ പുൽപ്പള്ളി ടൗ ണിൽ പന്തം കൊളുത്തി പ്രകടനം നടത്തി. 'ഡോക്ടേഴ്സ് ഡേ' ദിനത്തിൽ എല്ലാ ഡോക്ടർമാർക്കും ആശംസകൾ അറിയിച്ചു.

**ചുങ്കക്കുന്ന് മേഖല**

ബഫർ സോൺ വിഷയത്തിൽ മാനന്തവാടി രൂപത നേതൃത്വ ത്തിൽ സംഘടിപ്പിച്ച ജനകീയ പ്രതിഷേധ പ്രകടനത്തിൽ മേഖല യിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. ചുങ്കക്കുന്ന് മേഖലയുടെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം നടത്തി. വിവിധ യൂണിറ്റുകളും, മേഖലയും റിപ്പോർട്ട് അവതരിപ്പിച്ചു. ഭരണകൂട ഭീകരതയുടെ ഇര യായ ഫാ. സ്റ്റാൻ സ്വാമിയുടെ ഒന്നാം രക്തസാക്ഷി ദിനാചരണം നടത്തി. പാൽച്ചുരം റോഡിലെ Sign board -കൾ കാട് കയറി വാഹന യാത്രക്കാർക്ക് ദൃശ്യമല്ലാത്ത രീതിയിലുണ്ടായിരുന്ന Sign board കൾ മേഖല സമിതിയുടെ നേതൃത്വത്തിൽ വൃത്തിയാക്കി.

**ദ്വാരക മേഖല**

ദ്വാരക മേഖലയുടെ നേതൃത്വത്തിൽ പന്തക്കുസ്താ തിരുനാ ളിന് ഒരുക്കമായി മംഗലശ്ശേരി ദേവാലയത്തിൽവച്ച് ജാഗരണ പ്രാർ ത്ഥന നടത്തി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കിഴങ്ങ് വർഗ ങ്ങളുടെ സംരക്ഷകനായ വയനാട് ആറാട്ടുതറ ഇളപ്പുപാറ എൻ. എം. ഷാജിയുടെ കൃഷിയിടം സന്ദർശിച്ചു. ദ്വാരക മേഖലയുടെ അർദ്ധവാർഷിക സെനറ്റ് നടത്തി. ദ്വാരക മേഖലയുടെ പുതിയ ആനി മേറ്റർ സി. രഞ്ജിതയെ സ്വാഗതം ചെയ്തു. പിതൃദിനം ആചരിച്ചു. ബഫർസോൺ പ്രഖ്യാപനത്തിനെതിരെ ദ്വാരക ടൗണിൽനിന്നും നാലാംമൈൽ വരെ പന്തം കൊളുത്തി പ്രകടനം സംഘടിപ്പിച്ചു. മേഖലയിലെ 9 യൂണിറ്റുകളിൽ നിന്നും അറുപതോളം യുവജന സുഹൃത്തുക്കൾ പ്രതിഷേധത്തിന് അണിനിരന്നു.

**നീലഗിരി മേഖല**

ജൂൺ 3-5 - സി വൈ എം നീലഗിരി മേഖലയുടെ ക്യാമ്പ് ആരവം 2022 ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. 3 ദിവസങ്ങളിൽ ആയി നടന്ന ക്യാമ്പിൽ മേഖലയിലെ വിവിധ യൂണിറ്റുകളിൽ നിന്നും 50 ഓളം യുവതിയുവാക്കൾ പങ്കെടുത്തു.

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മാനന്തവാടി രൂപ തയോടുചേർന്ന് പ്ലാസ്റ്റിക്ക് രഹിത ക്യാമ്പയിൻ ഭാഗമായി ബാഗു കൾ മേഖല പ്രതിനിധികൾ ഏറ്റുവാങ്ങി. നീലഗിരി മേഖല സമിതി മാഗസിൻ നിർമ്മാണ മത്സരം നടത്തി. അതിൽ നിന്നും തിരഞ്ഞെടുത്ത മികച്ച കൃതികൾ മേഖല മാഗസിനിൽ പ്രസിദ്ധി കരിക്കാൻ തീരുമാനിച്ചു. രൂപത നടത്തിയ ബഫർ സോണിനു എതിരായ സ്റ്റാറ്റസ് മാർച്ചിൽ പങ്കെടുത്തു. പ്രതിഷേധം രേഖപ്പെ ടുത്തി. ബഫർ സോൺ പ്രഖ്യാപനത്തിനെതിരെ കെ. സി. വൈ എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ബത്തേരിയിൽ വെച്ച് നടന്ന പ്രതിഷേധ റാലിയിൽ മേഖലയിൽ നിന്നും നിരവധി യുവജനങ്ങൾ പങ്കെടുത്തു.

**യൂണിറ്റ് വാർത്തകൾ**

**അമ്പായത്തോട് യൂണിറ്റ്**

പന്തക്കുസ്ത തിരുനാളിനോടനുബന്ധിച്ച് അഭിഷേകജ്വാല പ്രാർത്ഥന കൂട്ടായ്മ സംഘടിപ്പിച്ചു. പരിസ്ഥിതി ദിനത്തോട നുബന്ധിച്ച് മണ്ണിലിറങ്ങാം പച്ചവിരിക്കാം എന്ന പേരിൽ ദേവാല യപരിസരത്ത് അലങ്കാരസസ്യങ്ങൾ നട്ടു. മലയോരനിവസികളെ ഭീതിയിലാഴ്ത്തുന്ന ജനദ്രോഹ നടപടിയായ ബഫർസോൺ കരടുവിജ്ഞാപനം ജനവാസ മേഖലയിൽ നിന്നും പിൻവലി ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അമ്പായത്തോട് സെന്റ് ജോർജ് ഇടവക ദേവാലയത്തിൽ നിന്നും അമ്പായത്തോട് ടൗണി ലേക്ക് പ്രതിഷേധ പ്രകടനം നടത്തി. ഇടവകയിലെ നിർധന രായ കുട്ടികളെ സഹായിക്കുവാനായി ഒരുമിക്കാം പകുത്തു നൽകാം എന്ന സഹായ പരിപാടിയുടെ ഭാഗമായി പഠനോപകര ണങ്ങളുടെ കാഴ്ച്ചവെപ്പ് നടത്തി. ഇതിൽ പ്രകാരം ലഭിച്ച പഠനോ പകരണങ്ങൾ നിർധനരായ കുട്ടികൾക്ക് വിതരണം ചെയ്തു.

**മരക്കടവ് യൂണിറ്റ്**

പരിശുദ്ധ ത്രിത്വത്തിന്റെയും, വിശുദ്ധരുടെയും തിരുനാൾ ആഘോഷിച്ചു. ബഫർ സോണിനെതിരെ യുവജനങ്ങൾ സ്റ്റാറ്റസ് മാർച്ചിൽ പങ്കെടുത്തു. ഹാപ്പി ഫാദേഴ്സ് ഡേ ആചരിച്ചു. യുവ ജനങ്ങളുടെ സ്വർഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ തിരു നാൾ ആചരിച്ചു. ബഫർ സോണിനെതിരെ പുൽപ്പള്ളി ടൗൺ ചർ ച്ചിൽ വച്ച് നടന്ന യുവജന പ്രക്ഷോഭറാലിയിൽ യുവജനങ്ങൾ പങ്കെടുത്തു. കെ.സി.വൈഎം രൂപത ഡയറക്ടർ റവ. ഫാദർ അഗസ്റ്റിൻ ചിറക്കത്തോട്ടത്തിന് പിറന്നാൾ ആശംസകൾ അറി

യിച്ചു. ബഫർ സോണിനെതിരെ പുൽപ്പള്ളിയിൽ വച്ച് നടത്തിയ പന്തം കൊളുത്തി പ്രതിഷേധത്തിന് യുവജനങ്ങൾ പങ്കെടുത്തു. തോമസ് നാമധാരികൾക്ക് ആശംസകൾ നല്കി. യുവജനദിനത്തോടനുബന്ധിച്ച് യുവജനങ്ങൾ വി. ബലിയിൽ കാഴ്ചസമർപ്പണം നടത്തി. MSc സൈക്കോളജിയിൽ കർണാടക സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്നും കരസ്ഥമാക്കിയ സാനിയ മടിക്കാങ്കലിന് അഭിനന്ദനങ്ങൾ അറിയിച്ചു.

**പുതുശ്ശേരിക്കടവ് യൂണിറ്റ്**

ശാഖ ഡയറക്ടർ റവ. ഫാ. പോൾ ഇടയകൊണ്ടാട്ടിന്റെ നേതൃത്വത്തിൽ കെസിവൈഎം അംഗങ്ങൾ ഒന്നിച്ചുകൂടി ബഫർസോണിനെതിരെ പ്രതിക്ഷേധസമ്മേളനം നടത്തി. പിതൃദിനാഘോഷത്തിന്റെ ഭാഗമായി പിതാക്കൻമാരെ ആദരിച്ചു. ഇടവകയിലെ കിടപ്പുരോഗികൾക്ക് കുമ്പസാരിക്കുന്നതിനും, കുർബ്ബാനസ്വീകരിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്തു. യുവജന ദിനാഘോഷം നടത്തി. യുവജനങ്ങൾ ദിവ്യബലിയിൽ കാഴ്ച്ച സമർപ്പണം നടത്തി. യുവജന സംഗമം നടത്തി ആശംസകൾ നേർന്നു. യുവജനങ്ങൾക്കായി സംഘടിപ്പിച്ച സെമിനാറിൽ റവ. ഫാ. തോമസ് കച്ചിറയിൽ ക്ലാസ്സ് എടുത്തു. Buffer zone പ്രഖ്യാപനം അനുഗ്രഹമോ ശാപമോ എന്ന വിഷയത്തെ ആസ്പദമാക്കി Debate സംഘടിപ്പിച്ചു.

**പ്രശാന്തിഗിരി യൂണിറ്റ്**

യുവജന ദിനത്തിൽ പ്രശാന്തിഗിരിയിലെ യുവജനങ്ങൾ വിശുദ്ധ കുർബാനയ്ക്ക് കാഴ്ചവെപ്പ് നടത്തുകയും വിശുദ്ധ കുർബാനയിലെ വായനകൾ, ശുശ്രൂഷകൾ ഗാനങ്ങൾ എന്നിവയ്ക്ക് നേതൃത്വം നൽകി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ മൂന്നാനാൽ യുവജനദിന സന്ദേശം നൽകി. യൂണിറ്റിൽ നിന്നും ഫുൾ എ പ്ലസ് നേടിയ യുവജനങ്ങൾക്ക് ക്യാഷ് അവാർഡുകൾ നൽകി ആദരിച്ചു.

**നരിവാലമുണ്ട യൂണിറ്റ്**

ആനിമേറ്റർ സിസ്റ്റർ ആൻസി എഫ്.സി.സി ക്ക് സ്വാഗതം ആശംസിച്ചു. ബഫർസോൺ വിജ്ഞാപനത്തിന് എതിരെ മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സ്റ്റാറ്റസ് മാർച്ചിൽ നിരവധി യുവജനങ്ങൾ പങ്കാളികളാവുകയും പ്രതിഷേധം അറിയിക്കുകയും ചെയ്തു. പ്ലസ് ടു പാസ് ഔട്ട്സിനായി സംഘടിപ്പിച്ച പറുദീസാ യൂത്ത് മീറ്റിൽ യുവജനങ്ങൾ പങ്കാളികളായി. വായനാ

ദിനം, പുസ്തകങ്ങളിലൂടെ നമുക്കും അറിവുള്ളവരാകാം എന്ന ആശയം പങ്കുവെച്ച് സ്റ്റാറ്റസ് വീഡിയോ നിർമ്മിച്ചു. അർദ്ധവാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. യുവജനദിനാഘോഷം നടത്തി.

**കൊട്ടിയൂർ യൂണിറ്റ്**

Back to school കുരുന്നുകൾക്ക് ആശംസകൾ നേർന്നു. സ്കൂൾ പരിസരവും, ടോയ്‌ലറ്റും വൃത്തിയാക്കി. പഠനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന നിർധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. കൊട്ടിയൂർ ഉത്സവത്തോടനുബന്ധിച്ചു പാർക്കിംഗ് സൗകര്യം ഒരുക്കി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പള്ളിക്കു ചുറ്റും ഫല വൃക്ഷതൈകൾ നട്ടു. Nature at present വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ രചന മത്സരം നടത്തി. യുവജനങ്ങളുടെ നേതൃത്വത്തിൽ പള്ളിയും പരിസരവും വൃത്തിയാക്കി രൂപതയുടെ സ്റ്റാറ്റസ് മാർച്ചിൽ പങ്കാളികളായി. ബഫർ സോണിനെതിരെ ബൈക്ക് റാലി നടത്തി. ബഫർസോണിനെതിരെ ടൗണിൽ യുവജന പ്രതിഷേധ റാലി നടത്തി. പോസ്റ്റർ രചന മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. വി. തോമസ് മൂറിന്റെ തിരുനാൾ ആചരിച്ചു. ഇടവകയിൽ സേവനം അനുഷ്ഠിക്കുന്ന തിരുഹൃദയ സഹോദരിമാരെ ആദരിച്ചു. യുവജനങ്ങൾ ചേർന്ന് തിരുഹൃദയ ജപമാലയും ആരാധനയും നടത്തി. മാതാവിന്റെ വിമലഹൃദയതിരുനാൾ ആചരിച്ചു.

**കല്ലോടി യൂണിറ്റ്**

കല്ലോടിയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ കർക്കിടലേഹ്യം ഉണ്ടാക്കി ആവശ്യക്കാർക്ക് വിതരണം ചെയ്തു. കല്ലോടി ഇടവകയിലെ കുടുംബങ്ങളിൽ നിന്ന് പഴയ ബൈബിളുകൾ ശേഖരിച്ചു. വി. അന്തോണിസിന്റെ തിരുനാളിനോടനുബന്ധിച്ച് അന്തോണിസ് നാമധാരികളെ ആദരിച്ചു. ബഫർ സോൺ പ്രഖ്യാപനത്തിന് എതിരെ ബത്തേരിയിൽ നടന്ന പ്രതിഷേധ പ്രകടനത്തിൽ യുവജനങ്ങൾ പങ്കെടുത്തു. വായന ദിനത്തോടുബന്ധിച്ച് കുട്ടികൾക്ക് ലൈബ്രറി ബുക്ക് വിതരണം ചെയ്തു. അതോടൊപ്പം കുട്ടികൾക്ക് Book Review, Book Reading എന്നി മത്സരങ്ങൾ സംഘടിപ്പിച്ചു. റവ. ഫാ. നിധിഷ് തലച്ചിറയിൽ നയിച്ച ദൈവവിളി Seminar നു വേണ്ട ഒരുക്കങ്ങൾക്ക് നേതൃത്വം നൽകി. കുട്ടികൾക്ക് രക്തദാനം എന്ന വിഷയത്തെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചു. തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് കുട്ടികൾക്ക് തിരുഹൃദയ

രൂപ നിർമ്മാണ മത്സരം സംഘടിപ്പിച്ചു. ലഹരിദിനാത്തോടനുബന്ധിച്ച് കുട്ടികൾക്ക് വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. ബഫർ സോൺ പ്രഖ്യാപനത്തിന് എതിരെ മാനന്തവാടിയിൽ വെച്ച് നടന്ന പ്രതിഷേധറാലിയിൽ യുവജനങ്ങൾ പങ്കെടുത്തു. കല്ലോടി kcym യുവജനങ്ങളുടെ അഭിമുഖ്യത്തിൽ മാനന്തവാടി Govt hospital ൽ ഭക്ഷണം ഉണ്ടാക്കി വിതരണം ചെയ്തു. ദുക്റാന ദിനത്തോടനുബന്ധിച്ച് ചട്ടയും മുണ്ടും ധരിച്ച അമ്മമാരെ ആദരിച്ചു.

**കണിയാരം യൂണിറ്റ്**

കണിയാരം സെന്റ് ജോസഫ് കത്തീഡ്രൽ ഇടവകയിലെ കെ. സി. വൈ. എം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ യുവജനദിനാഘോഷം നടത്തപ്പെട്ടു. കെ.സി.വൈ.എം. യൂണിറ്റിന്റെ മാർഗ്ഗരേഖയായ 'യുവജനശബ്ദം' ഇടവക വികാരി ഫാ. സണ്ണി മഠത്തിൽ, അസ്സി. വികാരി റോബിൻസ് കുമ്പളക്കുഴിക്കും പ്രസിഡണ്ട് അലൻ പന്നിക്കോട്ടിനും നല്കി പ്രകാശനം ചെയ്തു. തുടർന്ന് വികാരിയച്ചൻ യുവജനങ്ങളെ ആദരിച്ചു.

ലോക ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് കെ.സി.വൈ എം കണിയാരം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ പ്രചരണ യാത്ര ആരംഭിച്ചു.

**ഡെറിൻ കൊട്ടാരത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സുകൾ**

ജൂലൈ മാസത്തെ ഓഫ്ലൈൻ വിവാഹ ഒരുക്ക കോഴ്സിൽ 50 പേർ സംബന്ധിച്ചു.

ആഗസ്റ്റ് മാസത്തെ വിവാഹ ഒരുക്ക കോഴ്സ് ആഗസ്റ്റ് 15,16,17,18 തിയതികളിലും സെപ്റ്റംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് സെപ്റ്റംബർ 4,5,6,7 തിയതികളിലും ആണ് നടത്തപ്പെടുന്നത്.

**മാതൃവേദി**

ദുക്റാന തിരുനാൾ ദിനത്തിൽ വി. ബലിയർപ്പണത്തിലും, ആഘോഷങ്ങളിലും പങ്കെടുക്കുകയും തോമസ് നാമധാരികളെ ആദരിക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ബഫർ സോണിനെതിരെ ഇടവകകളിൽ നടത്തിയ Debate-ൽ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ സജീവമായി പ്രതികരിച്ചു. കുറ്റിയാംമയിൽ കുരിശടി തകർത്തതിനെതിരെ നടത്തിയ പ്രതിഷേധ പരിപാടിയിൽ എക്സിക്യൂട്ടീവ് അംഗം പങ്കെടുത്തു. മേഖലകളിൽ നേതൃത്വ പരിശീലന ക്ലാസുകൾ നടത്തി. ജൂലൈ 18, 19 തീയതികളിൽ തൃശ്ശൂരിൽ വെച്ച് നടന്ന അന്തർദേശീയ മാതൃവേദിയുടെ അർദ്ധവാർഷിക ജനറൽബോഡിയിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. ദ്വാരക മേഖലയും, നിലമ്പൂർ മേഖലയും വിവിധ നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് ചെയിൻ റോസറിയും കരുണക്കൊന്തയും ചൊല്ലി പ്രാർത്ഥിച്ചു.

**നന്ദി**

ജീവന്റെ സംരക്ഷകരും കുടുംബത്തിന്റെ വിളക്കുമായ അമ്മമാർക്ക് ആത്മീയവും ഭൗതികവുമായ ഉണർവും, അറിവും പ്രോത്സാഹനങ്ങളും നൽകി നയിച്ച് പുതിയ സ്ഥലങ്ങളിലേയ്ക്ക് പോകുന്ന ബഹു. മേഖല ഡയറക്ടേഴ്സ്, റവ. ഫാ. അലക്സ് കളപ്പുര (കല്പ്പറ്റ), റവ. ഫാ. തോമസ് തൈക്കുന്നുംപുറം (ബത്തേരി), റവ. ഫാ. ജോണി പെരുമാട്ടിക്കുന്നേൽ (തരിയോട്) റവ. ഫാ. ജോർജ് മൈലാടൂർ (പയ്യമ്പള്ളി) എന്നിവർക്കും മേഖല ആനിമേറ്റേഴ്സ് സി. അർച്ചന CMC (കൽപ്പറ്റ) സി. വിനീത SH (ബത്തേരി) സി. ജെസ്സിൻ FCC

(ചുങ്കക്കുന്ന്), സി. എൽസി SABS (മുള്ളൻകൊല്ലി) സി. റീന SH (കല്ലോടി), സി. മേഴ്സിന CMC (തരിയോട്) സി. റ്റെയ്സി SH (ദ്വാരക), സി. സിസിൽ FCC (നിലമ്പൂർ), സി. അർച്ചന FCC (മണി മുളി) എന്നിവർക്ക് രൂപത മാതൃവേദിയുടെ ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു

**സ്വാഗതം**

പുതിയതായി മേഖല ഡയറക്ടേഴ്സ് ആയി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന റവ. ഫാ. അനിൽ മുഞ്ഞനാട്ട് (കൽപ്പറ്റ) റവ. ഫാ. സജി കൊച്ചുപാറയ്ക്കൽ (പയ്യംപള്ളി) റവ. ഫാ. ജെയ്സ് പൂതക്കുഴി (ബത്തേരി) റവ. ഫാ. ഷാജു മുളവേലിക്കുന്നേൽ (തരിയോട്), എന്നീ ബഹുമാപ്പെട്ട അച്ചന്മാർക്കും, പുതിയ മേഖല ആനിമേറ്റേഴ്സ് ആയി സ്ഥാനം ഏറ്റെടുത്തിരിക്കുന്ന സി. റോസ് ടോം എസ് എ.ബി.എസ്. (ബത്തേരി സി. ലിനറ്റ് എസ്. എച്ച്. (ചുങ്കക്കുന്ന്) സി. ജിസ ജോസ്എസ്.എ. ബി. എസ്. (മണിമൂളി) സി. റെജി മരിയ എഫ്. സി. സി. (നിലമ്പൂർ സി. ആലീസ് മാത്യു എസ്. എച്ച്. (കല്ലോടി) സി. റിൻസി എഫ്. സി.സി. (തരിയോട്) സി. മേഴ്സി എസ്. എച്ച് (ദ്വാരക) സി. ദീപ SKD (മുള്ളൻകൊല്ലി) സി. ലൂസിഎസ്.എച്ച്.(കൽപ്പറ്റ) എന്നീ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും മാതൃവേദി കുടുംബത്തിലേക്ക് സ്വാഗതവും എല്ലാവിധ ആശംകളും നേരുന്നു.

**'മാഗ്നിഫിക്കാത്ത്'**

അന്തർദേശീയ മാതൃവേദി സംഘടിപ്പിച്ച 'മാഗ്നിഫിക്കാത്ത്' 'മറിയത്തിന്റെ സ്തോത്രഗീതം' മത്സരത്തിൽ മാനന്തവാടി രൂപത യിൽ നിന്നും 1304 മാതൃവേദി അമ്മമാർ പങ്കെടുത്തു. സ്തോത്ര ഗീത മത്സരത്തിൽ പങ്കെടുത്ത എല്ലാ അമ്മമാർക്കും, അവരെ പ്രോത്സാഹിപ്പിച്ച ബഹു. വൈദീകർക്കും, ബഹു. സിസ്റ്റേഴ്സിനും, മാതൃവേദി അമ്മമാർക്കും, അഭിനന്ദങ്ങളും നന്ദിയും അർപ്പിക്കുന്നു. യൂണിറ്റ്, മേഖല, രൂപത തലങ്ങളിൽ വിജയിച്ചവർക്ക് അഭിനന്ദനങ്ങൾ നേരുന്നു. ഏറ്റവും കൂടുതൽ അമ്മമാരെ പങ്കെടുപ്പിച്ച കല്ലോടി മേഖ ലയ്ക്കും, ഏറ്റവും കൂടുതൽ അമ്മമാർ പങ്കെടുത്ത മരുതാ ഇടവക യ്ക്കും അഭിനന്ദനങ്ങൾ. 34 കുടുംബങ്ങളിൽ നിന്നായി പങ്കെടുത്ത മരുതാ യൂണിറ്റിലെ 46 അമ്മമാർക്കും, ബഹു. വികാരി അച്ചനും, ആനിമേറ്റർ സിസ്റ്ററിനും അഭിനന്ദനങ്ങൾ.

'മാഗ്നിഫിക്കാത്ത്' മറിയത്തിന്റെ സ്തോത്രഗീതം മത്സര

ത്തിൽ രൂപതയിൽ സമ്മാനാർഹരായവർ

1st - പ്രിയ ഷൈജൻ തടങ്ങഴിയിൽ, ചുങ്കക്കുന്ന്

2nd - സ്മിത മുണ്ടുനടയ്ക്കൽ തവിഞ്ഞാൽ, മാനന്തവാടി

3rd - ദിൽന കിഴക്കരക്കാട്ട് കുഞ്ഞോം, കല്ലോടി

3rd - ജിൻസി ചിറ്റേതാഴത്ത് മീനങ്ങാടി, ബത്തേരി

**ഏറ്റവും കൂടുതൽ അംഗങ്ങൾ പങ്കെടുത്ത മേഖല -**

കല്ലോടി മേഖല.

**ഏറ്റവും കൂടുതൽ അംഗങ്ങൾ പങ്കെടുത്ത യൂണിറ്റ് -**

മരുത (മണിമൂളി)

**മണിമൂളി മേഖല**

മറിയത്തിന്റെ സ്തോത്രഗീതം വീഡിയോ ചെയ്തു. മേഖല എക്സിക്യൂട്ടീവ് ചേർന്ന് പുതിയ ആനിമേറ്റർ ആയ സി. ജിസ്സ റോസ് SABS നെ സ്വാഗതം ചെയ്തു. രോഗാവസ്ഥയിൽ ആയിരുന്ന മേഖല സെക്രട്ടറിയെ മേഖല എക്സിക്യൂട്ടീവ് സന്ദർശിച്ചു.

**മുള്ളൻകൊല്ലി മേഖല**

തിരുഹൃദയ വണക്കമാസാചരണം നടത്തി തുടർച്ചയായി ആന ശല്യം നേരിടുന്ന മരക്കടവ് പ്രദേശവാസികളുടെ ബുദ്ധിമുട്ടുകൾ ബന്ധപ്പെട്ട മേലധികാരികൾക്ക് മുന്നിലെത്തിക്കുവാൻ മരക്കടവ് മാതൃവേദി അംഗങ്ങൾ നടത്തിയ മുന്നേറ്റം ജനശ്രദ്ധയാർജ്ജിച്ചു. പരിസ്ഥിതി ദിനം, പിതൃദിനം, വി. കുർബാനയുടെ തിരുനാൾ, വി. മറിയം ത്രേസ്യയുടെ തിരുനാൾ എന്നിവ ആചരിച്ചു. ബഫർ സോൺ പരിധി നിർണ്ണയത്തിലെ അന്യായ ഇടപെടലിനെതിരേ പുൽപ്പള്ളിയിൽ നടന്ന പ്രതിഷേധ റാലിയിൽ മുള്ളൻ കൊല്ലി മേഖ ലയിലെ എല്ലാ ശാഖകളിൽ നിന്നും അമ്മമാർ പങ്കെടുത്തു. രൂപതാ മാതൃവേദിയുടെ ഭവന നിർമ്മാണ പദ്ധതിയിലേയ്ക്ക് എല്ലാശാഖ കളും 20 രൂപാ വീതം ശേഖരിച്ചു നൽകി. അന്തർദേശീയ മാതൃ വേദി ഒരുക്കിയ 'മാഗ്നിഫിക്കാത്ത്' മത്സരത്തിൽ മുള്ളൻകൊല്ലി മേഖലയിലെ 12 ശാഖകളിൽ നിന്നുമായി 104 പേർ പങ്കെടുത്തു. ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി പോസ്റ്റർ മത്സരം ശാഖ കളിൽ നടത്തി. ജൂൺ 24- ന് ചേർന്ന മേഖലാ എക്സിക്യൂട്ടീവ് മീറ്റിംഗിൽ മേഖലയുടെ പുതിയ ആനിമേറ്ററായി സി. ദീപ SKD ചാർജെടുത്തു. അന്നേ ദിവസം മേഖലയിലെ എല്ലാ പുതിയ ആനി മേറ്റേഴ്സിനെയും ബഹു. ഡയറക്ടറച്ചൻ സ്വാഗതം ചെയ്തു.

**മാനന്തവാടി മേഖല**

തിരുഹൃദയ വണക്കമാസാചരണം നടത്തി. പരിസ്ഥിതിദിനത്തോട് അനുബന്ധിച്ചു തൈകൾ നട്ടു. ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് കൊളാഷ് മത്സരം നടത്തി. ബഫർസോൺ പ്രഖ്യാപനത്തിനെതിരെ മാനന്തവാടിയിൽ വച്ചുനടത്തിയ പ്രതിഷേധറാലിയിലും ധർണയിലും പങ്കെടുത്തു.

**നടവയൽ മേഖല**

തിരുഹൃദയ വണക്കമാസാചരണം നടത്തി. പരിസ്ഥിതി ദിനം, ലഹരി വിരുദ്ധ ദിനം, പിതൃദിനം എന്നിവ ആചരിച്ചു. ബഫർ സോൺ പ്രതിഷേധ റാലിയിൽ പങ്കെടുത്തു. മറിയത്തിന്റെ സ്തോത്രഗീതം ഓൺലൈൻ മത്സരത്തിൽ പങ്കെടുത്തു. ഭവന നിർമ്മാണ ഫണ്ടിലേക്ക് രൂപ സമാഹരിച്ചു. സ്വയംതൊഴിൽ സംരംഭം കേണിച്ചിറ ശാഖ- ഓർഡറുകൾഅനുസരിച്ച് സാരി, ബെഡ്ഷീറ്റ്, ചുരിദാർ, നൈറ്റി എന്നിവ പെയിന്റ് ചെയ്തു കൊടുക്കുന്നു. നെയ്ക്കുപ്പ ശാഖ-മെഡിക്കൽ കോളേജിലേക്ക് ഒന്നര മാസത്തിലൊരിക്കൽ ഭക്ഷണംകൊടുക്കുന്നു. മറിയത്തിന്റെസ്തോത്രഗീതംഓൺലൈൻ മത്സരത്തിൽ എല്ലാ ഇടവകകളിൽ നിന്നും പങ്കെടുത്തു. കാരുണ്യ പ്രവർത്തനങ്ങൾക്ക് 2000/- രൂപ നൽകി.

**ശാഖാ വാർത്തകൾ**

**പറളിക്കുന്ന്**

പിതൃദിനത്തിൽ പിതാക്കന്മാരെ പൂക്കൾ നൽകി ആദരിച്ചു. ലഹരി വിരുദ്ധ ദിനത്തിൽ ലഹരിക്കെതിരായ ബോധവത്കരണം നടത്തി. ഭവന നിർമ്മാണ ഫണ്ടിലേക്ക് ധനസമാഹരണം നടത്തി. തിരുഹൃദയ വണക്കമാസാചരണം നടത്തി. തിരുഹൃദയ തിരുനാൾ, മാതാവിന്റെ വിമലഹൃദയ തിരുനാൾ, പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ, നിത്യസഹായമാതാവിന്റെ തിരുനാൾ, എന്നിവ ആഘോഷിച്ചു.

**ബത്തേരി**

തിരുഹൃദയ വണക്കമാസാചരണം നടത്തി. തിരുഹൃദയ തിരുന്നാളിനോടനുബന്ധിച്ച് കുടുംബങ്ങളിൽ തിരുഹൃദയ പ്രതിഷ്ഠ, വിമലഹൃദയ പ്രതിഷ്ഠ എന്നിവ നടത്തി. പരിസ്ഥിതി ദിനത്തിൽ വൃക്ഷതൈ നട്ടു. മറിയത്തിന്റെ സ്തോത്രഗീതം മത്സരത്തിൽ പങ്കെടുത്തു.

**തലഞ്ഞി**

അന്താരാഷ്ട്ര പിതൃദിനം, ലഹരിവിരുദ്ധദിനം എന്നിവ ആച

രിച്ചു. തിരുഹൃദയ വണക്ക മാസാചരണം ഭവനങ്ങളിൽ നടത്തി. ഒരു നിർദ്ധന കുടുംബത്തിലെ വിദ്യാർത്ഥിനിക്ക് വിദ്യാഭ്യാസ സഹായമായി 10000/- രൂപ നൽകി. ബഫർ സോൺ പ്രഖ്യാപനത്തിനെതിരെ മലപ്പുറം കളക്ടറേറ്റിലേക്കുള്ള പ്രതിഷേധ മാർച്ചിൽ പങ്കെടുത്തു. മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ സെമിനാറിൽ പങ്കെടുത്തു. 'മാഗ്നിഫിക്കാത്ത്' മത്സരത്തിൽ പങ്കെടുത്തു. വിവിധ നിയോഗങ്ങൾക്കു വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**പാലാങ്കര**

ജനറൽ ബോഡി നടത്തി. രക്ഷകർതൃത്വം എന്നതിനെക്കുറിച്ചും അഷ്ടസൗഭാഗ്യങ്ങൾ അനുസരിച്ച് എങ്ങനെ പുതിയ തലമുറയെ വളർത്തി കൊണ്ടുവരാം എന്നതിനെക്കുറിച്ചും സെമിനാർ നടത്തി. 150 പേർ പങ്കെടുത്തു. മറിയത്തിന്റെ സ്തോത്രഗീതം 13 പേർ പങ്കെടുത്തു. ബഫർ സോൺ പ്രഖ്യാപനത്തിനെതിരെ മലപ്പുറത്ത് വച്ചു നടന്ന കളക്ടറേറ്റ് മാർച്ചിൽ പങ്കെടുത്തു. ഭവന നിർമ്മാണ ഫണ്ടിലേക്കായി ഓരോ അമ്മയിൽ നിന്നും 20 രൂപ വച്ചു നൽകി.

**കുഞ്ഞോം**

ഓസാനാം ഭവൻ സന്ദർശിച്ചു. 3125/-രൂപയുടെ ഭക്ഷണസാധനങ്ങൾ നൽകി. സാന്താ മോനിക്ക മധ്യസ്ഥ പ്രാർത്ഥന എല്ലാ ദിവസവും അയച്ചുകൊടുത്തു. മക്കിയാട് ഇടവകയിൽ വെച്ച് നടത്തിയ ക്ലാസ്സിൽ പങ്കെടുത്തു. മാനന്തവാടിയിൽ വച്ച് നടത്തിയ ബഫർസോൺ പ്രതിഷേധ റാലിയിൽ പങ്കെടുത്തു. തിരുവചന പാഥേയം ഓരോ വചനം ദിവസവും അയച്ചു കൊടുത്തു. തിരുഹൃദയരൂപം അലങ്കരിക്കുന്ന മത്സരം നടത്തി. മറിയത്തിന്റെ സ്തോത്രഗീതം മത്സരം നടത്തി.

**ബോസ്പാറ**

പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന കിറ്റ് നൽകി. രോഗി സന്ദർശനം നടത്തി. മറിയത്തിന്റെ സ്തോത്രഗീത മത്സരത്തിൽ പങ്കെടുത്തു.

**മൺവയൽ**

തിരുഹൃദയ വണക്കമാസാചരണം നടത്തി. വിശുദ്ധരുടെ തിരുനാൾ ദിനം ആചരിച്ചു. ഭവനസഹായം, രോഗി സഹായം, രോഗി സന്ദർശനം. വിദ്യാഭ്യാസ സഹായം, എന്നിവ നൽകി. വൃദ്ധമാതാപിതാക്കൻമാരെ സന്ദർശനം, ക്രിസ്റ്റീൻ ധ്യാനം, ഏലീശാ സന്ദർശനം

എന്നിവ  നടത്തി. ഒരു വ്യക്തിക്ക് വിൽചെയർ നല്കി. 'മാഗ്നിഫിക്കാത്ത്' മറിയത്തിന്റെ സ്തോത്രഗീതം മത്സരത്തിൽ പങ്കെടുത്തു.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഫലവൃക്ഷ തൈ നട്ടു. വചന കവചം 173235 പ്രാവശ്യം വചനം ചൊല്ലി പ്രാർത്ഥിച്ചു. നേതൃത്വ പരിശീലന ക്ലാസിൽ പങ്കെടുത്തു. 'സ്ത്രീ ശാക്തീകരണവും സാമ്പത്തിക സ്വയം പര്യാപ്തതയും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ശ്രീമതി റോസക്കുട്ടി ടീച്ചർ ക്ലാസിനു നേതൃത്വം നൽകി. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. തിരുഹൃദയ വണക്കമാസ ആചരണം നടത്തി. ബഫർസോൺ പ്രഖ്യാപനത്തിനെതിരെ മാനന്തവാടി രൂപത നടത്തിയ ജനസംരക്ഷണ മാർച്ചിലും പൊതുസമ്മേളനത്തിലും പങ്കെടുത്തു. മേഖലാതലത്തിൽ നടത്തിയ തിരുഹൃദയരൂപ അലങ്കാരമത്സരത്തിൽ പങ്കെടുത്തു 'മറിയത്തിന്റെ സ്തോത്രഗീതം' മത്സരത്തിൽ 50 പേർ പങ്കെടുത്തു.

**മഞ്ഞൂറ**

തിരുഹൃദയ വണക്കമാസാചരണം നടത്തി. മറിയത്തിന്റെ സ്ത്രോത്രഗീതം മൽസരം നടത്തി. 15 പേർ പങ്കെടുത്തു. മാതാപിതാക്കൾക്കായി സെമിനാർ നടത്തി. 150 പേർ പങ്കെടുത്തു.

**വിമലഗിരി**

ഫണ്ട് ശേഖരണത്തിന്റെ ഭാഗമായി അച്ചാറും ചമ്മന്തിപ്പൊടിയും ഉണ്ടാക്കി വിറ്റു. ഒരു നിർധന രോഗിക്ക് രോഗീ സഹായമായി 10,000/രൂപ നൽകി.

**മരക്കടവ്**

പരിസ്ഥിതിദിനം, പന്തക്കുസ്താദിനം, കുടുംബദിനം എന്നിവ ആചരിച്ചു. ആത്മാഭിഷേകം പരി. ആത്മാവിനെക്കുറിച്ചുള്ള വചന എഴുത്ത് മത്സരത്തിൽ പങ്കെടുത്തു. ബഫർ സോൺ പ്രഖ്യാപനത്തിനെതിരെ നടത്തിയ ജനകീയറാലിയിലും പൊതുസമ്മേളനത്തിലും സംബന്ധിച്ചു. 'മാഗ്നിഫിക്കാത്ത് 'മാതാവിന്റെ സ്തോത്രഗീത മത്സരത്തിൽ 30 പേർ പങ്കെടുത്തു. ഭവന നിർമ്മാണ ഫണ്ടിലേക്കു ഒരമ്മ 20 രൂപ വീതം ശേഖരിച്ചു 2000/- രൂപ നൽകി. മരക്കടവ് അഗതി മന്ദിരത്തിൽ ഭക്ഷണം നൽകി.

**കബനിഗിരി**

ജനറൽ ബോഡി മീറ്റിംഗ് നടത്തി. രൂപതാ ഭവന നിർമ്മാണ

ഫണ്ടിലേക്ക് 4000/- രൂപ സംഭാവന നൽകി. വിവിധ നിയോഗങ്ങൾക്കായി ജപമാല നടത്തി. വി. കുർബാനയുടെ തിരുനാൾ ദിനത്തിൽ ആരാധന നടത്തി.

**പാറത്തോട്ടം**

വയനാട് മെഡിക്കൽ കോളേജിൽ അന്നദാന ശുശ്രൂഷയിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. ആലച്ചേരിയിലുള്ള സ്നേഹഭവനത്തിലുള്ളവർക്ക് വസ്ത്രങ്ങൾ ശേഖരിച്ചു നല്കി. വികാരിയച്ചന്റെ യാത്രയയപ്പിന് ഉപഹാരം നല്കി. മേഖല തലത്തിൽ നടത്തിയ വിവിധ മത്സരങ്ങളിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**മരകാവ്**

പരിസ്ഥിതി ദിനം, ലഹരി വിരുദ്ധദിനം എന്നിവ ആചരിച്ചു. തിരുഹൃദയ വണക്കമാസാചരണം നടത്തി. മറിയത്തിന്റെ സ്തോത്രഗീതം മത്സരം നടത്തി. ആദ്യവെള്ളിയാഴ്ച വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു. രോഗീസന്ദർശനം നടത്തി. മേഖല മീറ്റിംഗിൽ പങ്കെടുത്തു. ബഫർ സോൺ പ്രതിഷേധ പ്രകടനത്തിൽ പങ്കെടുത്തു. വി. യോഹന്നാന്റെ സുവിശേഷം വചനം എഴുത്ത് നടത്തി.

**പ്രശാന്തഗിരി**

തിരുഹൃദയ വണക്കമാസാചരണം നടത്തി. മാഗ്നിഫിക്കാത്ത് മത്സരം നടത്തി. ജനറൽബോഡി യോഗം ചേർന്നു. ദൈവവിളിക്ക് നിയോഗം വച്ച് തിരുഹൃദയജപം ചൊല്ലി പ്രാർത്ഥിച്ചു. തിരുഹൃദയ രൂപം അലങ്കരിക്കൽ മത്സരം നടത്തി. 21 അമ്മമാർ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**ഇരുളം**

തിരുഹൃദയ വണക്കമാസാചരണം നടത്തി. പരിസ്ഥിതി ദിനം ആചരിച്ചു. മറിയത്തിന്റെ സ്തോത്രഗീതം ഓൺലൈൻ മത്സരത്തിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി.

**പുതിയിടം**

തിരുഹൃദയ വണക്കമാസാചരണം നടത്തി. തിരുഹൃദയ തിരുനാളിനോടനുന്ധിച്ച് ഇടവകയിലെ എല്ലാ സിസ്റ്റേഴ്സിനെയും ആദരിച്ചു. മേഖലാതലത്തിൽ നടത്തിയ മാഗ്നിഫിക്കാത്ത് സ്തോത്രഗീത മത്സരത്തിൽ നാലുപേർ പങ്കെടുത്തു. പള്ളി പരിസരവും ചുറ്റുപാടും വൃത്തിയാക്കി.

**വലിയകൊല്ലി**

തിരുഹൃദയ വണക്കമാസ വായന നടത്തി. ജനറൽ എക്സി

ക്യൂട്ടീവ് കൂടി. W.S.S.S ന്റെ നേതൃത്വത്തിൽ മാതൃവേദിക്കായി സെമിനാർ നടത്തി. സോപ്പ് പൊടി, ഫെനോയിൽ നിർമ്മണത്തെ ക്കുറിച്ച് പഠിപ്പിച്ചു. മാതൃവേദി പ്രവർത്തന വർഷം ഉദ്ഘാടനം നടത്തി.

**നരിവാലമുണ്ട**

ബൈബിൾ ക്വിസ് നടത്തി. പുതിയ ആനിമേറ്റർ സി. ബിജി മരിയ FCC ക്ക് സ്വീകരണം നൽകി. വിവിധ നിയോഗങ്ങൾക്കായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വിദ്യാഭ്യാസ സഹായം നൽകി. പിതൃദിനം, ലഹരി വിരുദ്ധ ദിനം എന്നിവ ആചരിച്ചു. SSLC, PLUS TWO വിജയികളെ അനുമോദിച്ചു.

**മാനന്തവാടി**

തിരുഹൃദയ വണക്കമാസാചരണം നടത്തി. മേഖലാ തല ഉപന്യാസ മത്സരത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് ചേർന്നു. വി. പത്രോസ്, വി.പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ ആചരിച്ചു. മാഗ്നിഫിക്കാത്ത് മത്സരത്തിൽ 2 പേർ പങ്കെടുത്തു.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. മറിയത്തിന്റെ സ്തോത്രഗീതം മത്സരം നടത്തി. 11 പേർ പങ്കെടുത്തു. ബഫർസോൺ പ്രഖ്യാപനത്തിനെ തിരെ മാനന്തവാടി രൂപത സംഘടിപ്പിച്ച മാർച്ചിലും സമ്മേളന ത്തിലും പങ്കെടുത്തു. തിരുഹൃദയ വണക്കമാസാചരണം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**വടപുറം**

ലോക പരിസ്ഥിതി ദിനം, ലഹരി വിരുദ്ധ ദിനം എന്നിവ ആചരിച്ചു. വിവിധ മത്സരങ്ങൾ നടത്തി. മറിയത്തിന്റെ സ്തോത്ര ഗീതം- മത്സരത്തിൽ പങ്കെടുത്തു. തിരുഹൃദയ വണക്കമാസാ ചരണം നടത്തി.

**എലപ്പീടിക**

പള്ളിയും പരിസരവും വൃത്തിയാക്കി. രോഗീസന്ദർശനം നടത്തി. SSLC പരീക്ഷയിൽ വിജയിച്ച വിദ്യാർത്ഥികളെ അനു മോദിച്ചു. പാവപ്പെട്ട കുടുംബങ്ങൾക്ക് വസ്ത്ര വിതരണം നടത്തി. മാഗ്നിഫിക്കാത്ത് മത്സരത്തിൽ 5 പേർ പങ്കെടുത്തു.

**മണിമൂളി**

എക്സിക്യുട്ടീവ് മീറ്റിംഗ് നടത്തി. ലഹരി വിരുദ്ധ ദിനത്തിൽ ലഹരി വിരുദ്ധ പ്രതിജ്ഞ നടത്തി. മാനന്തവാടി, താമരശ്ശേരി രൂപ

തകളുടെ നേതൃത്വത്തിൽ നടത്തിയ ബഫർസോൺ പ്രതിഷേധ മാർച്ചിൽ പങ്കെടുത്തു.

**പോരൂർ**

വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു. മാഗ്നിഫിക്കാത്ത് മത്സരത്തിൽ  പങ്കെടുത്തു. ജനറൽ ബോഡി നടത്തി. പിതൃദിനത്തിൽ പിതാക്കന്മാരെ ആദരിച്ചു. രോഗിസന്ദർശനം നടത്തി.

**മാർട്ടിൻ നഗർ**

തിരുഹൃദയ വണക്കമാസ പ്രാർത്ഥന നടത്തി. വിവിധ നിയോഗങ്ങൾക്കായി തിരുഹൃദയ ജപമാലയും, കരുണക്കൊന്തയും നടത്തി. ലഹരി വിരുദ്ധ ദിനത്തിൽ ബുക്ക് ലെറ്റ്, ബോധവത്കരണ ക്ലാസ്സ്, ലഹരി വിരുദ്ധ പോസ്റ്ററുകൾ എന്നിവയിലൂടെ ബോധവൽക്കരണം നടത്തി. മറിയത്തിന്റെ സ്തോത്രഗീതം മത്സരത്തിൽ പങ്കെടുത്തു. ഭവന നിർമ്മാണം, ചികിത്സ എന്നിവയ്ക്കായി 30000/-രൂപ ചെലവഴിച്ചു.

**കരിമാനി**

തിരുഹൃദയ വണക്കമാസാചരണം നടത്തി. പരിസ്ഥിതി ദിനം, ലഹരി വിരുദ്ധ ദിനം, പിതൃദിനം എന്നിവ ആചരിച്ചു. വിവിധ നിയോഗങ്ങൾക്കായി തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. കോളനി സന്ദർശിച്ചു. രോഗീ സന്ദർശനം നടത്തി. ഗവ. ഹോസ്പിറ്റലിൽ ഭക്ഷണം ഉണ്ടാക്കാൻ KCYM നോട് ചേർന്ന് സഹായിച്ചു.

**കോട്ടത്തറ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ലോക പരിസ്ഥിതി ദിനം, ലഹരിവിരുദ്ധ ദിനം എന്നിവ ആചരിച്ചു. രോഗി സന്ദർശനം നടത്തി. കൽപ്പറ്റ ക്ലാരഭവൻ സന്ദർശിച്ചു. തിരുഹൃദയ തിരുനാളിൽ തിരുഹൃദയ സമൂഹത്തിലെ സിസ്റ്റേഴ്സിനെ ആശംസ അറിയിച്ചു. കാവുംമന്ദത്തു വച്ച് നടന്ന നേതൃത്വ പരിശീലന ക്ലാസിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. 'മാഗ്നിഫിക്കാത്ത്' മറിയത്തിന്റെ സ്തോത്രഗീതം ഓൺലൈൻ മത്സരത്തിൽ പങ്കെടുത്തു.

**സീതാമൗണ്ട്**

ബഫർസോൺ പ്രതിഷേധ റാലിയിൽ പങ്കെടുത്തു. ഭവന നിർമ്മാണ ഫണ്ടിലേക്ക് 8000 രൂപ സമാഹരിച്ചു നൽകി. രോഗി സന്ദർശനം നടത്തി. തിരുഹൃദയ വണക്കമാസാചരണം നടത്തി.

**ദ്വാരക**

തിരുഹൃദയവണക്കമാസാചരണം നടത്തി. പരിസ്ഥിതി ദിന

ത്തോടനുബന്ധിച്ച് പച്ചക്കറി തൈകൾ, ഫലവൃക്ഷ തൈകൾ എന്നിവ നട്ടു. സമരിറ്റൻ ഭവൻ സന്ദർശിച്ച്, വിറക് അടുക്കി വയ്ക്കുവാൻ സഹായിച്ചു. വിവിധ പരിപാടികൾ അവതരിപ്പിച്ചു. വിവിധ നിയോഗങ്ങൾക്കായി തിരുഹൃദയ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**പുതുശ്ശേരിക്കടവ്**

ലഹരിവിരുദ്ധദിനത്തോടനുബന്ധിച്ച് മാതാപിതാക്കൾക്ക് മക്കളുടെ ലഹരി ഉപയോഗത്തേക്കുറിച്ച് ബോധവത്ക്കരണ സെമിനാർ നടത്തി. ബഫർസോൺ വിഷയത്തിൽ ഡിബേറ്റ് നടത്തി.

**താളിപ്പാടം**

ധനശേഖരണാർഥം അരിയുണ്ട ഉണ്ടാക്കി വിൽപ്പന നടത്തി. 'മാഗ്നിഫിക്കാത്ത്' മറിയത്തിന്റെ സ്തോത്രഗീത മത്സരത്തിൽ പങ്കെടുത്തു. രോഗീസന്ദർശനം നടത്തി.

**കളത്തുവയൽ**

തിരുഹൃദയ വണക്കമാസാചരണം നടത്തി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഫലവൃക്ഷ തൈകൾ നട്ടു. ദേവാലയ പരിസരം ശുചിയാക്കി. ഓസാനാംഭവൻ സന്ദർശിച്ചു. പിതൃദിനത്തിൽ ഇടവകയിലെ 75 വയസ്സിന് മുകളിൽ പ്രായമുള്ള പിതാക്കന്മാരെ ആദരിച്ചു. തിരുഹൃദയ വണക്കമാസാചരണം നടത്തി. 'മാഗ്നിഫിക്കാത്ത്' മറിയത്തിന്റെ സ്തോഗീതം ഓൺലൈൻ മത്സരത്തിൽ പങ്കെടുത്തു. രുപതാ ഭവന നിർമ്മാണ ഫണ്ടിലേക്ക് സംഭാവന നൽകി. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ലഹരിയുടെ ദൂഷ്യവശങ്ങളേക്കുറിച്ച് പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിച്ചു.

**അരുൾനിലയം**

എല്ലാ വ്യാഴാഴ്ചയും 3.30 മുതൽ 4.30 വരെ നടത്തപ്പെടുന്ന പ്രാർത്ഥനയിൽ പങ്കെടുത്തു. ലോഗോസ് ക്വിസ്സിന് പേര് രജിസ്റ്റർ ചെയ്തു. ഒരു ഭവനത്തിന് 10000/ രൂപ സംഭാവനയും വീട്ടുപകരണങ്ങളും വാങ്ങി നൽകി. മറിയത്തിന്റെ സ്തോത്രഗീതം ഓൺലൈൻ മത്സരത്തിൽ പങ്കെടുത്തു.

**ആലാറ്റിൽ**

തിരുഹൃദയവണക്കമാസാചരണം നടത്തി. മാഗ്നിഫിക്കാത്ത് മറിയത്തിന്റെ സ്തോത്രഗീതം ഓൺലൈൻ മത്സരത്തിൽ പങ്കെടുത്തു. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കൊളാഷ് മത്സരം നടത്തി. ബഫർസോൺ പ്രഖ്യാപനത്തിനെതിരെ മാനന്തവാടി രൂപത സംഘടിപ്പിച്ച പ്രതിഷേധ റാലിയിലും ധർണ്ണയിലും പങ്കെടുത്തു.

**തേൾപ്പാറ**

തിരുഹൃദയ വണക്കമാസാചരണം നടത്തി. വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥന നടത്തി. പരിസ്ഥിതി ദിനം, പന്തക്കുസ്താ തിരുനാൾ ദിനം, പിതൃദിനം എന്നിവ ആചരിച്ചു. തിരുഹൃദയ തിരുനാളിൽ തിരുഹൃദയത്തിന്റെ ഫോട്ടോ വെഞ്ചരിച്ച് എല്ലാ യൂണിറ്റിലേക്കും നൽകി. മറിയത്തിന്റെ സ്തോത്രഗീതം ഓൺലൈൻ മത്സരത്തിൽ 35 പേർ പങ്കെടുത്തു.

**പനംചിറ**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ദേവാലയവും പരിസരങ്ങളും വൃത്തിയാക്കി. തിരുഹൃദയമാസാചരണം നടത്തി. മറിയത്തിന്റെ സ്തോത്രഗീത മത്സരത്തിൽ പങ്കെടുത്തു. ഭവന നിർമ്മാണ പദ്ധതിയിലേക്ക് സാമ്പത്തിക സഹായം നൽകി.

**കയ്യുന്നി**

തിരുഹൃദയം വണക്കമാസാചാരണത്തോടനുബന്ധിച്ച് എല്ലാ കുടുംബങ്ങളിലും തിരുഹൃദയവണക്കമാസവായന, തിരുഹൃദയ പ്രതിഷ്ഠ, തിരുഹൃദയ ലുത്തിനിയ എന്നിവ നടത്തി. പരിസ്ഥിതി ദിനം, കുടുംബദിനം, വിശുദ്ധ കുർബാനയുടെ തിരുനാൾ ദിനം, ലോകസംഗീതദിനം, വിധവാദിനം, ഗാർഹിക തൊഴിലാളിദിനം എന്നിവ ആചരിച്ചു. യൂണിറ്റുകളിൽ ലോഗോസ് പരിശീലനം നടത്തി. ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് 8 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്ക് സെമിനാർ നൽകി. അഞ്ചു കുട്ടികൾക്ക് യൂണിഫോം നോട്ട് ബുക്ക് എന്നവയ്ക്കായി 10702/ രൂപ സഹായം നൽകി. രോഗിസന്ദർശനം നടത്തി

**കൽപ്ര**

ക്രിസ്റ്റീൻ ധ്യാന വിജയത്തിനായി 3 ദിവസം ഉപവസിച്ചു മധ്യസ്ഥപ്രാർത്ഥന നടത്തി. ഭവനസന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. മാതാവിന്റെ സ്തോത്രഗീത മത്സരത്തിൽ 12 പേർ പങ്കെടുത്തു. മികച്ച രണ്ടു വീഡിയോ മേഖലയ്ക്കു അയച്ചുകൊടുത്തു. ലോഗോസ് രെജിസ്ട്രേഷൻ ആരംഭിച്ചു.

സ്നേഹാശംസകളോടെ,

**ഫാ. ജോജോ കുടക്കച്ചിറ**

**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

ജൂലൈ മാസത്തെ ഏകദിന കൺവെൻഷൻ ഒരുക്കമായി ശുശ്രൂഷകർ ഒന്നാം തീയതി വെള്ളിയാഴ്ച രാവിലെ 10 മുതൽ രാത്രി 9 വരെ പ്രാർത്ഥനയും ആരാധനയും നടത്തി.

രണ്ടാം തീയതി ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ ഏകദിന കൺവെൻഷൻ ആഘോഷപൂർവ്വം സിയോൻ ഹാളിൽ നടന്നു. ബ്ര. ജോസ് മാളോല ജപമാലക്കും സ്തുതിയാരാധനക്കും നേതൃത്വം നൽകി. ഡയറക്ടർ ബഹു. ഫാ. സോണി വാഴകാട്ട് ദിവ്യബലിയർപ്പിച്ചു, ദുക്റാനയുടെ സന്ദേശം നൽകി. അസിസ്റ്റന്റ് ഡയറക്ടർ ബഹു. ഫാ. പ്രിൻസ് തെക്കേതിൽ മാർതോമ്മാശ്ലീഹായിൽ നിന്ന് ലഭിച്ച വിശ്വാസ പൈതൃകത്തേപ്പറ്റി വചനസന്ദേശം നൽകി. ഹൈന്ദവ സമുദായത്തിൽ നിന്നും കത്തോലിക്കാസഭയിലെത്തി ഇപ്പോൾ യേശുവിന്റെ ശക്തമായ സാക്ഷ്യമായി ജീവിക്കുന്ന ബ്ര. മോഹൻദാസ് തൃശൂർ തന്റെ മാനസാന്തര കഥ പങ്കുവെച്ചു. ബഹു. ഫാ. പ്രിൻസ് തെക്കേതിൽ ദിവ്യകാരുണ്യ ആരാധനയ്ക്ക് നേതൃത്വം നൽകി. ബ്ര. ബിജു പുളിക്കൽ, സി. അന്ന FCC എന്നിവർ ഗാനശുശ്രൂഷ ചെയ്തു.

ജൂലൈ 8 ന് രണ്ടാം വെള്ളിയാഴ്ച, രാവിലെ 10 മുതൽ വൈകിട്ട് 3.30 വരെ (എല്ലാ രണ്ടാം വെള്ളിയാഴ്ചയും) സിയോൻ ടീമിന്റെ നേതൃത്വത്തിൽ അഖണ്ഡജപമാല നടത്തി.

ജൂലൈ 9 ന് രണ്ടാം ശനിയാഴ്ച പൊതു സ്പിരിചൽ ഷെയറിംങ്ങിന് ബ്ര. പൈലി പെലക്കുടി, ശ്രീമതി എൽസി കുളത്തിങ്കൽ, സി. ജാൻസി SABS, സി. ആൽഫി SH എന്നിവർ നേതൃത്വം നൽകി. റവ. ഫാ. പ്രിൻസ് തെക്കേതിൽ, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, ഫാ. സോണി വാഴകാട്ട് എന്നിവർ എല്ലാ ഞായറാഴ്ചകളിലും ഓൺലൈൻ സുവിശേഷ വിചിന്തനങ്ങൾ പങ്കുവെക്കുന്നു. ജൂലൈ 14 – 17 തീയതികളിൽ സിയോൻ ധ്യാനകേന്ദ്രത്തിൽ താമസിച്ചുള്ള ആന്തരിക സൗഖ്യധ്യാനം നടന്നു.

ജൂലൈ 22 ന് വൈകിട്ട് 7 മുതൽ രാത്രി 12 വരെ സിയോൻ ചാപ്പലിൽ ജഗരണപ്രാർത്ഥന നടന്നു. കോർഡിനേറ്റർ ബ്ര. ജോസ് മാളോല പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. ഫാ. പ്രിൻസ് തെക്കേതിൽ വചനസന്ദേശം നൽകി. ഫാ. സോണി വാഴകാട്ട് വി. ബലിയർപ്പിച്ചു.

**NB:**

* അടുത്ത ഏകദിന കൺവെൻഷൻ ഓഗസ്റ്റ് 6 ന് രാവിലെ 9 മുതൽ ആരംഭിക്കുന്നു.
* ഓഗസ്റ്റ് മാസത്തെ താമസിച്ചുള്ള ധ്യാനം 18 മുതൽ 21 വരെ തീയതികളിലായിരിക്കും. ധ്യാനം മുൻകൂട്ടി ബുക്ക് ചെയ്യാൻ ശ്രദ്ധിക്കുക.
* നേരത്തെ ബുക്ക് ചെയ്യുന്നവർക്ക് spiritual sharing ന് സൗകര്യം ഉണ്ടായിരിക്കും.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

സെൻട്രൽ കൗൺസിലിൽ നിന്നും സ്നേഹാന്വേഷണങ്ങൾ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകളും പ്രാർത്ഥനകളും ഏവർക്കും ഹൃദയപൂർവം നേരുന്നു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ 68-ാംമത് ദേശീയ സമ്മേളനം കൊല്ലം ക്രിസ്തു ജ്യോതിസ് ആനിമേഷൻ സെന്ററിൽ 2022 സെപ്റ്റംബർ മാസം 16, 17, 18 തീയതികളിൽ നടക്കും. സമ്മേളനം അനുഗ്രഹപ്രദമാകുന്നതിനു ഏവരും പ്രാർത്ഥിക്കുമല്ലോ. മഴക്കെടുതികളും രോഗാവസ്ഥയും ബുദ്ധിമുട്ടുകളും നേരിടുന്നവരാണ് നമുക്ക് ചുറ്റും ഉള്ളവർ, ഒരുപക്ഷെ നാം തന്നെ ഇവയുടെ ബലിയാടുകൾ ആയിരിക്കാം. ദൈവത്തിൽ ആശ്രയിച്ചു കൂട്ടായ്മയിൽ വിൻസെൻഷ്യൻ അരുപിയിൽ പ്രവർത്തന നിരതരാകാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഒസ്സാനാം ഭവൻ**

സെൻട്രൽ കൗൺസിലിന്റെ ഏറ്റം മഹത്തായ ഒരു പ്രൊജക്റ്റ് എന്ന നിലയിൽ ഒസ്സാനാം ഭവനെ പ്രത്യേകം കരുതേണ്ടതായുണ്ട്. നൂറോളം ആളുകൾക്ക് അഭയം നൽകുന്ന ഭവനം എന്ന നിലയിലും കാരുണ്യത്തിന്റെ മുഖവുമായ പ്രസ്തുത സ്ഥാപനം എവരും ഹൃദയത്തിലേറ്റിയിരിക്കുന്നു. വിൻസെൻഷൻ പ്രവർത്തകരുടെ പ്രത്യേക ശ്രദ്ധയും കരുതലും പിന്തുണയും ആവശ്യമാണ്.

നാളിതുവരെ നിങ്ങൾ നൽകി വരുന്ന കരുതലിനും സ്നേഹത്തിനും വേണ്ടി നന്ദിയും സ്നേഹവും അറിയിക്കുന്നു.

സൊസൈറ്റിയുടെ ഉന്നതിക്കുവേണ്ടി കഠിനാധ്വാനം ചെയ്യുന്ന ഏവരെയും നന്ദിയോടെ ഓർക്കുന്നു.

പ്രാർത്ഥന ആശംസകളോടെ,

**ബ്ര. ജോർജ്ജ് ആക്കാന്തിരി**
(സി.സി. പ്രസിഡണ്ട്)

**ബ്ര. ബാബു നമ്പുടാകം**
(സി.സി. ജനറൽ സെക്രട്ടറി)

# സാമൂഹ്യ സേവനരംഗം (WSSS)

**മുള്ളൻകൊല്ലി നീർത്തട വികസന പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തിരുനെല്ലി ഗ്രാമ പഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് നടപ്പിലാക്കി വരുന്ന നീരുറവകൾ അടിസ്ഥാനപ്പെടുത്തിയുള്ള നീർത്തട വികസന പദ്ധതിയുടെ ഭാഗമായി നീർത്തടത്തിന്റെ അതിരുകൾ നിർണ്ണയിക്കുകയും വാട്ടർഷെഡ് ഭൂപടം തയ്യാറാക്കുകയും ചെയ്തു. വയനാട് ജില്ലാ സോയിൽ സർവ്വേ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെയാണ് ഭൂപടം തയ്യാറാക്കിയത്. ജില്ലാ സോയിൽ സർവ്വേ ഓഫീസർ പി. ദീപ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ദീപു ജോസഫ്, തിരുനെല്ലി ഗ്രാമ പഞ്ചായത്ത് മെമ്പർ ബേബി മാസ്റ്റർ, നീർത്തട കമ്മിറ്റി അംഗങ്ങളായ സുനിൽ കുമാർ, രാജേഷ് കൃഷ്ണൻ എന്നിവർ നേതൃത്വം നൽകി.

**ശില്പശാല നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സംസ്ഥാന ഔഷധ സസ്യ ബോർഡുമായി സഹകരിച്ച് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ വച്ച് ആരോഗ്യ സംരക്ഷണവും പച്ചമരുന്നും എന്ന വിഷയത്തിൽ ഏകദിന ശില്പശാല നടത്തി. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വിജോൾ കെ വി ഉദ്ഘാടനം നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ചു. വിവിധ തരം പച്ചമരുന്നുകളെയും അവയുടെ ഉപയോഗത്തെയും കുറിച്ച് റവ. ഡോ. ബാബു ചക്കിയത്ത്, ശ്രീ. ബിജു (ബോട്ടാണിസ്റ്റ്) എന്നിവർ ക്ലാസുകൾ നയിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസോസ്സിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ സ്വാഗതവും പ്രോഗ്രാം ഓഫീസർ പി. എ ജോസ് നന്ദിയും അറിയിച്ചു. റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, സുജ മാത്യു MSW വിദ്യാർത്ഥികളായ ഡീറ്റസ്, അതുൽ എന്നിവർ നേതൃത്വം നൽകി.

**പരിശീലന പരിപാടി സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുള്ള സന്നദ്ധ ടീം അംഗങ്ങൾക്കു വേണ്ടി രണ്ടു ദിവസത്തെ താമസിച്ചുള്ള പരിശീലന പരിപാടി WSSS ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ചു. WSSS ഡയറക്ടർ ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. അസോസ്സിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷനായിരുന്നു. 25 വോളണ്ടിയേഴ്സ് പങ്കെടുത്ത പരിശീലന പരിപാടിക്ക് കാരിത്താസ് ഇന്ത്യയുടെ സ്റ്റാഫ് അംഗങ്ങളായ അബീഷ് ആന്റണി, ആംസ്ട്രോങ് എന്നിവർ ക്ലാസുകൾ നയിച്ചു. WSSS സ്റ്റാഫ് അംഗങ്ങളായ ആലീസ് സിസിൽ, ഷീന ആന്റണി, സുജ മാത്യു എന്നിവർ നേതൃത്വം നൽകി. പരിശീലനത്തിൽ പങ്കെടുത്ത മുഴുവൻ സന്നദ്ധ പ്രവർത്തകർക്കർക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. തുടർപ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന തലത്തിൽ നടക്കുന്ന പരിശീലന പരിപാടിയിലേക്ക് അഞ്ച് അംഗങ്ങളെ തിരഞ്ഞെടുത്തു.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT കോഴ്സിലേക്ക് 2022-2024 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. എസ് എസ് എൽ സി യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645442290, 9544842220, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടുകയോ WSSS ഓഫീസുമായി നേരിട്ടു ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

**ഹ്രസ്വകാലസാങ്കേതിക പരിശീലനങ്ങൾക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു**

കട്ടിംഗ് & ടെയ്‌ലറിംഗ് (6 മാസം) കട്ടിംഗ് & ടെയ്‌ലറിംഗ് (3 മാസം) ചുരിദാർ & സാരിബ്ലൗസ് (3 മാസം) ഹാൻഡ് എംബ്രോയ്ഡറി (3 മാസം) ഫാബ്രിക് പെയിന്റിംഗ് (1 മാസം) ഗ്ലാസ് പെയിന്റിംഗ് (1 മാസം)

കൂടുതൽ വിവരങ്ങൾക്ക് 9544842220, 9645442290, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## DDU-GKY

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന DDU-GKY പദ്ധതിയിൽ ഡൊമസ്റ്റിക് ഇലക്ട്രീഷ്യൻ ബാച്ചിന്റെ സെന്റ് ഓഫ് മീറ്റിംഗും അതുപോലെ അവരുടെ OJT യും നടത്തുകയുണ്ടായി. റവ. ഫാ. പോൾ കൂട്ടാല, റവ. ഫാ. ജിനോജ് പാലത്തടത്തിൽ, റവ. ഫാ. ബാബു ചക്കിയത്ത്, ശ്രീ. റോബിൻ ജോസഫ് എന്നിവർ മീറ്റിംഗിൽ സന്നിഹിതരായിരുന്നു. ഈ മീറ്റിംഗിൽ വിദ്യാർ ത്ഥികളുടെ കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് വിതരണം നടത്തുക യുണ്ടായി. അതുപോലെ തന്നെ ബ്യൂട്ടീഷൻ ബാച്ചിലെ കുട്ടികൾ വി ജയകരമായി തങ്ങളുടെ പ്ലേസ്മെന്റ് പൂർത്തിയാക്കുകയും ഡോക്യു മെന്റുകൾ സമർപ്പിക്കുകയും ചെയ്തു. തികച്ചും സൗജന്യമായ ഈ കോഴ്സുകളിൽ ചേരുന്നവർക്ക് ഭക്ഷണം, താമസം, കൂടാതെ 125 രൂപ ദിവസവും എന്ന നിരക്കിൽ നൽകിവരുന്നു. ഈ ട്രെയിനിംഗു കളോടൊപ്പം കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസന ക്ലാസുകൾ എന്നിവയും നൽകി പോരുന്നു. പഠനത്തിനാവശ്യമായ എല്ലാ സാധന സാമഗ്രികളും തികച്ചും ഫ്രീ ആയി നൽകുന്നതോ ടൊപ്പം വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100% ജോലിയും നൽകുന്നു. കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള SSCയുടെ സർട്ടിഫിക്കേഷനും അത് വിജയിക്കുന്നവർക്ക് ജോ ലിചെയ്യുമ്പോൾ സാലറിക്ക് പുറമെ 6000, 3000, 2000 എന്ന നിര ക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്നതാണ്. എല്ലാ കോഴ്സു കൾക്കും SSLC ആണ് അടിസ്ഥാന യോഗ്യത. 2023 മാർച്ച് വരെയുള്ള എല്ലാ ബാച്ചുകളിലേക്കും അഡ്മിഷൻ പൂർത്തിയായി കഴിഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് 9526476596 എന്ന നമ്പറിലോ WSSS ന്റെ ഓഫീസുമായോ ബന്ധപ്പെടുക.

### സേവ് എ ഫാമിലി പ്ലാൻ

സേവ് എ ഫാമിലി കുടുംബോദ്ധാരണ പദ്ധതിയിൽപ്പെട്ട 25 കുടുംബങ്ങൾക്കായി അനുവദിച്ച കോവിഡ് റീഹാബിലിറ്റേഷൻ പ്രൊജക്ടിലെ 25 തൊഴിൽ സംരംഭങ്ങളുടെയും ഉദ്ഘാടന കർമ്മ ങ്ങൾ പൂർത്തീകരിച്ചു. ഇവ ഓരോന്നും ഫലപ്രദമായി നിർവ്വഹണം നടത്തുന്നു. ഇതിൽപ്പെട്ട 03 യൂണിറ്റുകളുടെ ഉദ്ഘാടനം, ടൈലറിംഗ് യൂണിറ്റ് മണൽവയൽ, അലുമിനിയം ഫാബ്രിക്കേഷൻ ആൻഡ് ഇന്റീ രിയർ ഡിസൈനിംഗ് സെന്റർ കൊയിലേരി, ഫുഡ് പ്രൊഡക്റ്റ്സ്

യൂണിറ്റ് മക്കിക്കൊല്ലി എന്നിവയുടെ ഉദ്ഘാടനം ഈ മാസം നിർവ്വഹിച്ചു. സേവ് എ ഫാമിലി കുടുംബോദ്ധാരണ പദ്ധതിയിൽ പുതിയതായി 02 കുടുംബങ്ങൾക്ക് അംഗത്വം ലഭിച്ചു. പുതിയ കുടുംബങ്ങൾക്കുള്ള അംഗത്വത്തിന്റെ അപേക്ഷകൾ സ്വീകരിക്കുന്നതാണ് എന്നറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് WSSS ഓഫീസുമായി ബന്ധപ്പെടുക.

**SWS (സോഷ്യൽ വെൽഫയർ സൊസൈറ്റി)**

**സോഷ്യൽ വെൽഫയർ സൊസൈറ്റി രൂപീകരണം**

മാനന്തവാടി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ പ്രാദേശികമായി നടപ്പിലാക്കുന്നതിനായി വലിയകൊല്ലി ഇടവകയിൽ സോഷ്യൽ വെൽഫയർ സൊസൈറ്റി യൂണിറ്റ് രൂപീകരിച്ചു. ഇടവക വികാരി ഫാ. ജിതിൻ പീച്ചാട്ട് അദ്ധ്യക്ഷത വഹിച്ചു. MSW വിദ്യാർത്ഥി കൂടിയായ ഫാ. അരുൺ CMI മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. സി. നിർമ്മല, റീജിയണൽ കോഡിനേറ്റർ ഷീന ആന്റണി എന്നിവർ സംസാരിച്ചു.

**SWS മീറ്റിംഗ്**

ചെറുകാട്ടൂർ, ഒണ്ടയങ്ങാടി, തൃശ്ശിലേരി, പയ്യമ്പള്ളി, പടമല, കല്ലോടി, തവിഞ്ഞാൽ, പോരൂർ, തലപ്പുഴ, മൊതക്കര, യവനാർകുളം, ജൂഡ്സ്മൗണ്ട്, ശിശുമല, പാടിച്ചിറ, കബനിഗിരി, മരകാവ്, കോട്ടത്തറ, ഒഴുക്കന്മൂല എന്നീ യൂണിറ്റുകളിൽ മീറ്റിംഗുകൾ നടത്തി. യവനാർകുളത്ത് വച്ച് നടന്ന മീറ്റിംഗ് WSSS അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്യുകയും ഫാ. അരുൺ CMI മോട്ടിവേഷൻ ക്ലാസ് നൽകുകയും ചെയ്തു. മഴക്കാല രോഗങ്ങൾ, SHG, SWS എന്നിവയുടെ ശാക്തീകരണം, കുടുംബജീവിതം, സ്ത്രീയും സമൂഹവും എന്നീ വിഷയങ്ങളെ ആസ്പദമാക്കി MSW വിദ്യാർത്ഥികളായ അതുൽ, ഡീറ്റസ്, ശ്രുതിലക്ഷ്മി, മാലതി, അജിത എന്നിവരും ക്ലാസ്സുകൾ നയിച്ചു.

**ആശാകിരണം**

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം പദ്ധതിയുടെ ഭാഗമായി പയ്യമ്പള്ളി സോഷ്യൽ വെൽഫയർ സൊസൈറ്റിയിലെ നിർധനയായ ഒരു ക്യാൻസർ രോഗിക്ക് സാമ്പത്തിക സഹായം നൽകി.

**ഡ്രസ്സ് കളക്ഷൻ**

തവിഞ്ഞാൽ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഡ്രസ്സ് കളക്ഷൻ നടത്തി.

**സോപ്പ് ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലനം**

ഗ്രൂപ്പ് അംഗങ്ങൾക്കും കുടുംബങ്ങൾക്കുമായി വരുമാന വർദ്ധനവിന് വേണ്ടി നിത്യ ഉപയോഗ സാധനങ്ങളായ സോപ്പുത്പ്പന്നങ്ങളുടെ നിർമ്മാണ പരിശീലനം കമ്മന, വലിയ കൊല്ലി, ഉദയകവല, പാടിച്ചിറ, ചെറ്റപ്പാലം, എന്നീ സ്ഥലങ്ങളിൽ നടത്തപ്പെട്ടു. റീജിയണൽ കോർഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, സുജ മാത്യു എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. കല്ലോടി സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭക്ഷ്യസംസ്ക്കരണത്തെക്കുറിച്ച് ക്ലാസും കുഴിമന്തി തയ്യാറാക്കാനുള്ള പരിശീലനവും നടത്തി. വൽസമ്മ, സാൽവി, ലിജി എന്നിവർ നേതൃത്വം നൽകി.

**കിറ്റ് വിതരണം**

DRR പ്രൊജക്റ്റിന്റെ ഭാഗമായി പ്രളയ ബാധിത പ്രദേശങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള ഫസ്റ്റ് എയ്ഡ് കിറ്റ് ചുള്ളിയാന ഇടവകയിൽ വിതരണം ചെയ്തു. ഇടവക വികാരി ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. WSSS ഡയറക്ടർ ഫാ. പോൾ കൂട്ടാല കിറ്റ് വിതരണം ഉദ്ഘാടനം ചെയ്തു. ഷീന ആന്റണി, അലീന ടോമി, ജെയ്സൺ തോപ്പിൽ, ബിജു മാതേക്കൽ എന്നിവർ സംസാരിച്ചു.

**സ്വീകരണം നൽകി**

സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ഡയറക്ടർമാരായി നിയമിതരായ ആറാട്ടുതറ ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളി, ഒണ്ടയങ്ങാടി ഇടവക വികാരി ഫാ. സജി പുതുകുളങ്ങര, ഒഴുക്കന്മൂല വികാരി ഫാ. ജോസ് കളപ്പുരയിൽ എന്നീ വൈദികർക്ക് SWS ന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി.

**അവാർഡ് ദാനം**

നബാർഡിന്റെ നേതൃത്വത്തിൽ കൽപ്പറ്റയിൽ വച്ച് നടത്തിയ ബാങ്കേഴ്സ് മീറ്റ് ആൻഡ് ബെസ്റ്റ് പെർഫോമൻസ് അവാർഡ് ദാന ചടങ്ങിൽ എടയൂർക്കുന്ന് പ്രതീക്ഷ SHG, കല്ലോടി ഐശ്വര്യ SHG എന്നിവയുടെ പ്രതിനിധികൾ അവരുടെ സംഘത്തിന്റെ പ്രസന്റേഷനും എക്സ്പീരിയൻസ് ഷെയറിംങും നടത്തി. പ്രോഗ്രാമിൽ കോ-ഓർഡിനേറ്റേഴ്സ് ആയ ആലീസ് സിസിലും ഷീന ആന്റണിയും പങ്കെടുത്തു.

**ആട് വിതരണം**

യവനാർകുളം ഇടവകയിൽ ദില്ല, ദിയ എന്നീ ഗ്രൂപ്പുകളിലെ രണ്ട് അംഗങ്ങൾക്ക് ആട്ടിൻകുഞ്ഞുങ്ങളെ വിതരണം ചെയ്തു. WSSS അസോസ്സിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, ഇടവക വികാരി ഫാ. ജോണി കപ്യാരുമലയിൽ, ഫാ. അരുൺ എന്നിവർ നേതൃത്വം നൽകി.

**കേരള ലേബർ മൂവ്മെന്റ്**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

**യൂണിറ്റ് മീറ്റിംഗ്**

കല്ലോടി ഇടവകയിൽ നടന്ന പാരീഷ് കൗൺസിൽ മീറ്റിംഗിൽ ഫാ. ബിജു മാവറയുടെ സാന്നിദ്ധ്യത്തിൽ KLMനെ കുറിച്ചും വിവിധ സാമൂഹിക പദ്ധതികളെക്കുറിച്ചും ബോധവത്ക്കരണം നടത്തി. ഇനിയും ക്ഷേമപദ്ധതികളിൽ അംഗത്വം എടുക്കാത്തവർ ഏതെങ്കിലും ക്ഷേമനിധിയിൽ ചേരണമെന്ന് ഫാ. ബിജു മാവറ നിർദ്ദേശിക്കുകയുണ്ടായി.

**ആനുകൂല്യങ്ങൾ**

മെയ്-ജൂൺ മാസങ്ങളിലായി വിവാഹം, പ്രസവാനുകൂല്യം എന്നിവയ്ക്കായി 05 പേർക്ക് ആനുകൂല്യത്തിനുള്ള അപേക്ഷ സമർപ്പിച്ചു. ക്ഷേമനിധി അംഗങ്ങളുടെ അർഹതപ്പെട്ട മക്കൾക്ക് സ്കോളർഷിപ്പിനുള്ള ക്രമീകരണം നടത്തിവരുന്നു

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയിൽ ഈ വർഷം ചേർന്ന 60 വയസ്സ് പൂർത്തിയായ 24 പേർക്ക് റിട്ടയർമെന്റ് ആനുകൂല്യം ലഭിച്ചു.

**ജീവസ് ഇൻഷൂറൻസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു കുടുംബാരോഗ്യ പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഈ സാമ്പത്തിക വർഷം 1250 കുടുംബങ്ങൾ അംഗത്വമെടുത്തു. ഇതിനോടകം 45 ക്ലെയിം ഇൻഷൂറൻസ് ആനുകൂല്യത്തിനായി ലഭിച്ചു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസ കീടനാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നതിനുമായി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18451 കർഷകരാണ് 1095 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും, ജൂലായ് മാസം നടക്കാനിരിക്കുന്ന പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

## NPOP ഓഡിറ്റ് ക്രമീകരണങ്ങൾ

ബയോ അമ്പലവയൽ, ബയോ ബത്തേരി, ബയോ ഇടവക, ബയോ കൽപ്പറ്റ, ബയോ കോട്ടത്തറ, ബയോ കണിയാമ്പറ്റ, ബയോ മാനന്ത വാടി, ബയോ മേപ്പാടി, ബയോ മൂപ്പൈനാട്, ബയോ മുള്ളൻകൊല്ലി, ബയോ തൊണ്ടർനാട് ICS കളിൽ പുതിയ സർട്ടിഫിക്കേഷൻ ഏജൻ സിയായ സോക്കയിൽ നിന്നുള്ള ഓഡിറ്റ് പൂർത്തീകരിച്ചു.

## വോഫ കർഷക ഗ്രൂപ്പുകൾക്ക് ഗ്രാന്റ് വിതരണം ചെയ്തു

അപേക്ഷ സമർപ്പിച്ച 185 കർഷക ഗ്രൂപ്പുകൾക്ക് 5000 രൂപ വീതം ഗ്രാന്റ് വിതരണം ചെയ്തു. ജൂലായ് മാസത്തോടെ ഗ്രാന്റ് വിതരണം പൂർത്തീകരിക്കും. കഫെയുടെ VFC ഗ്രാൻഡ് വിതരണം മാർച്ച് മാസ ത്തോടെ പൂർത്തീകരിച്ചിരുന്നു.

## കുരുമുളക് തൈ വിതരണം ചെയ്തു

കർഷകർക്കായി പന്നിയൂർ 1 ഇനത്തിൽപെട്ട 60000 കൂടത്തൈ കൾ വിതരണം ചെയ്തു. വോഫെയുടെ നഴ്സറിയിൽ ഏകദ പ്രോജ ക്ടിന്റെ ഭാഗമായി ഉത്പാദിപ്പിച്ച തൈകളാണ് വിതരണം ചെയ്തത്.

## വോഫ, കഫെ എക്സിക്യൂട്ടീവ് മീറ്റിങ് നടന്നു

ജൂൺ മാസം 25 , 27 തീയ്യതികളിലായി യഥാക്രമം കഫെ, വോഫാ എന്നിവയുടെ എക്സിക്യൂട്ടീവ് മീറ്റിങ്ങുകൾ ബയോവിൻ അഗ്രോ റിസേർച്ചിൽ വച്ച് നടന്നു. സംഘടനകളുടെ മുൻവർഷത്തെ പ്രവർത്ത നങ്ങൾ വിലയിരുത്തുകയും ജൂലൈ മാസത്തിൽ നടത്തേണ്ട പൊതു യോഗത്തെ പറ്റി ചർച്ച ചെയ്യുകയും ചെയ്തു. കഫെ യോഗം ചെയർമാൻ ഫാ. ബിനു പൈനുങ്കലിന്റെ അധ്യക്ഷതയിലും, വോഫാ യോഗം വോഫ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയുടെ അധ്യക്ഷതയിലുമാണ് ചേർന്നത്.

## ഫെയർട്രേഡ് പ്രമോഷണൽ / അധികവില വിതരണം

കഫെ, വോഫ സംഘടനകൾ വഴി കാപ്പി വിപണനം നടത്തിയ കർഷ കർക്ക്, ഉത്പന്നത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും രാസവള പ്രയോഗം പൂർണ്ണമായും ഒഴിവാക്കി ജൈവകൃഷിരീതി പിന്തുടരുന്ന തിനുള്ള പ്രോത്സാഹനമായും ഏർപ്പെടുത്തിയ ഫെയർട്രേഡ് പ്രമോ ഷണൽ പദ്ധതിയുടെ വിതരണ ക്രമീകരണങ്ങൾ ജൂൺ മാസം ആദ്യ വാരത്തോടെ ആരംഭിച്ചു. ജനുവരി മാസം മുതൽ മെയ് മാസം വരെ ഉത്പന്നം വിപണനം നടത്തിയ മുഴുവൻ കർഷകരെയും ഉപ

ഭോക്താക്കളാക്കി കൊണ്ട് നടപ്പിലാക്കിയ പദ്ധതിയിലേക്കായി കഫെയിൽ നിന്നും 14581392 രൂപയും വോഫെയിൽ നിന്നും 22820225 രൂപയും ചിലവഴിക്കുകയും ചെയ്തു.

**മാർക്കറ്റിങ്**

ജൂൺ മാസം കാപ്പിപ്പരിപ്പ്, കുരുമുളക്, മഞ്ഞൾ, ചുക്ക്, ഏലക്ക, തുടങ്ങിയ ഉത്പ്പന്നങ്ങൾക്ക് അമേരിക്ക, കാനഡ, ഇറ്റലി, ജർമ്മനി, ഫ്രാൻസ്, ആസ്ട്രേലിയ, നെതർലാൻഡ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും പുതുതായി ഓർഡറുകൾ സ്വീകരിക്കുവാൻ സാധിച്ചു.

**സംഭരണം**

പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ജൂൺ മാസം, 12500 കിലോ ഞാലിപ്പൂവൻ വാഴക്കുല 35 രൂപ നിരക്കിലും, 1096 കിലോ കാപ്പി 103 രൂപ നിരക്കിലും, 3139 കിലോ കുരുമുളക് 540 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ജൂൺ മാസത്തിലും ഇഞ്ചി, വാഴപ്പഴം, കാപ്പി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**അനുമോദനം**

എസ്.എസ്.എൽ. സി പരീക്ഷയിൽ ഉന്നത വിജയം നേടിയ ആൻസാം ജസ്റ്റിൻ, ആൻസ്റ്റെല്ല ജസ്റ്റിൻ എന്നിവരെ ജൂൺ 20 ന് വികാരി ജനറാൾ മോൺ. ഫാ. പോൾ മുണ്ടോളിക്കൽ അനു മോദിച്ചു.

**ട്രെയിനിംഗ്**

കോഴിക്കോട് ഇംഹാൻസിൽ വെച്ച് ജൂൺ 21 മുതൽ 24 വരെ നടന്ന സാമൂഹ്യ സുരക്ഷാ മിഷന്റെ ട്രെയിനിംഗിൽ ഫാ. ബിജോ കറുകപ്പിള്ളി പങ്കെടുത്തു.

**തത്സമയഫോൺ ഇൻ പരിപാടി**

ജൂൺ 21 ന് അന്താരാഷ്ട്ര യോഗാ ദിനത്തോടനുബന്ധിച്ച് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. യോഗാ ഗവേഷ കനായ ഫാ. ആൽബർട്ട് കൊല്ലംകുടി ശ്രോതാക്കളുമായി സംവദിച്ചു.

ജൂൺ 26 അന്തർദേശീയ ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി പ്രത്യേക തത്സമയ ഫോൺ ഇൻ പരിപാടി സംഘ ടിപ്പിച്ചു. മാനന്തവാടി അസി. സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് കെ. മോഹൻദാസ് പരിപാടിയിൽ പങ്കെടുത്തു സംസാരിച്ചു.

**ലോക സംഗീത ദിനം**

ജൂൺ 21 ലോക സംഗീത ദിനത്തോടനുബന്ധിച്ച് ചലചിത്ര പിന്നണി ഗായിക മാതങ്കി അജിത്കുമാറുമായുള്ള അഭിമുഖം പ്രക്ഷേപണം ചെയ്തു.

**സന്ദർശനം**

തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്നേഹപൂർവ്വം എജ്യുക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ കമ്മ്യൂ ണിറ്റി റേഡിയോ സ്റ്റേഷൻ തുടങ്ങുന്നതിന്റെ മുന്നോടിയായി ആഷിക് ടി യുടെ നേതൃത്വത്തിലുള്ള ടീം ജൂൺ 20 ന് മാറ്റൊലി സന്ദർശിച്ചു.തിരുനെല്ലി സി.ഐ ഷൈജു പി.എൽ ജൂലായ് 1 ന് മാറ്റൊലി സന്ദർശിച്ചു.

**ഫെഡാർ ഇൻഫോ**

ഫെഡാർ ഫൗണ്ടേഷനുമായി സഹകരിച്ച് ഫെഡാർ ഇൻഫോ എന്ന പേരിൽ പ്രത്യേക പരിപാടി ആരംഭിച്ചു. ഉന്നത വിദ്യാഭ്യാസരംഗത്തെ സാധ്യതകളും കരിയർ ഗൈഡൻസ് പ്രോഗ്രാമുകളും പ്രക്ഷേപണം ചെയ്തുവരുന്നു.

**വീ ദ പീപ്പിൾ**

ഇന്ത്യൻ ഭരണഘടനയെ പരിചയപ്പടുത്തുന്ന പരിപാടിയായ വീ ദ പീപ്പിൾ എന്ന പ്രോഗ്രാം പ്രക്ഷേപണം ആരംഭിച്ചു.

**അക്ഷരമുറ്റം**

ജില്ലയിലെ ഗ്രന്ഥശാലകളെ പരിചയപ്പെടുത്തുന്ന പരിപാടി അക്ഷരമുറ്റം - ഗ്രന്ഥശാലകളിലൂടെ ഒരു യാത്ര എന്ന പേരിൽ ആരംഭിച്ചു.

**അക്ഷരങ്ങളിലെന്റെ നാട്**

വായനപക്ഷാചരണത്തിന്റെ ഭാഗമായി ജില്ലാ ലൈബ്രറി കൗൺസിലിന്റെ സഹകരണത്തോടെ മികച്ച സാഹിത്യരചനകൾ വയനാട് ജില്ലയിലെ സാഹിത്യകാരൻമാർ പരിചയപ്പെടുത്തുന്ന അക്ഷരങ്ങളിലെന്റെ നാട് എന്ന പരിപാടി പ്രക്ഷേപണം ചെയ്തു.

**ഹൃദയത്തിൽ ചേക്കേറിയവർ**

ജൂലൈ 1 ഡോക്ടേഴ്സ് ഡേയോടനുബന്ധിച്ച് ജില്ലയിലെ ആദ്യകാല ഡോക്ടർമാരായ ഡോ. ഗോകുൽദേവ്, ഡോ. സ്വാമിദാസ്, ഡോ. രവീന്ദ്രൻ എന്നിവരുടെ അനുഭവങ്ങൾ ഉൾപ്പെടുത്തി ഹൃദയത്തിൽ ചേക്കേറിയവർ എന്ന പേരിൽ പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.

**കർക്കിടകം**

രാമായണമാസാചരണത്തിന്റെ ഭാഗമായി കർക്കിടകം എന്ന പേരിൽ ഒരുമാസം നീണ്ടുനിൽക്കുന്ന രാമായണ പാരായണം ആരംഭിച്ചു.

**ബക്രീദ്**

സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും ഓർമ്മ പുതുക്കി ആഗതമായ ബലിപെരുന്നാളിനോടനുബന്ധിച്ച് പ്രത്യേക പരിപാടികൾ പ്രക്ഷേപണം ചെയ്തു.

**ഇന്റേൺഷിപ്പ്**

ഡൽഹി നിസ്കോർട്ടിൽ എം. എ ഓഡിയോ വിഷ്വൽ കമ്മ്യൂണിക്കേഷൻ സെക്കൻഡ് സെമസ്റ്റർ വിദ്യാർത്ഥിയായ ഫാ. സുനിൽ

താഴേക്കാട്ടിൽ ജൂലൈ 11 ന് ഇന്റേൺഷിപ്പിനായി മാറ്റൊലിയിൽ ജോയിൻ ചെയ്തു.

**ഇൻഡസ്ട്രിയൽ വിസിറ്റ്**

പഠനത്തിന്റെ ഭാഗമായി ജൂൺ 23 ന് വടകര കോ ഓപ്പറേറ്റീവ് ആർട്സ് ആന്റ് സയൻസ് കോളേജിലെ 27 വിദ്യാർത്ഥികളും വാഴക്കുളം വിശ്വജ്യോതി കോളേജ് ഓഫ് എൻജിനീയറിംഗ് ആന്റ് ടെക്നോളജിയിലെ 35 വിദ്യാർത്ഥികളും ജൂലൈ 14 ന് അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിലെ 16 എം.സി.ജെ വിദ്യാർത്ഥികളും റേഡിയോ മാറ്റൊലി സന്ദർശിച്ചു.

**ഫാ. ജോസ് കാവുങ്കൽ**

അസ്സി. ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശ പകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തതയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

## NABARD VISIT

NDS ഉം നബാർഡും സംയുക്തമായി നീലഗിരിയിലെ കർഷകർക്ക് വേണ്ടി നടത്തപ്പെടുന്ന ട്രെയിനിങ് പ്രോഗ്രാമും CAT (CAPACITY BUILDING FOR ADOPTION OF TECHNOLOGY) LEDP പ്രോഗ്രാമും പാസ്സായതിനോടനുബന്ധിച്ചു NABARD കോയമ്പത്തൂർ AGM ശ്രീ. തിരുമല റാവു 28. 06 .2022 നു NDS ഓഫീസ് സന്ദർശിച്ചു.

മീറ്റിങ്ങിന് NDS ഡയറക്ടർ ഫാദർ ബിനോയ് കാശാംകുറ്റിയിൽ അധ്യക്ഷത വഹിച്ചു. NDS അസിസ്റ്റൻറ് ഡയറക്ടർ ഫാദർ അനൂപ് കൊല്ലംകുന്നേൽ സ്വാഗതം നേർന്നു. ചടങ്ങിൽ ശ്രീ . തിരുമല റാവു ഈ പ്രൊജക്ടിനെക്കുറിച്ച് സംസാരിക്കുകയും വിജയകരമായി പൂർത്തിയാക്കാൻ NDS നു സാധിക്കട്ടെ എന്ന് ആശംസിക്കുകയും, വേണ്ട നിർദ്ദേശങ്ങൾ അറിയിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ പ്രോഗ്രാമിന് വേണ്ടിവരുന്ന തുകയുടെ 70 ശതമാനം ഉടനെ അനുവദിച്ചു നൽകുന്നതിന് വേണ്ട നടപടികൾ ചെയ്തു. മീറ്റിംഗിന് മാസ്റ്റർ ട്രൈനെർ ശ്രീ. ജൂഡ് മാർട്ടിൻ, പ്രോഗ്രാം കോർഡിനേറ്റർ ശ്രീ.സുബിൻ ജോസ് എന്നിവർ സന്നിഹിതരായിരുന്നു.

## LEDP PROGRAMME

NDS ഉം നബാർഡ് തമിഴ്നാടും സംയുക്തമായി നടത്തുന്ന

LEDP (LIVELIHOOD ENTRE PRENEURSHIP DEVEL OPMENT PROGRAMME) ആടുവളർത്തൽ സംരംഭകത്വ പരിശീലന പരിപാടി നടത്തുന്നതിന് അനുമതി ആയി. ഇതിനോടനുബന്ധിച്ചു

NDS നു കീഴിലുള്ള പത്തോളം യൂണിറ്റുകളിൽ ഉൾപ്പെടുന്ന 150 കർഷകർക്ക് ആടുവളർത്തൽ പരിപാലന രീതികളിൽ പരിശീലനം നൽകും. പത്തുദിവസം നീണ്ടുനിൽക്കുന്ന സംരംഭകത്വ പരിശീലന പരിപാടി 2022 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടക്കും. NDS നുകീഴിലുള്ള അഞ്ചോളം സെന്ററുകളിൽ വച്ച് നടത്തപ്പെടുന്ന പരിപാടിയുടെ ട്രെയിനിങ് ഷെഡ്യൂൾ പൂർത്തിയായി വരുന്നു.

## NABARD ഗ്രാൻഡ് അനുവദിച്ചു

NABARD ധനസഹായത്തോടെ നീലഗിരി ഡെവലപ്മെൻറ് സൊസൈറ്റി നടപ്പിലാക്കിവരുന്ന CAPACITY BUILDING FOR ADOPTION OF TECHNOLOGY അവക്കാഡോ കർഷകർക്കുള്ള പരിശീലന പരിപാടിയുടെ നടത്തിപ്പിന് ഗ്രാൻഡ് തുക അനുവദിച്ചു. നീലഗിരി ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 25 അവക്കാഡോ കർഷകരെ നൂതന കൃഷി രീതികൾ ശാസ്ത്രീയമായി പഠിപ്പിക്കുന്ന പരിപാടിയാണ് ഈ പദ്ധതിയിൽ നടപ്പിലാക്കേണ്ടത്. അവർക്ക് കൃഷി പരിശീലന പരിപാടിയോടൊപ്പം, പഠനയാത്രയും മറ്റു തുടർപരിശീലനങ്ങളും നടത്തേണ്ടതിനാണ് ഈ തുക അനുവദിച്ചിരിക്കുന്നത്.

## CAT പഠനയാത്ര

NDS ഉം നബാർഡ് തമിഴ്നാടും സംയുക്തമായി നടത്തുന്ന പഠനയാത്ര, ട്രെയിനിങ് പ്രോഗ്രാം CAT (CAPACITY BUILDING FOR ADOPTION OF TECHNOLOGY) ഭാഗമായി NDS കീഴിലുള്ള 25ഓളം വരുന്ന അവക്കാഡോ കർഷകരെ കർണാടകയിലെ കുടക് ജില്ലയിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് സെൻറർ (ICHR ) നു കീഴിലുള്ള സെൻട്രൽ ഫോർ ഹോർട്ടികൾച്ചർ എക്സ്പിരിമെൻറ് സ്റ്റേഷൻ ചെറ്റള്ളി (CHES - CHETTALLI ) കൊടക് എന്ന സ്ഥലത്തേക്ക് 10.07.2022 മുതൽ 14.07.2022 വരെ നീളുന്ന 3 ദിവസത്തെ ട്രെയിനിങ് പ്രോഗ്രാമിനു വേണ്ടി പോവുകയുണ്ടായി. രജിസ്ട്രേഷനോടെ ആരംഭിച്ച ട്രെയിനിങ് പ്രോഗ്രാമിന് കോഫി ബോർഡ് മുൻ ജോയിന്റ് ഡയറക്ടർ ശ്രീ ബോസ് മന്ദന അധ്യക്ഷത വഹിച്ചു. NDS അസിസ്റ്റൻറ് ഡയറക്ടർ ഫാ. അനൂപ് കൊല്ലം കുന്നേൽ CHES - CHETTALLI ഡയറക്ടർ ശ്രീ. രാജേന്ദ്രൻ, സയിന്റസ്റ്റ്മാരായ ശ്രീ. രാജേന്ദ്രൻ, ശ്രീ. മുരളി, ശ്രീ മധു എന്നിവർ ആശംസകൾ നേർന്നു.  തുടർന്ന് മൂന്നു ദിവസം ശാസ്ത്രീയ രീതിയിലുള്ള അവോക്കാഡോ കൃഷി, വ്യത്യസ്ത ഇനങ്ങൾ, ജനിതക വൈവിധ്യവും വൈവിധ്യമാർന്ന സമ്പത്തും, പ്രജനനം, പോഷക

പരിപാലനം, വളപ്രയോഗത്തിന്റെ രീതി, വിളവെടുപ്പും വിളവും, കീടനിയന്ത്രണവും, രോഗനിയന്ത്രണം എന്നീ വിഷയങ്ങളിൽ വിവിധ ക്ലാസുകൾ നടത്തുകയും കർഷകരുടെ സംശയങ്ങൾക്ക് മറുപടിന ൽകുകയും ചെയ്തു. 14-07-2022 ന് ഫീൽഡ് വിസിറ്റോടുകൂടി കർഷകസംഘം ട്രെയിനിങ് പൂർത്തിയാക്കി. അവക്കാഡോയുടെ നൂതന കൃഷി രീതികളെക്കുറിച്ച് കർഷകർക്ക് ലഭിച്ച ക്ലാസ്സുകൾ അവർക്ക് പുതിയ അറിവും കൃഷിയോടുള്ള താത്പര്യം വർധിപ്പിക്കുന്ന തരത്തിൽ കർഷകർക്ക് ഉപകാരപ്പെട്ടു.

**JAL JEEVAN MISSION EDAVANNA & URNGATTIRI PAN CHAYATH**

ദേശീയ ജൽ ജീവൻ മിഷന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി, എടവണ്ണ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ISA യുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ISA പ്രവർത്തനങ്ങളുടെ ഭാഗമായി വരുന്ന ഗ്രാമ പഞ്ചായത്തു അംഗങ്ങൾക്കായുള്ള ORIENTATION, ശില്പശാലകൾ, ജലദിന പരിപാടികൾ, പങ്കാളിത്താധിഷ്ടിത ഗ്രാമ വിശകലനം (PRA), വിവിധ സ്രോതസ്സുകളുടെ മാപ്പിംഗ്, നേരിട്ടുള്ള സന്ദർശനം എന്നിവ പൂർത്തീകരിച്ചു. ആയതിനു ലഭിക്കേണ്ടതായ തുകക്കുള്ള അപേക്ഷകൾ KRWSA PMU hnteÏ അയക്കുകയുണ്ടായി. ഇവയുടെ തുടർപ്രവർത്തനമെന്നോണം നിലവിൽ ഈ 2 പഞ്ചായത്തുകളിലെ 12 ഓളം വരുന്ന അംഗൻവാടി കളിൽ ജൽ ജീവൻ മിഷൻ ബോധവൽക്കരണവും അതോടൊപ്പം ജലഗുണ നിലവാര പരിശോധനകളും നടന്നു വരുന്നു. 7 ഓളം പ്രവത്ത നങ്ങൾ അംഗൻവാടി തലത്തിൽ നടന്നു കഴിഞ്ഞു. ബാക്കി വരുന്ന പരി പാടികൾ മഴ മാറുന്നതോടൊപ്പം നടത്താൻ പദ്ധതിയിട്ടിരിക്കുന്നു.

ഇതിന്റെ തുടർപ്രവർത്തനമെന്നോണം എടവണ്ണ, ഊർങ്ങാ ട്ടിരി പഞ്ചായത്തുകളുടെ കീഴിൽ വരുന്ന വിവിധ സ്കൂളുകളിൽ ജലശ്രീ ക്ലബ്ബ്കൾ രൂപീകരിക്കുന്നതിനും. അതിനോടനുബന്ധിച്ചു തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും തീരുമാനമായി.

**സമൃദ്ധ കുടുംബം തുടർ പരിശീലന പരിപാടി**

നീലഗിരി റീജിയണിലെ സമൃദ്ധ കുടുംബം പദ്ധതിയിൽ അംഗങ്ങളായ വീട്ടമ്മമാർക്ക് വേണ്ടിയുള്ള മീറ്റിങ്ങും തുടർ പരിശീ ലന പരിപാടിയും 06.06.2022 നു NDS ഓഡിറ്റോറിയത്തിൽ വെച്ചു നടന്നു. 20 ഓളം അംഗങ്ങൾ പങ്കെടുത്തു. സമൃദ്ധ കുടുംബം പദ്ധതി യിൽ അംഗങ്ങളായ അമ്മമാർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ

ആരംഭിക്കേണ്ടതിനെക്കുറിച്ചും, അവർക്കു ലഭിച്ച തുക കാര്യക്ഷമമായി ഉപയോഗിക്കേണ്ടതിനെക്കുറിച്ചും മീറ്റിംഗിൽ ചർച്ച ചെയ്തു . WSSS ഡയറക്ടർ ഫാദർ പോൾ കൂട്ടാല മീറ്റിങ്ങിന് അധ്യക്ഷത വഹിച്ചു.

**ബയോവിൻ ജൈവകർഷക മീറ്റിംഗ്**

മാനന്തവാടി രൂപത നീലഗിരി റീജിയണിലെ ജൈവ കർഷകർക്ക് വേണ്ടിയുള്ള ഗ്രൂപ്പ് ലീഡേഴ്സ് മീറ്റ് NDS ഓാഡിറ്റോറിയത്തിൽ വെച്ച് 05-07-2022 ന് നടന്നു മീറ്റിംഗിന് ബയോവിൻ Regional കോർഡിനേറ്റർ ശ്രീമതി. ടിൻറു ജോസ് കർഷകർക്കു വേണ്ടിയുള്ള നിർദ്ദേശങ്ങളും മറ്റും നൽകുകയുണ്ടായി. നിലവിലെ ഭരണ സമിതിക്ക് മൂന്നുവർഷംവരെ കാലാവധി ഉണ്ടാകും എന്ന് അറിയിച്ചു അതോടൊപ്പം BIOWIN ഇൽ ചേർന്നിട്ടുള്ള കർഷകർ പൂർണമായും ജൈവ രീതിയിൽ തന്നെ കൃഷികൾ ചെയ്യണമെന്ന് അറിയിച്ചു. അല്ലാത്ത പക്ഷം കർഷകരുടെ വിളകൾ സംഭരിക്കാൻ സാധ്യമല്ല എന്നും അറിയിച്ചു. അതോടൊപ്പം ഫെയർ ട്രേഡ് രജിസ്റ്റർ ചെയ്യാത്ത കർഷകർ എത്രയും വേഗം രജിസ്റ്റർ ചെയ്യുന്നതിന് വേണ്ട നടപടികൾ ചെയ്യണമെന്നും തൊഴിലാളികൾക്ക് മിനിമം വേതനം, തൊഴിൽ സംരക്ഷണം അതോടൊപ്പം സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ ഇടങ്ങളിൽ ശാരീരികമോ, മാനസികമോ, ലൈംഗീകമോ ആയ അതിക്രമങ്ങൾ യാതൊരു വിധത്തിലും സംഭവിക്കാൻ പാടില്ല അതിനുള്ള സുരക്ഷ ഉറപ്പാക്കുന്നതിന് തൊഴിലുടമ പ്രത്യേകം ശ്രദ്ധിക്കണമെന്നും യോഗത്തിൽ അറിയിച്ചു.

ഇനിയും മുന്നോട്ടുള്ള പ്രയാണത്തിൽ ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖമായി മാറുവാൻ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**June – July 2022**

- 1st semester PG Examination commenced on 20th June 2022 and 1st semester Degree examination commenced on 28th June 2022
- A Two day workshop on NAAC Assessment and Accreditation Preparedness – Countdown '24 was organised by IQAC on 7th and 8th July 2022. Dr. Zacaria T. V., Principal, Amal College of Advanced Studies Nilambur was the resource person. Academic Audit was conducted on 7th July 2022.
- **NSS:** The books collected by the NSS units of Mary Matha Arts & Science College were donated to the Mudra Women's Library , Mudramoola as part of reading day celebration on 19th June 2022 .
- International Yoga Day : International Yoga Day was Celebrated Y in association with Department of Physical Education and NCC on 21st June 2022 in the college auditorium.

**Vimukthi Club:** Observed Anti-Drug Day and took the "Say Yes to Life, No to Drugs" pledge provided by Ministry of Home Affairs on 26th June 2022. Vimukthi Club in Association with Department on Mathematics organized a Sticker Challenge – Sticking anti-drug messages in public places as part of anti-drug campaign on 27th June 2022.

- **Sahithyavedi:** As part of the Reading day Sahithyavedi conducted quiz competition on 24th June 2022.
- **Department of Commerce:** Conducted poster making competition for students in association with World population day on 12th July 2022. Mrs Rajitha Xavior coordinated the programme .
- **Ms Lisha A:** Participated a webinar on 'Internationalization of higher education in the context of NEP 2020' organized by

UGC -HRDC, Kannur University on 23th June 2022.

- **Mr Regi Francis:** Participated in the Impact Lecture Series Phase – II Webinar organized by Institution's Innovation Council, SGC, Puducherry on 10th June 2022. Was the external examiner for Kannur University Third year B Com SDE practical examination on 29th , 30th June and 1st July 2022. Was the observer in KEAM examination on 4th July 2022.
- **Dr Ramya Krishnan M:** Nominated as an Expert Committee member constituted for framing Regulations, Curriculum, Syllabus, Programme Specialization etc for the Five Year Integrated M.Com Programme of Kannur University. Published a book chapter in an edited book titled "Workplace Challenges and Solutions in Covid-19 World". (ISBN: 978-93-90996-82-7).
- **Dr. Sijo A. K.:** Has been recognized as Research Supervisor in physics in Kannur University.
- **Dr. Akhila B Edathazhe:** Attended an online Two week Interdisciplinary Refresher Course in 'Advanced Research Methodology' conducted by Ramanujan College (University of Delhi) under the aegis of Ministry of Education, Pandit Madan Mohan Malaviya National Mission on Teachers and Teaching, from 22nd May, to 5th June, 2022.
- **Mr Sabu O.J:** Was an observer in KEAM examination on 4th July 2022, and as NTA observer for NET Examinations from 9th to 12th July 2022.
- **Mr Binoy Joseph:** Was an observer in KEAM examination on 4th July 2022.
- **Ms. Tancy V. S.:** Attended an oinline Two week Refresher Course in Computer Science conducted by Ramanujan College (University of Delhi) under the aegis of Ministry of Education, Pandit Madan Mohan Malaviya National Mission on Teachers and Teaching, from 2nd to 16th May, 2022.

**Dr Maria Martin Joseph**

Principal

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും കെ.സി.ബി.സി മദ്യവിരുദ്ധസമിതിയും സംയുക്തമായി അന്താരാഷ്ട്ര ലഹരിവിരുദ്ധദിനത്തോടനുബന്ധിച്ചു ജൂൺ 26 മുതൽ ജൂലൈ രണ്ട് വരെ ലഹരിവിരുദ്ധ വാരമായി ആചരിക്കുകയും വിദ്യാലയങ്ങൾക്കായി വ്യത്യസ്ത മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. വിദ്യാർത്ഥികൾക്കായി വ്യക്തിഗത ഇനത്തിൽ ജലഛായം, പോസ്റ്റർ എന്നിവയും ഗ്രൂപ്പിനത്തിൽ കൊളാഷ് നിർമാണവും മത്സരയിനങ്ങളായി നൽകി. മികച്ച ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാലയങ്ങൾക്ക് പ്രത്യേക സമ്മാനവും നൽകുന്നതാണ്.

**വിദ്യാലയ വാർത്തകൾ**

**1. സെന്റ് തോമസ് യു പി സ്കൂൾ തവിഞ്ഞാൽ**

പരിസ്ഥിതി ദിനത്തിൽ 101 വൃക്ഷത്തൈകൾ സ്കൂൾ പരിസരത്ത് നട്ടുകൊണ്ട് പരിസ്ഥിതിദിനത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികൾക്ക് പകർന്നേകി. കുട്ടികളുടെ വായനാശീലവും പൊതുവിജ്ഞാനവും വർധിപ്പിക്കുന്നതിനായി വായനാദിനത്തിൽ ദീപിക, മലയാള മനോരമ മാതൃഭൂമി എന്നിവയുടെ 10 ദിനപത്രങ്ങൾ ഒരു വർഷത്തേക്ക് സ്പോൺസർഷിപ്പിൽ ലഭിച്ചു. രക്ഷിതാക്കൾക്കായി ബോധവത്കരണക്ലാസ്സും മഴക്കാല രോഗങ്ങൾ എങ്ങനെ പ്രതിരോധിക്കാം എന്ന ക്ലാസും സംഘടിപ്പിച്ചു. നല്ലപാഠം ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ ഹാൻവാഷ് നിർമ്മാണവും പച്ചക്കറി തോട്ടത്തിലെ ചീരയുടെ വിളവെടുപ്പും നടത്തി. സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തി.

**2. സെന്റ് ആന്റണീസ് യു പി സ്കൂൾ കോട്ടത്തറ**

പരിസ്ഥിതി ദിനത്തിൽ മാലിന്യമുക്തമായ പ്രകൃതി എന്നതിനെ അടിസ്ഥാനമാക്കി പ്രവർത്തനങ്ങൾ നടത്തി. ഉദയ വായനശാലയുമായി ചേർന്ന് വായനദിനം ആകർഷകമാക്കി. യോഗാദിനത്തോടനുബന്ധിച്ചു യോഗ പരിശീലനം ആരംഭിക്കുകയും തിങ്കൾ വ്യാഴം ദിവസങ്ങളിൽ അസംബ്ലിയോട് അനുബന്ധിച്ചു പരിശീലനം നൽകി വരുകയും ചെയ്യുന്നു. ലഹരിവിരുദ്ധ സന്ദേശവുമായി കുട്ടികൾ കോളനികൾ സന്ദർശിക്കുകയും ലഹ

തിവിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു. ഹെൽത്ത്ഡിപ്പാർട്ട് മെന്റിന്റെ സഹായത്തോടെ കൗമാരപ്രായത്തിലേക്ക് കടക്കുന്ന പെൺകുട്ടികൾക്ക് ക്ലാസ്സുകൾ നൽകി.

**3. സെന്റ് ജോർജ് എൽ പി സ്കൂൾ അമ്പായത്തോട്**

സ്കൂൾ പ്രവേശനോത്സവം സമുചിതമായി ആഘോഷിച്ചു. പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നടീൽ, പോസ്റ്റർ രചനാമത്സരം വീഡിയോ പ്രദർശനം പച്ചക്കിത്തോട്ടനിർമ്മാണം എന്നിവ നടത്തി. വായനാദിനാചരണത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. പി ടി എ ജനറൽബോഡി ചേർന്ന് പുതിയ എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുത്തു. ലഹരിവിരുദ്ധ ദിനത്തിൽ ലഹരിവിരുദ്ധ പോസ്റ്റർ പ്രദർശനവും ലഹരിവിരുദ്ധ പ്രതിജ്ഞയെടുക്കലും നടത്തി.

**4. നിർമ്മല ഹൈസ്കൂൾ കബനിഗിരി**

പ്രവേശനോത്സവ ദിനത്തിൽ വിദ്യാർത്ഥികൾക്ക് നന്മ ഡയറി വിതരണം ചെയ്തുകൊണ്ട് കുട്ടികളിലെ നന്മകളെ പരിപോഷിപ്പിക്കുന്ന പ്രത്യേക പദ്ധതി ആരംഭിച്ചു. പരിസ്ഥിതി ദിനത്തിൽ വിദ്യാർത്ഥികളും അധ്യാപക അനധ്യാപകരും കബനി തീരത്തുള്ള കൊളവള്ളി വയലേലകളിലേക്ക് നടത്തിയ വയലറിവ് യാത്ര ഏറെ ശ്രദ്ധേയമായി. പരിപാടിയുടെ ഭാഗമായി നെൽകർഷകനെ ആദരിച്ചു. കോവിഡ് കാലം വരുത്തിയ പഠനവിടവ് നികത്താനായി ഭാഷാവിഷയങ്ങളിൽ പ്രത്യേക പരിശീലനം ആരംഭിച്ചു. കായികമേഖലയിൽ വ്യത്യസ്തമായ പരിശീലന പദ്ധതികൾക്ക് തുടക്കമായി. സൈക്ലിങ്ങിലേക്ക് കുട്ടികളെ ആകർഷിക്കാനായി ലോക സൈക്കിൾ ദിനം ആചരിക്കുകയും സൈക്കിൾ യാത്രികരായ കുട്ടികളെ ആദരിക്കുകയും ചെയ്തു. ബാസ്ക്കറ്റ് ബോൾ ടീമിന്റെ പുതിയ ജേഴ്സി പ്രസിദ്ധ ഫുട്ബോൾ താരം ഐ. എം വിജയൻ പ്രകാശനം ചെയ്തു. SSLC പരീക്ഷയിൽ തുടർച്ചയായ മൂന്നാം വർഷവും നൂറ്മേനി വിജയം നേടാനായി. 10 കുട്ടികൾ എല്ലാ വിഷയത്തിനും ഫുൾ A+ നേടി. ഏറ്റവും കൂടുതൽ ഗോത്ര വർഗ്ഗ വിദ്യാർത്ഥികൾ സമ്പൂർണ വിജയം നേടിയതിന്റെ ആഘോഷം ഗോത്രതാളം വിജയതാളം എന്ന പേരിൽ കോളനികളിൽ നടത്തി. വായനാദിനത്തിൽ വായന വീട് പരിപാടിയുടെ വായനമാസാചരണം ആരംഭിച്ചു. എഴുത്തിന്റെ സുവർണപഥം പദ്ധതി ആരംഭിച്ചു. ഒരു ദിനം ഒരുചോദ്യം എന്ന വിജ്ഞാന കൗതുക പരിപാടിയൊരുക്കി. ലഹരിവിരുദ്ധ വാരാചരണം വീടുകളിലെ ലഹരി

വിരുദ്ധ പ്രതിജ്ഞയോടെ ആരംഭിച്ചു. സ്റ്റാറ്റസ് ചലഞ്ച്, പ്രഭാഷണം, ലാഹരിക്കെതിരെ എന്റെ വിരൽ മുദ്ര ഞങ്ങളിലൂടെ ആയിരങ്ങളിലേക്ക് സന്ദേശ പത്രികപ്രചാരണം എന്നിങ്ങനെ വ്യത്യസ്തങ്ങളോയ നിരവധി പ്രവർത്തനങ്ങൾ നടത്തി.

**5. അസംപ്ഷൻ എ യു പി സ്കൂൾ ബത്തേരി**

വായനാദിനം വ്യത്യസ്തങ്ങളായ പരിപാടികളോടെ സമുചിതമായി ആചരിച്ചു. വിദ്യാരംഗം കലാസാഹിത്യവേദിയുടെയും വിവിധ ക്ലബ്ബ് പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം നടന്നു. അന്താരാഷ്ട്ര സംഗീതദിനത്തോടനുബന്ധിച്ചു അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി സംഗീത പരിപാടികൾ സംഘടിപ്പിച്ചു. സംഗീത പ്രതിഭകളെ കണ്ടെത്താനായി ഒന്നായ്പാടാം സംഗീത ആലാപന മത്സരവും അധ്യാപകർക്കായി കവിതാരചന മത്സരവും നടത്തി. മലയാള മനോരമ നല്ല പാഠം വിദ്യാർത്ഥികൾക്കായി നടത്തിയ ആസ്വാദനക്കുറിപ്പ് മത്സരത്തിൽ പ്രോത്സാഹന സമ്മാനം നേടി. ലഹരി വിരുദ്ധ വാരാചരണത്തിൽ ലഹരി വിരുദ്ധദിന സന്ദേശം, പ്രസംഗം. റാലി, ഫ്ളാഷ് മോബ് എന്നിവ സംഘടിപ്പിച്ചു.

**6. സെന്റ് മേരീസ് യു പി സ്കൂൾ കബനിഗിരി**

2022- 23 അധ്യയനവർഷത്തെ പ്രവേശനോത്സവം ലളിതവും വർണാഭവുമായ ചടങ്ങുകളോടെ ആഘോഷിച്ചു. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകിക്കൊണ്ട് നല്ലപാഠം യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. പരിസ്ഥിതിദിനത്തിൽ സ്കൂളിൽ വൃക്ഷത്തൈ നടുകയും വിദ്യാർത്ഥികൾക്ക് ബോധവത്കരണ ക്ലാസ് നൽകുകയും ചെയ്തു. ഉച്ചഭക്ഷണത്തിന് ആവശ്യമായ വിഷരഹിതപച്ചക്കറികൾ ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാലയത്തിൽ പച്ചക്കറി കൃഷി ആരംഭിച്ചു. തികച്ചും ജനാധിപത്യ രീതിയിൽ സ്കൂൾ തെരഞ്ഞെടുപ്പ് നടത്തി. വയോജന ചൂഷണ വിരുദ്ധ ദിനത്തിൽ പ്രത്യേക അസംബ്ലി സംഘടിപ്പിച്ചു. പി ടി എ ജനറൽബോഡി ചേർന്ന് പുതിയ സാരഥികളെ കണ്ടെത്തി. വിദ്യാർത്ഥികൾക്ക് പുസ്തക വിതരണം നടത്തിക്കൊണ്ട് വായനാദിനാഘോഷത്തിനു തുടക്കം കുറിച്ചു. ലഹരിവിമുക്തദിനത്തോടനുബന്ധിച്ചു വിദ്യാർത്ഥികളെ അണിനിരത്തി റാലി സംഘടിപ്പിക്കുകയും പ്രതിജ്ഞചൊല്ലുകയും ലഹരി വിരുദ്ധദിന സന്ദേശം നൽകുകയും ചെയ്തു. ഡോക്ടേഴ്സ് ദിനം, വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം, ലോകജനസംഖ്യ ദിനം,

മലാല ദിനം എന്നിവ വ്യത്യസ്തങ്ങളായ പരിപാടികളാൽ സമുചിതമായി നടത്തി .

**7. സെന്റ് കാതറൈൻസ് ഹയർ സെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

2021–22 അധ്യയനവർഷത്തെ ഹയർസെക്കണ്ടറി പരീക്ഷയിൽ വിദ്യാലയം അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. 17 വിദ്യാർത്ഥികൾ ഫുൾ A+ നേട്ടത്തിനും 7 കുട്ടികൾ അഞ്ച് A+ നേട്ടത്തിനും അർഹരായി. രണ്ടാം വർഷ ഹയർ സെക്കണ്ടറി ക്ലാസ്സുകൾക്ക് മുന്നോടിയായി ക്ലാസ് പി ടി എ വിളിച്ചു ചേർത്തു. പത്താം ക്ലാസ് വിജയികൾക്ക് സ്കൂൾ കരിയർ ഗൈഡൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ക്ലാസ് സംഘടിപ്പിച്ചു.

**8. സെന്റ് തോമസ് എൽ പി സ്കൂൾ അരിഞ്ചേർമല**

2022 ജൂൺ 19 ന് പി എൻ പണിക്കരുടെ സ്മരണയുണർത്തിക്കൊണ്ട് വായനമാസാചരണത്തിനു തുടക്കമായി. ഓൺലൈനായും ഓഫ് ലൈനായും വിദ്യാർത്ഥികളെ വായനയുടെ ലോകത്തേക്ക് നയിക്കുന്ന വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലോകരക്തദാന ദിനാചരണത്തിന്റെ ഭാഗമായി വിദ്യാലയങ്കണത്തിൽ രക്തഗ്രൂപ്പ് നിർണയവും രക്തദാന ക്യാമ്പും സംഘടിപ്പിച്ചു. വായന എഴുത്ത് പരിപോഷണപരിപാടിയായ അക്ഷരത്തേരിനു തുടക്കമായി. വിദ്യാർത്ഥികളിൽ നിന്നും സ്കൂൾ ലീഡറെ തെരഞ്ഞെടുക്കുവാനായി ELECT-2022 തികച്ചും ജനാധിപത്യപരമായി നടത്തപ്പെട്ടു. വിദ്യാലയത്തിലെ പ്രഥമ രക്ഷാകർത്തൃയോഗവും പി ടി എ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും രക്ഷിതാക്കൾക്കായി ബോധവത്കരണ ക്ലാസും നടന്നു. ലോകലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ചു ഒരാഴ്ചക്കാലം ലഹരിവിരുദ്ധവാരമായി ആചരിച്ചു. ലഹരിക്കെതിരെ വിദ്യാർത്ഥികൾ 'അരുതേ ലഹരി' എന്ന രീതിയിൽ കൈകോർത്ത് മാതൃക തീർക്കുകയും ലഹരിവിരുദ്ധ സന്ദേശറാലി, പോസ്റ്റർ നിർമാണം, വ്യാപാരികൾക്ക് ലഹരി വിരുദ്ധ സന്ദേശം കൈമാറൽ എന്നിങ്ങനെ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടത്തുകയും വാരാചരണ സമാപനദിവസം അധ്യാപകരും വിദ്യാർത്ഥികളും ഒത്തുചേർന്ന് തെരുവ് നാടകം അവതരിപ്പിക്കുകയും ചെയ്തു. ദിനാചരണങ്ങൾ, ജന്മദിന ആഘോഷങ്ങൾ, മറ്റ് വിശേഷ ദിനങ്ങൾ എന്നിവയുടെ ഭാഗമായി ആശംസ കാർഡുകൾ തയ്യാറാക്കി അയയ്ക്കാൻ വിദ്യാലയത്തിൽ പോസ്റ്റ് ബോക്സ് സ്ഥാപിക്കുകയും തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ പോസ്റ്റ് മാസ്റ്ററായും, പോസ്റ്റ് വുമണായും ആശംസകാർഡുകൾ

വിദ്യാർത്ഥികൾക്ക് കൈമാറുകയും ചെയ്യുന്നു. 'സെന്റ് തോമസ് വോയിസ്' എന്ന പേരിൽ സ്കൂൾ കഡിയായ്ക്ക് തുടക്കമായി. എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചസമയത്ത് ഓരോ ക്ലാസ്സിലെ വിദ്യാർത്ഥികൾ കഡിയായിലൂടെ പരിപാടികൾ അവതരിപ്പിച്ചു വരുന്നു.

**9. സെന്റ് സെബാസ്റ്റ്യൻസ് എ യു പി സ്കൂൾ പാടിച്ചിറ**

കേശവദേവിന്റെ 'ഓടയിൽ നിന്ന്' എന്ന പുസ്തകം വിതരണം ചെയ്തുകൊണ്ട് ഒരാഴ്ച നീണ്ടുനിൽക്കുന്ന വായന വാരാഘോഷത്തിന് തുടക്കമായി. കവിതാപാരായണം, കഥാരചനസാഹിത്യ പ്രശ്നോത്തരി, പ്രസംഗം പുസ്തകാസ്വാദനം എന്നീ മത്സരങ്ങൾ നടത്തി. വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം നടത്തി. ഒരാഴ്ചക്കാലം നീണ്ടുനിന്ന ലഹരിവിരുദ്ധ വാരാചരണ പ്രവർത്തനങ്ങളും സ്കൂൾ പ്രവർത്തിപരിചയമേളയും സംഘടിപ്പിച്ചു .

**10. സെന്റ് തോമസ് എ യു പി സ്കൂൾ ഇടിവണ്ണ**

2022-23 അധ്യയനവർഷത്തെ പ്രവേശനോത്സവം കുട്ടികൾക്ക് ഹൃദയസ്പർശിയാകുന്ന രീതിയിൽ ആഘോഷിച്ചു. അഞ്ചാം ക്ലാസ്സിലേക്ക് വന്ന എല്ലാ കുട്ടികൾക്കും പഠന പ്രോത്സാഹനമായി നോട്ടുബുക്ക് പേന എന്നിവ വിതരണം ചെയ്തു. ചാലിയാർ ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ചുകിട്ടിയ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻഡ് ഉപയോഗിച്ച് നിർമ്മിച്ച ശുചിമുറി വിദ്യാർത്ഥികൾക്കായിതുറന്നു കൊടുത്തു. പരിസ്ഥിതിദിനത്തിൽ വിദ്യാലയത്തിൽ വൃക്ഷത്തൈകൾ നട്ടു. വായനാവാരാചരണത്തിൽ വിവിധ മത്സരങ്ങൾ നടത്തി. ലഹരിവിരുദ്ധ വാരാചരണത്തിൽ പോസ്റ്റർ നിർമാണം ബോധവത്കരണ ക്ലാസ് എന്നിവ സംഘടിപ്പിച്ചു.

**11. ദേവമാതാ എൽ പി സ്കൂൾ ആടിക്കൊല്ലി**

ജൂൺ 19 ന് പുസ്തകമരം ഉദ്ഘാടനം ചെയ്തുകൊണ്ട് വായനവാരത്തിന് തുടക്കമായി. വായനശാല സന്ദർശനം നടത്തുകയും അമ്മമാർക്കായി ആസ്വാദനക്കുറിപ്പ് മത്സരം സംഘടിപ്പിക്കുകയും ചെയ്തു. വായനവാരത്തിന്റെ അവസാനം സാഹിത്യരംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീമതി ഗ്രേസി ടീച്ചറുമായി അഭിമുഖം നടത്തി. ലഹരിവിരുദ്ധ ദിനത്തിൽ വീഡിയോ പ്രദർശനം നടത്തി. കുടുംബ ജീവിതത്തിനു ഒരു രസതന്ത്രം എന്ന വിഷയത്തിൽ മാതാപിതാക്കൾക്കായി സെമിനാർ നടത്തി.

**12. സെന്റ് തോമസ് എ യു പി സ്കൂൾ മുള്ളൻകൊല്ലി**

വായനാദിനത്തോടനുബന്ധിച്ചു ക്വിസ് മത്സരം ചുമർ പത്രിക നിർമ്മാണം എന്നിവ നടത്തി. മലയാളമനോരമയുടെ നല്ല പാഠം പദ്ധതിയുടെ ഭാഗമായി നടത്തിയ ആസ്വാദനക്കുറിപ്പ് മത്സരത്തിൽ പ്രോത്സാഹനസമ്മാനം നേടി. ലഹരിവിരുദ്ധ ദിനത്തിൽ വ്യത്യസ്ത ങ്ങളായ മത്സരങ്ങൾ നടത്തി. റാലി നടത്തുകയും ടൗണിൽ ഫ്ളാഷ് മോബ് അവതരിപ്പിക്കുകയും ചെയ്തു. വിദ്യാലയത്തിലെ നിർധന വിദ്യാർത്ഥികളെ സഹായിക്കുക എന്ന ലക്ഷ്യവുമായി 'എന്റെ കട'യ്ക്ക് തുടക്കമായി. പി ടി എ ജനൽബോഡി യോഗം നടത്തി ഭാരവാഹികളെ തെരഞ്ഞെടുത്തു.

**13. നിർമ്മല എൽ പി സ്കൂൾ ആലാറ്റിൽ**

സ്കൂൾ പരിസരത്ത് തണൽ മരങ്ങൾ ഒരുക്കുന്നതിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കബ്ബ് ബുൾബുൾ നല്ല പാഠം എന്നിവയുടെ നേതൃത്വത്തിൽ നിർധനരായ വിദ്യാർത്ഥികളെ സഹായിക്കുവാനായി വസ്ത്ര ശേഖരണം നടത്തി, 'നാളെ തല കുനിക്കാതെ ഇരിക്കണമെങ്കിൽ ഇന്ന് തല കുനിക്കാം പുസ്ത കങ്ങൾക്ക് മുൻപിൽ' എന്ന മുദ്രാവാക്യത്തോടെ വായനാദിന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി അക്ഷരവെളിച്ചം പദ്ധതി ആരംഭിച്ചു.

**14. അമ്പായത്തോട് യു പി സ്കൂൾ**

വായനമാസാചരണത്തിന്റെ ഭാഗമായി അമ്പായത്തോട് ടാഗോർ ലൈബ്രറിയുടെ സഹകരണത്തോടെ വായനോത്സവം 2022 എന്ന പരിപാടി സമുചിതമായി ആഘോഷിച്ചു. വിദ്യാർത്ഥി കൾക്കായി പ്രാദേശിക ഗ്രന്ഥശാല സന്ദർശനം, പ്രസംഗം, ക്വിസ് മത്സരം, പുസ്തകപരിചയം എന്നീ പരിപാടികൾ നടത്തി. പി. ടി . എ ജനറൽബോഡി യോഗം ചേർന്ന് ഭാരവാഹികളെ തെരഞ്ഞെ ടുത്തു. സ്കൂൾ വായനക്കളരി ഉദ്ഘാടനം ചെയ്തു. സ്കൂൾ ലീഡർ വിദ്യാരംഗം സെക്രട്ടി എന്നീ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ് നടത്തി വിദ്യാർത്ഥി പ്രതിനിധികളെ കണ്ടെത്തി.

**15. എ എൽ പി സ്കൂൾ കണിയാരം**

വൈവിധ്യമാർന്ന പ്രവർത്തനങ്ങളോടെ വായനമാസാചരണ ത്തിനു തുടക്കമായി. പുസ്തക പ്രദർശനം, പോസ്റ്റർ രചന,ക്വിസ്സ് മത്സരം ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ വായനശാല സന്ദർ ശനം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടന്നു. ലഹരിവിരു ദ്ധവാരാചരണം കൊളാഷ് നിർമ്മാണം ബോധവത്കരണ റാലി,

രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ് എന്നിങ്ങനെ വ്യത്യസ്ത പ്രവർത്തനങ്ങളോടെ സമുചിതമായി ആചരിച്ചു. ബഷീർ അനുസ്മരണ ദിനത്തിൽ വിദ്യാരംഗം കലാസാഹിത്യവേദിയുടെയും മറ്റ് ക്ലബുകളുടെയും ഉദ്ഘോടനം നടന്നു. വിദ്യാലയത്തിലെ പുതിയ പാചകപ്പുരയുടെ ഉദ്ഘാടനകർമം നിർവഹിച്ചു.

**16. സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

SSLC പരീക്ഷയിൽ വിദ്യാലയം 100 ശതമാനം വിജയം നേടി. 12 കുട്ടികൾ ഫുൾ A+ 12 കുട്ടികൾ ഒൻപത് A പ്ലസും നേടി. വായനാദിനം വ്യത്യസ്ത പരിപാടികളാടുകൂടി ആചരിച്ചു. വിവിധ തലങ്ങളിൽ അഭിമാനകരമായ വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കുകയും വിവിധ ക്ലബ്ബ്കളുടെ ഉദ്ഘാടനവും നടത്തി. ലഹരി വിരുദ്ധ വാരാഘോഷവുമായി ബന്ധപ്പെട്ട് ബോധവത്കരണക്ലാസ്, ലഘുലേഖ വിതരണം, ഫ്ളാഷ് മോബ് തുടങ്ങിയവ നടത്തി. വിദ്യാലയത്തിൽ തൈക്കോണ്ട, അബോക്കസ് പരിശീലനം ആരംഭിച്ചു.

**17. സെന്റ് സെബാസ്റ്റ്യൻസ് എൽ പി സ്കൂൾ ഏലപ്പീടിക**

പ്രവേശനോത്സവ ദിനത്തിൽ ഒന്നാം ക്ലാസിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നട്ടു. വായനാദിനാഘോഷം സംഘടിപ്പിച്ചു.

**18. സെന്റ് ആന്റണീസ് യു പി സ്കൂൾ പഴൂർ**

'വായിച്ചു വളരാം' എന്ന സന്ദേശം കുട്ടികളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ മത്സരങ്ങൾ വായനാദിനത്തിൽ സംഘടിപ്പിച്ചു. ബാലസാഹിത്യകൃതികളും ബാലസാഹിത്യകാരന്മാരെയും പരിചയപ്പെടുത്തി. വിദ്യാരംഗം കലാസാഹിത്യവേദിയുടെയും വിവിധ ക്ലബ്ബ്കളുടെയും ഉദ്ഘാടനം നടത്തി. കുട്ടികളുടെ കലാസൃഷ്ടികൾ സമന്വയിപ്പിച്ചുകൊണ്ട് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ പ്രകാശനം ചെയ്തു. ബഷീർ അനുസ്മരണ ദിനത്തിൽ മലയാളം ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രത്യേക അസംബ്ലി നടത്തി. സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തി. ലഹരി വിരുദ്ധ വാരാചരണത്തിൽ പോസ്റ്റർ നിർമാണം മുദ്രാവാക്യരചന ഉപന്യാസ രചന എന്നീ മത്സരങ്ങൾ നടത്തുകയും സമാപന ദിവസം വിദ്യാർത്ഥികൾ നൃത്തശില്പവും അവതരിപ്പിച്ചു.

**19. ഐ ജെ എം ഹൈസ്കൂൾ കൊട്ടിയൂർ**

പരിസ്ഥിതി ദിനത്തിൽ വിദ്യർത്ഥികൾക്കായി പോസ്റ്റർ രചന മത്സരം, ക്വിസ്സ് മത്സരം തെരുവ്നാടകം എന്നിവ സംഘടിപ്പിച്ചു. ലഹരിവിമുക്ത കേരളം സുന്ദര കേരളം എന്ന ആശയത്തെ ഉയർത്തിപ്പിടിച്ചു കൊണ്ട് ലഹരി വിമുക്ത സന്ദേശ റാലി നടത്തി.

**വായനമാസാചരണം**

വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ സ്കൂളിൽ സംഘടിപ്പിച്ചു വരുന്നു. SSLC പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചവരെയും ആദരിക്കലും എൻഡോവ്മെന്റ് വിതരണം നടത്തുകയും ചെയ്തു. ബഷീർ ദിനാചരണവും വിവിധ ക്ലബ്ബ്കളുടെ പ്രവർത്തന ഉദ്ഘാടനവും നടന്നു. എക്സലൻസി പ്രോഗ്രാമിന്റെ ഭാഗമായുള്ള പരിശീലനങ്ങൾ ആരംഭിച്ചു. പുതിയ വിദ്യാലയ വർഷത്തിൽ വ്യത്യസ്തങ്ങളായ നിരവധി തനത് പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തിന്റെയും വിദ്യാർത്ഥികളുടെയും യശസ്സുയർത്താനായി പ്രവർത്തിക്കുന്ന ഏവരേയും അഭിനന്ദിക്കുന്നു. വിദ്യാർത്ഥികളിൽ അവബോധമുണർത്തുവാനും സമൂഹത്തിന് നന്മയുടെ സന്ദേശം പകരുവാനും വിദ്യാലയപ്രവർത്തനങ്ങളിലൂടെ സാധ്യമാകട്ടെയെന്ന് ആശംസിക്കുന്നു.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



***August 2022***

*1 Mon -6 Sat..................... Ernakulam:  KCBC*

*10 Wed… .........................Presbyteral Council: Bishop's House*

*13 Sat… … ..........................WSSS AGM*

*14 Sun- 27 Sat...................Kakkanad: Mount St Thomas- Synod*

*29 Mon… … .......................Baptism: Panamaram*

*30 Tue -31 Wed..................Kannur: North Kerala Bishops' Meet*